# നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട്




കേരളം
പത്തനംതിട്ട
നാറാണംമൂഴി
പഞ്ചായത്ത്

30-8

# അധികാരം ജനങ്ങളിലേക്ക്

## 9-ാം പദ്ധതി ജനകീയപദ്ധതി

# നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

സെമിനാർ

ഗവ. എൽ.പി.സ്കൂൾ, നാറാണംമൂഴി

25. 1. 1997 ശനി

# നാറാണംമൂഴി ഗ്രാമപഞ്ചായത്ത്





‘‘ബ്രിട്ടിഷുകാരുടെ നുകത്തിൻകീഴിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപികമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും.’’

ഗാന്ധിജി



പത്തനംതിട്ട ജില്ല

# പഞ്ചായത്തു ഭരണസമിതി



മോഹൻരാജ് ജേക്കബ്
വാർഡ് 1



ഗ്രേസി തോമസ്
വൈസ് പ്രസിഡൻറ്
വാർഡ് 2



റോസമ്മ സദാനന്ദൻ
വാർഡ് 3

ജോസഫ് തോമസ്
വാർഡ് 4



കുട്ടപ്പൻ കേശവൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
വാർഡ് 5



കെ.എസ്. ജോർജ്
വാർഡ് 6



സൂസൻ തോമസ്
വാർഡ് 7



അമ്മിണി മാധവൻ
വാർഡ് 8



ലീലാമ്മ തോമസ്
വാർഡ് 9

# മുൻ പ്രസിഡൻറുമാർ



കെ.റ്റി. ജോർജ്



മോഹൻരാജ് ജേക്കബ്



ഗ്രേസി തോമസ്

---



പി.ജി. ചാക്കോ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# സെക്രട്ടറി, ജീവനക്കാർ



കെ.പി. ജോർജ്
സെക്രട്ടറി

1. ശ്രീ. കെ.പി. ജോർജ്, സെക്രട്ടറി
2. കെജി. ശശിധരൻ നായർ, ഹെഡ് ക്ലാർക്ക്
3. കെ.കെ. മത്തായി, യു.ഡി. ക്ലാർക്ക്
4. പി.എസ്. ഐസക്ക്, എൽ.ഡി. ക്ലാർക്ക്
5. ടി.എം. ഉണ്ണി, എൽ.ഡി. ക്ലാർക്ക്
6. ജി. ശശിധരൻ, ജെ.ബി.സി.
7. കെ. ശാന്ത , പി.ടി.എസ്.

# എഡിറ്റോറിയൽ ബോർഡ്


1. ശ്രീമതി ഗ്രേസി തോമസ്
2. ശ്രീ മോഹൻരാജ് ജേക്കബ്
3. ശ്രീ. കെ.കെ. ഗോപി
4. ശ്രീ. കെ.എസ്. കമലാസനൻ
5. ശ്രീ. സി.എസ്. അജി
6. ശ്രീമതി സി.ജെ. ലീലാമ്മ
7. ശ്രീ. എം. ജി. രാജപ്പൻ നായർ

ജനറൽ കൺവീനർ: ശ്രീ. കെ.കെ. ഗോപി


## റിസോഴ്സ് ഗ്രൂപ്പ്


ശ്രീ. പി.കെ. സോമൻ പിള്ള (സംസ്ഥാന റിസോഴ്സ് പേഴ്സൺ)

ശ്രീ. പി.ജി. ചാക്കോ (ബ്ലോക്ക്, പഞ്ചായത്ത് മെമ്പർ)

ശ്രീ. കെ.കെ. ഗോപി (ഡി.ആർ.പി.)

ശ്രീ. വി.ആർ. പ്രഭാകര പണിക്കർ (ഡി.ആർ.പി.)

ശ്രീ. കെ.കെ. എബ്രഹാം (ഡി.ആർ.പി.)



Printed at Learners' Offset Press, CMS College Road, Kottayam ✆ 567438

# വികസന റിപ്പോർട്ടിനു പിന്നിൽ പ്രവർത്തിച്ചവർ

1. തോമസ് വർഗ്ഗീസ്
2. ഇ.എൻ. ശ്രീധരൻ
3. കെ.കെ. ശശി
4. ടി.ടി. ബിജുമോൻ
5. ഇ.എം. പ്രേംകുമാർ
6. എൻ.ജി. തോമസ്കുട്ടി
7. ജ്യോതി ശ്രീനിവാസ്
8. ടി.ടി. കുര്യൻ
9. ഇ.വി. പീതാംബരൻ
10. ഒ.എസ്. ജോയി
11. കെ.എ. ദാനിയേൽ
12. കെ.സി. ചാക്കോ
13. വി.കെ. കുഞ്ഞുകുഞ്ഞ്
14. കെ.കെ. ദിവാകരൻ
15. കെ.പി. ശശിധരൻ
16. രാമൻകുട്ടി
17. കെ.എസ്. രാജൻ കുട്ടി
18. പി.ജെ. എബ്രഹാം
19. വി.കെ. പ്രഭാകരൻ
20. കെ.വി. ജോൺ
21. പുഷ്പാംഗദൻ സി.ജി.
22. കെ.ജി. റോയി
23. കെ.എം. മാത്യു
24. ജോർജ് ജോസഫ്
25. എ.വി. ചെറിയാൻ
26. ടി.കെ. രാജൻ
27. കെ.പി. സോമൻ
28. കെ.എം. തോമസ്
29. പി.എൻ. രവീന്ദ്രൻ
30. വി.ജി. റെജി
31. പി.ജി. കൃഷ്ണൻ
32. ശ്രീമതി. കെ.പി. പൊന്നമ്മ
33. വി. രാഹുലൻ
34. കെ. പി. സോമൻ
35. പി.ജെ.തോമസ്
36. എ.വി. തോമസ്
37. ഒ.പി. സോമശേഖരൻ
38. സുരേന്ദ്രൻ മാസ്റ്റർ
39. വി.എസ്. രാമചന്ദ്രൻ
40. സി.എൻ. ഗോപാലകൃഷ്ണപിള്ള (വി.ഒ.)
41. ശ്രീമതി. റീബാ തോമസ് (കൃഷി ഓഫീസർ)
42. ഡോ. തോമസ് ജേക്കബ് (ഗവ. ആയുർവേദ ആശുപത്രി, കുടമുരുട്ടി)
43. പാട്രിക് എം. കല്ലട (വി.ഇ.ഒ.)
44. ഡോ. എബി എബ്രഹാം (വെറ്ററിനറി സർജൻ)
45. പി.എൻ. വിദ്യാധരൻ

# പഠന പര്യടന സംഘം

## ഗ്രൂപ്പ് എ

ശിവരാമൻ നായർ (കൺവീനർ)
തമ്പി പി.എം.
രാജൻ പി.ബി.
കുഞ്ഞച്ചൻ പി.കെ.
പൊന്നമ്മ എ.ടി.
തങ്കമ്മ പി.കെ.
പ്രഭാകരപ്പണിക്കർ (ഡി.ആർ.പി.)
ജോയ്സ് കെ.

## ഗ്രൂപ്പ് ബി

കുട്ടപ്പൻ കേശവൻ (കൺവീനർ)
ഭാസ്കരൻ പിള്ള
പുഷ്പൻ പി.ആർ.
സാറാമ്മ സെബാസ്റ്റ്യൻ
പി.ടി. ഫിലിപ്പ്
കരുണാകരൻ പി.ആർ.
പുരുഷോത്തമൻ
തോമസ് വർഗ്ഗീസ്
കെ.കെ. ഗോപി (ഡി.ആർ.പി)
മോഹൻരാജ് ജേക്കബ്
ലീലാമ്മ തോമസ്
സൂസൻ തോമസ്

# ആശംസ

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നാറാണംമൂഴി പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന വികസനരേഖയ്ക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. ഈ വികസന രേഖ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഒരു മുതൽകൂട്ടായിതീരുമെന്നതിൽ സംശയമില്ല. എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്.

നിങ്ങളുടെ

14-01-97<br>
റാന്നി

രാജുഏബ്രഹാം M. L. A.<br>
റാന്നി

# താളുകൾ മറിക്കുമ്പോൾ

1. ആമുഖം
2. പഞ്ചായത്ത്: പൊതുവിവരണം
3. സാമൂഹിക ചരിത്രം
4. ഭൂപ്രകൃതി, കാലാവസ്ഥ, ജലവിഭവം, ജനപ്രകൃതി
5. സാമൂഹിക സാമ്പത്തിക മേഖലകൾ

5.1 കൃഷിയും ജലസേചനവും
5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5.3 വ്യവസായം
5.4 വിദ്യാഭ്യാസം
5.5 കുടിവെള്ളവും പൊതുജനാരോഗ്യവും
5.6 ഗതാഗതം, ഊർജം, മാർക്കറ്റ്
5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5.8 സംസ്കാരം
5.9 വനിത
5.10 സഹകരണം
5.11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
5.12 വിഭവ സമാഹരണം
5.13 ടൂറിസം

6. ഉപസംഹാരം

# ആമുഖം

ഇന്ത്യൻ ജനതസ്വാതന്ത്ര്യത്തിൻെറ അൻപതാം വർഷത്തിൽ എത്തിനില്ക്കുന്നു. പിന്നിട്ട അരനൂറ്റാണ്ടിനകം, നാനാ മുഖമായ വികസനം ലക്ഷ്യമാക്കി ഏഴ് പഞ്ചവത്സര പദ്ധതികൾ പൂർത്തിയാക്കി. എട്ടാം പദ്ധതി 1997 മാർച്ച് 31-ന് അവസാനിക്കുന്നു. സോവിയറ്റ്യൂണിയനിൽ നടപ്പാക്കിക്കൊണ്ടിരുന്ന പഞ്ചവത്സരപദ്ധതികളുടെ വിജയത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് നമ്മുടെ രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റു ഇവിടെയും അത്തരം ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിച്ചു. പക്ഷേ രാഷ്ട്രപിതാവായ മഹാത്മജിയുടെ ''ഗ്രാമസ്വരാജ്'' എന്ന സ്വപ്നം ഇന്നും ഏറെ അകലെയാണ്. ആസൂത്രണത്തിൽ വന്ന വൈകല്യമാണ് ഇതിൻെറ പ്രധാനകാരണം എന്നസത്യം വളരെ വൈകിയാണെങ്കിലും ജനങ്ങൾ മനസ്സിലാക്കി. പദ്ധതികൾ നടപ്പാക്കുന്നതിൽ ജനപങ്കാളിത്തം ഇല്ലാതെപോയി. മുകളിൽ നിന്ന് താഴോട്ടുള്ള പദ്ധതിയാസൂത്രണവും നടത്തിപ്പും അധികാരവികേന്ദ്രീകരണത്തിനു പകരം അധികാരകേന്ദ്രീകരണത്തിന് കളമൊരുക്കി. ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ ഇന്ത്യയ്ക്ക് പുരോഗതിഉണ്ടാകുകയുള്ളൂ എന്നും ഭരണം വികേന്ദ്രാകൃതമാകുമ്പോൾ മാത്രമേ ട?ാർത്ഥ ജനാധിപത്യം അനുഭവവേദ്യമാകുകയുള്ളൂ എന്നും ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. 1997 ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന ഒൻപതാം പദ്ധതി ജനകീയ പദ്ധതി ആക്കി നടപ്പാക്കാനുള്ള തീരുമാനം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതിൻെറ പ്രസക്തി ഇവിടെയാണ്.

ജാതി, മത, കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായിപദ്ധതിയാസൂത്രണത്തിലും നടത്തിപ്പിലും മുഴുവൻ ജനങ്ങൾക്കും തുല്യപങ്കാളിത്തം ഉറപ്പു വരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയും, കഴിയണം. ദാനമായിലഭിക്കുന്ന അധികാരം അധികാരമേഅല്ല. നിയമത്തിൻെറ പിൻബലത്തോടുകൂടി, 'അധികാരം ജനങ്ങളിലേക്ക്' എന്ന സ്പനം സാക്ഷൽക്കരിക്കപ്പെരിക്കുകയാണ്. ജനപ്രതിനിധികളുടെയും ജനങ്ങളുടേയും നിസ്വാർത്ഥമായ സേവനവും സഹകരണവും കൊണ്ട് മാത്രമേ സമഗ്ര വികസനം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു. കേരളസംസ്ഥാനവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും, ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തീകരവുമായിരിക്കുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാകൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

അധികാരത്തോടൊപ്പം സമ്പത്തും (പദ്ധതി വിഹിതത്തിൻെറ 40%) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം പ്രബലമായി വരികയാണ് സംസ്ഥാന സർക്കാരിൻെറ 60%-ൽ പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ വിഹിതം, ബാഹ്യവികസന ഏജൻസി, സന്നദ്ധസംഘടനകൾ മുതലായവയിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, സർവ്വോപരി ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. വികസനത്തിന് ചെലവിട്ട തുകകൾ ഭീമമായിരുന്നെങ്കിലും യഥാർത്ഥഗുണഭോക്താവിനു അതിൻെറ 15 % മാത്രമേ പ്രയോജനപ്പെട്ടുള്ളു എന്ന വസ്തുത ആരേയും അമ്പരിപ്പിക്കുന്നതാണ്. ഈ ദുഃസ്ഥിതി മാറുവാൻ ജനകീയാസൂത്രണമല്ലാതെ മറ്റ് മാർഗ്ഗമില്ല.

ജനകീയാസൂത്രണത്തിൻെറ മുന്നോടിയായി എല്ലാ പഞ്ചായത്തംഗങ്ങളും, തെരഞ്ഞെടുക്കപ്പെട്ട മറ്റ് പ്രതിനിധികളും ജില്ലാതല പരിശീലനങ്ങളിൽ പങ്കെടുക്കുകയുണ്ടായി. തുടർന്ന് എല്ലാവാർഡു

കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായുള്ള പഞ്ചായത്ത്തല പരിശീലന പരിപാടികളും നടന്നു. പിന്നീട് എല്ലാ വാർഡുകളിലും സംഘടിപ്പിച്ച വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങൾ അത്യാവശ്യപൂർവ്വം പങ്കെടുത്തു. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രത്യേക ഗ്രൂപ്പുകൾ ചർച്ചകൾ നടത്തി. ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും സാധ്യതകളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് പഞ്ചായത്ത് സമിതിയുടെ നേതൃത്തിൽ ക്രോഡീകരിച്ചു. ഈ പഞ്ചായത്തിൽ പെട്ട വിവിധ സ്ഥാപനങ്ങളുടെ മേധാവികൾ, വാർഡുകളിലെ ഗ്രൂപ്പുകൺവീനർമാർ, സംസ്ഥാന ജില്ലാ തല പരിശീലകർ പഞ്ചായത്ത് സമിതിയംഗങ്ങൾ മറ്റ് പ്രമുഖവ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ദ്വിതീയ വിവര ശേഖരണത്തിന്റെ ഭൂപ്രകൃതി, ജനപ്രകൃതി ജല വിഭവങ്ങൾ, മൺതരങ്ങൾ, വിളകൾ , തുടങ്ങിയവയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ പഠനത്തിന്, പഞ്ചായത്തംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ്, വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള വ്യക്തികൾ എന്നിവർ ഉൾപ്പെട്ട ഗ്രൂപ്പുകൾ തലങ്ങളും വിലങ്ങും പര്യടനം നടത്തുകയുണ്ടായി.

വികസനപ്രവർത്തനങ്ങളിൽ സർവ്വാത്മനാസഹകരിക്കാനും അവ ഏറ്റെടുക്കാനും കഴിവും സന്നദ്ധതയുള്ള വ്യക്തികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. അതുകൊണ്ടുതന്നെ ഒൻപതാംപദ്ധതി മുതൽ നടപ്പാക്കാവുന്ന വികസന പരിപാടികൾ പൂർവ്വാധികം വിജയപ്രദമായിരിക്കുമെന്ന് പ്രത്യാശിക്കാം. ജനകീയാസൂത്രണവും നിർവ്വഹണവും, യാഥാർത്ഥ്യമാക്കിതീർക്കുവാൻ ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെവെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടുകൂടി നാറാണം മൂഴി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ, ഒരു ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള യജ്ഞത്തിൽപങ്കാളികളാകാൻ നമുക്ക് ദൃഢ പ്രതിജ്ഞയെടുക്കാം.

# 2.
# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | അത്തിക്കയം, റാന്നി-പഴവങ്ങാടി, കൊല്ലമുള |
| ബ്ലോക്ക് പഞ്ചായത്ത് | : | റാന്നി |
| താലൂക്ക് | : | റാന്നി |
| അസംബ്ലി മണ്ഡലം | : | റാന്നി |
| പാർലമെന്റ് മണ്ഡലം | : | ഇടുക്കി |
| ജില്ല | : | പത്തനംതിട്ട |
| വിസ്തീർണ്ണം | : | 33.61 ച. കി. മീ. |
| അതിരുകൾ | : | വടക്ക് - വെച്ചൂച്ചിറപഞ്ചായത്ത് |
| | | കിഴക്ക്, തെക്ക് - പെരുനാട് പഞ്ചായത്ത് |
| | | പടിഞ്ഞാറ് - റാന്നി-പഴവങ്ങാടി പഞ്ചായത്ത് |
| ജനസംഖ്യ | : | 15988 |
| പുരുഷന്മാർ | : | 7928 |
| സ്ത്രീകൾ | : | 8060 |
| ജനസാന്ദ്രത | : | 476 |
| അക്ഷരാഭ്യാസമുള്ളവർ | | |
| പുരുഷന്മാർ | : | 6639 |
| സ്ത്രീകൾ | : | 6637 |
| വാർഡുകൾ | : | ഒൻപത് |
| കുടുംബങ്ങളുടെ എണ്ണം | : | 3400 |
| ഭൂവിനിയോഗക്രമം | | |
| 1. കൃഷിഭൂമിയുടെ വിസ്തീർണ്ണം | : | 22.703 ച. കി. മീ |
| 2. റബ്ബർ കൃഷി വിസ്തീർണ്ണം | : | 16.372 ച. കി. മീ. |
| 3. മറ്റുവിളകൾ | : | 4.148 ച. കി. മീ. |
| തൊഴിൽ വിഭജനം | | |
| കൃഷിക്കാർ | : | 969 |
| കർഷകതൊഴിലാളികൾ | : | 1582 |
| മൃഗസംരക്ഷണം, വനംതൊഴിലാളികൾ | : | 651 |
| വ്യാപാരി വ്യവസായികൾ | : | 223 |
| മറ്റ് തൊഴിലാളികൾ | : | 864 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | | |
| LP സ്കൂൾ | : | 4 |
| UP സ്കൂൾ | : | 1 |
| ഹൈസ്കൂൾ | : | 3 |
| ആരോഗ്യകേന്ദ്രങ്ങൾ | : | 4 |
| ലൈബ്രറികൾ | : | 3 |
| തപാലാഫീസ് | : | 3 |
| സിനിമാ തീയേറ്റർ | : | 1 |
| ബാങ്കുകൾ | : | 2 |

അവലംബം: സെൻസസ് റിപ്പോർട്ട് 1991, ജില്ലാ പ്ലാനിംഗ് ആഫീസ് പ്രസിദ്ധീകരണം, സംസ്ഥാന ലാൻഡ് യൂസ് ബോർഡ് പ്രസിദ്ധീകരണം.

# 3
# സാമൂഹിക സാംസ്കാരിക ചരിത്രം



ദക്ഷിണഗംഗയായ പമ്പാനദി നാറാണംമൂഴിയെ തഴുകിയൊഴുകുന്നു. നാറാണംമൂഴി വലിയതോട് പമ്പാനദിയുമായി സംഗമിച്ചുണ്ടായ മൂഴിക്കു സമീപം "നാരായണൻ" എന്നുപേരുള്ള ഒരു വ്യക്തിയാണ് അധിവസിച്ചിരുന്നതെന്നും അങ്ങനെ ഈ സ്ഥലത്തിന് നാരായണൻമൂഴിയെന്ന് പേര് ലഭിച്ചതായും പില്ക്കാലത്ത് അല്പം ലോപിച്ച് നാറാണംമൂഴി ആയതായും വിശ്വസിക്കപ്പെടുന്നു. റാന്നി-പഴവങ്ങാടി, റാന്നി-പെരുനാട് എന്നീ പഞ്ചായത്തുകളിലായി സ്ഥിതിചെയ്തിരുന്ന ഈ പ്രദേശത്തിന്റെ വികസനം ത്വരിതപ്പെടുത്തുവാൻ പുതിയ ഒരു പഞ്ചായത്തിന്റെ ആവിർഭാവം അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കിയ ക്രാന്തദർശികൾ പരിശ്രമിക്കുകയും 1983 ൽ നാറാണംമൂഴി പഞ്ചായത്ത് നിലവിൽ വരികയും, ആദ്യപ്രസിഡന്റായി ശ്രീ. കെ. റ്റി. ജോർജ്ജിനെ നിയോഗിക്കുകയും ചെയ്തു. തുടർന്ന് 1988-ൽ ശ്രീ. കുര്യൻ കുര്യാക്കോസ്, ശ്രീമതി ഗ്രേസി തോമസ്, പി. ജി. പ്രഹ്ളാദൻ, ശ്രീമതി. അന്നമ്മ കോശി, ശ്രീ. ഉമ്മൻ മത്തായി, ശ്രീ. കെ എസ്. ജോർജ്ജ്, ശ്രീ മോഹൻരാജ് ജേക്കബ്, ശ്രീ. ചെല്ലപ്പൻ കുഞ്ഞൂഞ്ഞ് എന്നിവർ ഉൾപ്പെടുന്ന തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരികയും ചെയ്തു. ശ്രീ. മോഹൻരാജ് ജേക്കബ് ആദ്യകാല പ്രസിഡന്റും, ശ്രീമതി ഗ്രേസി തോമസ് പില്ക്കാല പ്രസിഡന്റും ആയിരുന്നു.

ആദിവാസികളും ചുരുക്കം ചില കുടുംബങ്ങളും ഒഴിവാക്കിയാൽ ജനവാസം വിരളമായിരുന്ന ഒരു വനപ്രദേശമായിരുന്നു ആ സ്ഥലം. സമീപകാലങ്ങളിലായി കുടിയേറിയ കർഷകരും പദ്ധതിപ്രദേശങ്ങളിൽനിന്നും കുടിയിറക്കി പുനരധിവസിപ്പിക്കപ്പെട്ട ജനങ്ങളും ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ ജനസംഖ്യ. അതിൽ തന്നെ അഞ്ചിലൊന്ന് ഭാഗം ജനങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവരാകയാൽ തീർത്തും ഇതൊരവികസിത പ്രദേശമാണ്. കാടും മലയും വെട്ടിനിരപ്പാക്കി കൃഷിഭൂമികളാക്കിയ കർഷകരുടെയും കർഷകതൊഴിലാളികളുടെയും ഭഗീരഥയത്നമാണ് ഇവിടുത്തെ സമ്പദ്ഘടനയുടെ അടിസ്ഥാനം. അടുത്തകാലത്തുവന്ന ഒന്നുരണ്ട് ചെറുകിട യൂണിറ്റുകളൊഴിച്ചാൽ വ്യവസായസംരംഭങ്ങൾ ഒന്നുംതന്നെയില്ല. റബ്ബർ ടാപ്പിംഗിലാണ് ഭൂരിപാഗം തൊഴിലാളികളും ഏർപ്പെട്ടിരിക്കുന്നത്. ലോഡിംഗ്, മണൽവാരൽ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും കുറവല്ല. സംസ്ഥാനത്തെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഗൾഫ് സ്വാധീനം വളരെ കുറവാണ്. ജീവിതനിലവാരത്തിലെ അന്തരം ഈ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും പ്രകടമാണ്. കർഷക-കർഷകതൊഴിലാളി ബന്ധം താരതമ്യേന ഭേദപ്പെട്ട നിലവാരം പുലർത്തുന്നു. പ്രബലരായ രാഷ്ട്രീയ കക്ഷികളും അവയുടെ ട്രേഡ് യൂണിയനുകളും സജീവമാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംസ്കാരമുള്ള ഒരു ജനത അധിവസിച്ചിരുന്നതിന്റെ സൂചനകൾ ലഭിച്ചിട്ടുണ്ട്. നാറാണംമൂഴി, ചൊള്ളനാവയൽ, കച്ചേരിത്തടം, അടിച്ചിപ്പുഴ, പൊന്നമ്പാറ, തോമ്പിക്കണ്ടം, ഇടമുറി, ശാസ്താംകണ്ടം തുടങ്ങിയ പ്രദേശങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. ഒന്നിലധികം ക്ഷേത്രാവശിഷ്ടങ്ങൾ, ശിലാവിഗ്രഹങ്ങൾ, വീടുകളുടെ അവശിഷ്ടങ്ങൾ, വലുതും ചെറുതമായ കല്ലറകൾ, കല്പലകകൾ, അതിരുകയ്യാലകൾ എന്നീ പുരാവസ്തുക്കൾ കൃഷിപ്പണികളിലേർപ്പെട്ടിരുന്ന ആളുകൾക്ക് വിവിധ കാലയളവിൽ ലഭിച്ചതായി അറിയപ്പെടുന്ന സ്ഥലത്തുനിന്ന് ഒരു ശാസ്ത്രാ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഇടമുറിയിലെ ക്ഷേത്രങ്ങളിൽ നടന്നിരുന്ന ഉത്സവത്തോടനുബന്ധിച്ചുള്ള "ആറാട്ട്" നടന്നിരുന്ന സ്ഥലമാണ് ആറാട്ടുമണ്ണ്. ശാസ്താംകണ്ടം, ഇടമുറി, കുടമുരുട്ടി, കൊച്ചുകുളം തുടങ്ങിയ സ്ഥലങ്ങളിൽ പഴയകാലത്ത് പാർത്തിരുന്ന ബ്രാഹ്മണരും അവർണ്ണരും തമ്മിൽ നിരന്തരം പോരാട്ടം നടന്നു

കൊണ്ടിരുന്നു. അതികായനും മന്ത്രവാദിയും ആയിരുന്ന "ശക്തൻ വേലൻ" എന്ന അവർണ്ണനേതാവിനെ ബ്രാഹ്മണർ തന്ത്രപൂർവ്വം കട്ടിക്കല്ല് അരുവിയിൽമുക്കിക്കൊന്നതായും, മന്ത്രവാദിയുടെ അത്ഭുത ശക്തിയാൽ പെരുമ്പാറ്റകളും, വെള്ളാനകളും കൂടി ഈപ്രദേശങ്ങളെ ആക്രമിക്കുകയും ആളുകൾ എല്ലാമുപേക്ഷിച്ച് പോയി എന്നുമാണ് ഐതീഹ്യം. ശക്തൻവേലൻ എന്ന പ്രയോഗം കാലക്രമത്തിൽ ചക്കൻവേലൻ എന്ന് ആയി. ഇന്നും ആളുകൾ പുതിയസംരംഭങ്ങൾ ആരംഭിക്കുമ്പോൾ ചക്കൻ വേലൻ അപ്പൂപ്പന് വഴിപാട് നടത്തുന്നുണ്ട്. രണ്ടാം വാർഡിൽപ്പെട്ട മണക്കയം ഫോറസ്റ്റിൽ ഇടക്കുന്നം എന്ന സ്ഥലത്ത് ഒരു പുരാതന ക്ഷേത്രവും ക്ഷേത്രക്കുളവും ഉണ്ടായിരുന്നു. ക്ഷേത്രം നാമാവശേഷമായെങ്കിലും കുളം ഇന്നും ജലസമൃദ്ധമായി നിലകൊള്ളുന്നു. കൊച്ചുകുളം, കുടമുരുട്ടി എന്നീ പ്രദേശങ്ങൾ മുൻകാലങ്ങളിൽ എമ്പ്രാംകുടി എന്ന് അറിയപ്പെട്ടിരുന്നു.

നാറാണംമൂഴി നിലയ്ക്കൽ പള്ളിയുടെ ചരിത്രം വിശുദ്ധ തോമാശ്ലീഹായുടെ ആഗമനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രസിദ്ധമായ ശബരിമലക്ഷേത്രം, പെരുനാട് ശാസ്താക്ഷേത്രം എന്നിവിടങ്ങളിലെ അടിയന്തിരാദികർമ്മങ്ങളിൽ, നാറാണംമൂഴി പഞ്ചായത്തിന്റെ ഏഴാം വാർഡിലെ ഒരു ക്രിസ്തീയ കുടുംബത്തിൽപ്പെട്ട "കൈച്ചിറ കടപ്പുഴചാണ്ടി" എന്നവ്യക്തിക്കും പിൻഗാമികൾക്കും അവകാശമുണ്ട്. ഈ പഞ്ചായത്തിലെ വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങളിൽ ജാതിമതഭേദമെന്യേ എല്ലാവരും പങ്കെടുക്കാറുണ്ട്. പഞ്ചായത്തിലെ ആദ്യ സ്കൂളായ M. T. L. P. സ്കൂൾ മാർത്തോമ്മാ സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂൾ വിദ്യാഭ്യാസരംഗത്ത് വളരെ സംഭാവനചെയ്തിട്ടുണ്ട്. സ്കൂൾ സ്ഥാപിക്കുന്നതിന് സ്ഥലവും മറ്റു സഹായങ്ങളും ചെയ്തത് കുറ്റിയിൽ ശ്രീ. ഇടുക്കുള എബ്രഹാമാണ്. പഞ്ചായത്തിന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്ക് പിന്നീട് സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ സ്ഥാപനം ഏറെ സംഭാവന നൽകി. പിൽക്കാലത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട കടുമീൻചിറ ഗവ. ഹൈസ്കൂൾ, ഇടമുറി ഗവ. ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളും ഇവിടുത്തെ വിദ്യാഭ്യാസപ്രക്രിയയെ ത്വരിതപ്പെടുത്തുന്നു. ദീർഘകാലമായി നിലനില്ക്കുന്ന നാറാണംമൂഴി ബ്രാഞ്ച് പോസ്റ്റാഫീസ് ഒരു സബ് ആഫീസാക്കി ഉയർത്തണമെന്നുള്ള നാട്ടുകാരുടെ ആവശ്യം ഇതുവരെ യഥാർത്ഥ്യമായിട്ടില്ല. നാറാണംമൂഴി പമ്പാ ആർട്ട്സ് ക്ലബ്ബ് ലൈബ്രറി, കടുമീൻചിറ ജനതാലൈബ്രറി, കണ്ണമ്പള്ളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് ലൈബ്രറി എന്നിവ ഈ പഞ്ചായത്തിലെ കലാ സാംസ്കാരിക രംഗങ്ങളിൽ പ്രചോദനം നൽകുന്നു. ഗതാഗത സൗകര്യങ്ങൾ പരിമിതമായ നാറാണംമൂഴി പഞ്ചായത്തിൽ ഇന്നു കാണുന്ന നാമമാത്രമായ റോഡുകളുടെയും കലുങ്കുകളുടെയും നിർമ്മാണപ്രവർത്തനങ്ങളിൽ അതാത് പ്രദേശത്തെ ജനങ്ങളുടെ ശ്രമദാനം ഉണ്ടായിട്ടുണ്ട്.

പമ്പാനദിയിൽ നിർമ്മിച്ച അത്തിക്കയം പാലം പഞ്ചായത്തിന്റെ വികസനത്തിന് ഒരു പ്രധാന ഘടകമാണെങ്കിലും ഈ പഞ്ചായത്തിലെ ഇതര പ്രദേശങ്ങളെ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർണ്ണമായിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സർക്കാർ ചെലവഴിക്കുന്ന തുകയും ആവിഷ്ക്കരിക്കുന്ന പദ്ധതികളും യഥാർത്ഥഫലമുളവാക്കുന്നില്ല. നാറാണംമൂഴി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പെരുന്തേനരുവി ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി തീർക്കുന്നതിനുള്ള പ്രകൃതിജന്യമായ എല്ലാ ഘടകങ്ങളുമുണ്ട്. അതോടൊപ്പ് ഒരു ചെറുകിട വൈദ്യുത പദ്ധതി നടപ്പാക്കിയാൽ ഇന്നത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് ഒരളവുവരെ പരിഹാരമാകും. പഞ്ചായത്തിലെ ഏക മാർക്കറ്റായ അത്തിക്കയം മാർക്കറ്റിനും, സഹകരണബാങ്ക്, വില്ലേജ് ആഫീസ്, സാംസ്കാരിക നിലയം എന്നിവയ്ക്കും വേണ്ട സ്ഥലങ്ങൾ റാന്നിയിലുള്ള വയലാ കുടുംബം സൗജന്യമായി നൽകിയിട്ടുള്ളതാണ്. അവരെ പ്രത്യേകം സ്മരിക്കുന്നു.

പ്രവർത്തനം നിലച്ചുപോയ നാറാണംമൂഴി സ്പെഷ്യൽ എൽ.പി.സ്കൂളിന്റെ കെട്ടിടം ചുമതലക്കാരില്ലാതെ, ജീർണ്ണിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. കെട്ടിടങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന ഈ പഞ്ചായത്തിന് മുൻപ്പറഞ്ഞ സ്കൂൾകെട്ടിടവും സ്ഥലവും വിട്ടുകിട്ടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിർദ്ദിഷ്ട ശബരി റയിൽവേ നാറാണംമൂഴി പഞ്ചായത്തിൽകൂടി കടന്നുപോകുന്നതിനുള്ള സത്വര നടപടി ഉണ്ടാകണം. ജന പങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്ന വെച്ചൂച്ചിറ, നാറാണംമൂഴി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ക്രോസ്വേയുടെ പണിയും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്.

# 4
# ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി



ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ സാമീപ്യവും പുണ്യനദിയായ പമ്പയുടെ തഴുകലും ഏറ്റ് സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് നാറാണംമൂഴി. നാറാണംമൂഴി പഞ്ചായത്ത് രൂപംകൊള്ളുന്നതിനുമുമ്പ്, ശബരിമല ഉൾക്കൊള്ളുന്ന പെരുനാട് പഞ്ചായത്തിന്റെ ഭാഗമായിരുന്നു ഇവിടുത്തെ ഭൂരിഭാഗം പ്രേദേശങ്ങളും. ഗതാഗതസൗകര്യംതീരെക്കുറവായിരുന്ന കാലത്ത് തീർത്ഥാടകർ കാൽനടയായി ഈ പഞ്ചായത്തിലുൾപ്പെട്ട കാക്കമല, കുരുമ്പൻമൂഴി, നാറാണംമൂഴി എന്നീ സ്ഥലങ്ങളിൽകൂടി ശബരിമലയ്ക്ക് പോയിരുന്നതായി പഴമക്കാർ സ്മരിക്കുന്നു. ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ അണക്കെട്ട് നിർമ്മിക്കുന്നതുവരെ പമ്പാനദി വർഷംമുഴുവൻ പ്രൗഢഗംഭീരമയായിരുന്നു. ഇന്ന് കാലവർഷക്കാലത്തുമാത്രമേ പഴയ ഗാംഭീര്യം പമ്പയ്ക്കുള്ളൂ. തത്ഫലമായി പഞ്ചായത്തിലെ കിണറുകളും മറ്റ് ജലശേഖരങ്ങളും വേനൽക്കാലത്ത് വറ്റിവരണ്ട് കടുത്ത കുടിനീർക്ഷാമത്തിന് ഇടവരുത്തുന്നു.

അധ്വാനശീലരായ കർഷകർ അധിവസിക്കുന്ന നാറാണംമൂഴി പഞ്ചായത്തിന്റെ സമ്പദ്ഘടനയുടെ ആണിക്കല്ല് റബ്ബർകൃഷിയാണ്. ചെറുകിട ഇടത്തരം റബ്ബർതോട്ടങ്ങൾ ഈ പഞ്ചായത്തിലെവിടെയും കാണാം. കൂടാതെ തെങ്ങ് കുരുമുളക് തുടങ്ങിയ കൃഷികളും ചെറിയതോതിലുണ്ട്. അടുത്തകാലംവരെ ധാരാളമായി മരച്ചീനിയും, കരിമ്പും, വിവിധതരം വാഴകളും കൃഷിചെയ്തിരുന്നെങ്കിലും ഇന്ന് അവയുടെ സ്ഥാനം നാണ്യവിളകൾ കയ്യടക്കി. നാറാണംമൂഴി പഞ്ചായത്തിന്റെ വടക്ക് വെച്ചൂച്ചിറ പഞ്ചായത്തും, കിഴക്കുംതെക്കും പെരുനാട് പഞ്ചായത്തും അതിരിട്ട് നില്ക്കുന്നു. ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ അനുകൂലഘടകങ്ങളെല്ലാമുള്ള പെരുന്തേനരുവി, കട്ടിക്കല്ലരുവലി, നാവീണരുവി തുടങ്ങി പ്രകൃതിയുടെ വരദാനം ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. പത്തനംതിട്ട ജില്ലയുടെ വിനോദ സഞ്ചാര ഭൂപടത്തിൽ ഈ പ്രദേശങ്ങൾക്ക് പ്രമുഖസ്ഥാനം ഉണ്ട്.

ഭൂപ്രകൃതിയനുസരിച്ച് നാറാണംമൂഴിയെ മൂന്ന് മേഖലകളായി തിരിക്കാം.

1. ഉയരമുള്ള കുന്നിൻപ്രദേശം
2. ഇടത്തരം ചെരിവ്
3. നദീതട പ്രദേശം

ഇവയിലോരോന്നിന്റെയും വിസ്തൃതി ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| ഉയർന്നകുന്നിൻപ്രദേശം | 19.71 ച. കി. മീ. |
| ഇടത്തരം ചരിവ് | 10.40 ച. കി. മീ |
| നദീതട പ്രദേശം | 3.50 ച. കി. മീ |

ഏറ്റവും ഉയരംകൂടിയ പ്രദേശങ്ങൾ ചെമ്പൻമുടി, കൊച്ചുകുളം, വലിയമല, കാക്കമല എന്നിവയാണ്. മേല്പറഞ്ഞ പ്രദേശങ്ങൾക്കും പമ്പാനദിയുടെ ഇരുകരകൾക്ക്ഇടയിലുള്ള പ്രദേശങ്ങളാണ് ഇടത്തരം ചെരിവുള്ള ഭൂഭാഗങ്ങൾ. നദീതീരപ്രദേശങ്ങളിൽ താരതമ്യേന നിരപ്പുണ്ട്. നാറാണംമൂഴി പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും കറുത്തമണ്ണാണ്. അഞ്ചു മുതൽ പത്ത് ശതമാനംവരെ കരിങ്കല്ലുകളും പാറകളും ഉൾക്കൊള്ളുന്നു.

### ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് നാറാണംമൂഴി പഞ്ചായത്തിലെ ആകെ ജനസംഖ്യ 15988 ആയിരുന്നു. ഇതിൽ 7928 പുരുഷന്മാരും 8060 സ്ത്രീകളുമാണ്. ആകെ വീടുകൾ 3400 ആയിരുന്നു. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 476. അക്ഷരാഭ്യാസമുള്ള പുരുഷന്മാർ 6639ഉം സ്ത്രീകൾ 6637ഉം ആയിരുന്നു. പട്ടികജാതി ജനസംഖ്യ 1904 ആണ്. ഇതിൽ പുരുഷന്മാർ 938ഉം സ്ത്രീകൾ 966 ഉം ആണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട പുരുഷന്മാർ 673ഉം സ്ത്രീകൾ 746. ആകെ പട്ടികവർഗ്ഗജനസംഖ്യ 1419. രണ്ട് മൂന്ന്, അഞ്ച്, ആറ്, എട്ട് ഒൻപത് എന്നീ വാർഡുകളിൽ പട്ടികവർഗ്ഗവിഭാഗങ്ങൾ അധിവസിക്കുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് നാറാണംമൂഴി. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ നല്ലൊരുഭാഗം പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്നു. അഭ്യസ്തവിദ്യരുടെ തൊഴിൽലില്ലായ്മ അതിരൂക്ഷമായ പ്രദേശമാണിത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി അത്തരം സ്ഥാപനങ്ങൾ തുടങ്ങുകയാണ് ഇനിവേണ്ടത്. ജാതി-മത ഉച്ചനീചത്വങ്ങൾ ഇല്ലാതെ സാമാന്യം ഭേഗദപ്പെട്ട നിലയിൽ എല്ലാവരും സഹകരിച്ച് കഴിയുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ജലപ്രകൃതി

കിഴക്കൻ മലയോര പ്രദേശമാകയാൽ കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴയിൽ അല്പംകൂടുതൽ ഇവിടെ കിട്ടുന്നുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് മഴ ഏറ്റവുംകൂടുതൽ ലഭിക്കുന്നത്. പഞ്ചായത്തിലുള്ള എല്ലാ തോടുകളും പമ്പാനദിയിൽ ഒഴുകിയെത്തുന്നു. ആകെ തോടുകൾ പതിന്നാല് കി. മീറ്റർ നീളം വരും. പമ്പാനദി ഈ പഞ്ചായത്തിൽകൂടി ഒഴുകുന്നതിന്റെ ദൈർഘ്യം പത്ത്കിലോമീറ്റർ ഉണ്ട്. തോടുകളിൽ പ്രധാനപ്പെട്ടത് നാറാണംമൂഴിതോട്, അത്തിക്കയം തോട്, പനംകുടന്തിതോട്, ആർപപുംപാറ തോട്, മഴുവറ തോട്, വാറുചാൽതോട്, തോമ്പിക്കണ്ടം തോട്, പൊട്ടനരുവിതോട്, വന്നിരിപ്പൻമൂഴിതോട് എന്നിവയാണ്. എല്ലാ പ്രദേശങ്ങളിലും നദീതീരമുൾപ്പെടെ കടുത്ത ശുദ്ധജലക്ഷാമം വേനൽക്കാലത്ത് അനുഭവപ്പെടുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിനീർക്ഷാമം അതിരൂക്ഷമാണ്. കിലോമീറ്ററുകൾ താണ്ടി കുടിനീർ ശേഖരിക്കാൻ ജനങ്ങൾ പോകുന്നത് വേനൽക്കാലത്ത് പതിവാണ്. എട്ടാംവാർഡിലെ അടിച്ചിപ്പുഴ, ചൊള്ളനാവയൽ എന്നീ സ്ഥലങ്ങളിലുള്ള രണ്ടുകുളങ്ങൾ സാമാന്യംജലസമൃദ്ധമാണെങ്കിലും സംരക്ഷിക്കപ്പെടാത്തതിനാൽ ജനങ്ങൾക്ക് അധികം പ്രയോജനപ്പെടുന്നില്ല. അഞ്ചാംവാർഡിൽപ്പെട്ട തേക്കോലി ലക്ഷംവീടുകോളനി എന്നിവടങ്ങളിൽ കാണുന്ന രണ്ടു ചെറിയകുളങ്ങൾ വിപുലീകരിച്ചാൽ ഏകദേശം അൻപതു കുടുംബങ്ങൾക്കുവെണ്ട ശുദ്ധജലം ലഭ്യമാക്കാം. രണ്ടാംവാർഡിൽപ്പെട്ട കൊച്ചുകുളത്ത് നിലവിലുള്ള കുളം ആഴംകൂട്ടി സംരക്ഷികപ്പെട്ടാൽ കൊച്ചുകുളംതടത്തിൽ അധിവസിക്കുന്നവർക്ക് ഒരളവുവരെ ജലക്ഷാമത്തിന് പരിഹാരമാകും. ഈ വാർഡിൽ മുൻപുസൂചിപ്പിച്ചതുപോലെ മണക്കയം ഫോറസ്റ്റിൽ ഇടക്കുന്നത്തുള്ള ക്ഷേത്രക്കുളം വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ മണക്കയം, കുരുമ്പൽമൂഴി പ്രദേശങ്ങളിൽ വെണ്ടത്ര ശുദ്ധജലം ലഭ്യമാകും. ചെമ്പനോലിൽ ഉള്ള കുളം വീതിയും ആഴവും കൂട്ടിയാൽ കുടിനീർക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. ഇടമുറി ദേവീക്ഷേത്രപരിസരത്തുള്ള കുളം വേണ്ടവിധം സംരക്ഷിച്ചാൽ ഈ പ്രദേശത്തുള്ളവർക്ക് കുടിനീർ ലഭ്യമാകും.

1992-93 ൽ നമ്മുടെ പഞ്ചായത്ത് "സ്വാശ്രയ ഗ്രാമപഞ്ചായത്താ"യി പ്രഖ്യാപിക്കപ്പെടുകയും തത്സംബന്ധമായ വിവിധ പദ്ധതികളുടെ പൂർത്തീകരണം സാമാന്യം വിജയപ്രദമായിരുന്നുവെന്നുള്ള വസ്തുതയും എടുത്തുപറയേണ്ടിയിരിക്കുന്നു.

◆❑◆

# 5.1
# കൃഷിയും ജലസേചനവും



തികച്ചും ഒരു കാർഷിക ഗ്രാമമായ നാറാണംമൂഴി പഞ്ചായത്ത് അത്തിക്കയം, ചേത്തയ്ക്കൽ, പഴവങ്ങാടി, കൊല്ലമുള എന്നീ നാല് വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നു. ചരിവുള്ളതും കുന്നിൽ പ്രദേശങ്ങൾ നിറഞ്ഞതുമായ ഭൂപ്രകൃതിയാണിവിടുള്ളത്. ഗ്രാമത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി ഉദ്ദേശം പത്തു കിലോമീറ്റർ ദൂരത്തുകൂടി പമ്പാനദി ഒഴുകുന്നു. ഇവിടെ റബ്ബർ മുഖ്യവിളയായി കൃഷിചെയ്തു വരുന്നു. എന്നാൽ തെങ്ങ്, കുരുമുളക്, വാഴ, കമുക് എന്നിവയും കൃഷിചെയ്യുന്നു. ഭൂരിഭാഗം കർഷകർക്കും ഭൂമിയുടെ വിസ്തൃതി കുറവായതിനാൽ സമ്മിശ്രകൃഷിരീതിയാണുള്ളത്. മുഖ്യ ജീവിതമാർഗ്ഗവും കൃഷി തന്നെയാണ്. ഭക്ഷ്യവിളകൾ കൃഷിചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് കൂടുതലായി നാണ്യവിളകൾ കൃഷി ചെയ്തുവരുന്നു.

ഭൂരിഭാഗം കൃഷിക്കാരും ഒരേക്കറിനും രണ്ടേക്കറിനും ഇടയിൽ മാത്രം ഭൂമിയുള്ളവരാണ്. ഇതുസംബന്ധിച്ചവിവരം താഴെകൊടുക്കുന്നു.

പണ്ടുമുതൽ ശ്രദ്ധയോടും താല്പര്യത്തോടും കൂടി കൃഷ്ചെയ്തു വന്നിരുന്ന ഭക്ഷ്യവിളകൾ വർദ്ധിച്ച കൂലിയും പ്രകൃതിക്ഷോഭവും മൂലമുണ്ടാകുന്ന കെടുതിയും, എല്ലാറ്റിലുമുപരിയായി കാട്ടുപന്നിയുടെ ശല്യവും കാരണം ആദായകരമല്ലാത്തതിനാൽ കൃഷിക്കാർ നാണ്യവിളകളിലേക്ക് ശ്രദ്ധ ചെലുത്തുവാൻതുടങ്ങി.

പഞ്ചായത്ത് രൂപം കൊള്ളുന്നതിനു മുൻപുതന്നെ നാമമാത്രമായി ഉണ്ടായിരുന്ന വയലുകൾ നികത്തി റബ്ബറും, തെങ്ങും, കൊക്കോയും കൃഷിചെയ്യുവാൻ തുടങ്ങി. ഇതിന്റെ പ്രധാന കാരണം ഭക്ഷ്യവിളകളിൽനിന്നുള്ള പ്രതിശീർഷവരുമാനം കുറഞ്ഞതാണ്. പഞ്ചായത്തിൽ വളരെക്കാലം മുൻപുമുതൽക്കേ ഉണ്ടായിരുന്ന ഒരു കൃഷിയായിരുന്നു തെങ്ങ്. എന്നാൽ വ്യാപകമായ തോതിൽ പഞ്ചായത്തിൽ ഒരിടത്തും തെങ്ങുകൃഷി ചെയ്യുന്നില്ല. ഇതിനുള്ള പ്രധാനകാരണം തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച, മണ്ടചീയൽ, കൊമ്പൻചെല്ലിയുടെ ഉപദ്രവം ഓലയുടെ മഞ്ഞളിപ്പ് എന്നിവമൂലം ഉല്പാദനക്ഷമത കുറഞ്ഞതാണ്. മേൽപ്പറഞ്ഞ രോഗങ്ങൾക്കെതിരെ ഫലപ്രദമായ യാതൊരു പ്രതിരോധനടപടികളും നാളിതുവരെ പഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. അടിയ്ക്കടിയുണ്ടാകുന്ന വരൾച്ചയും ജലസേചനത്തിന്റെ അപര്യാപത്തയും തെങ്ങ്, കമുക്, വാഴ, കുരുമുളക്ചെടി മുതലായ കൃഷികളെ സാരമായി ബാധിക്കുന്നുണ്ട്.

ഇപ്പോൾ പഞ്ചായത്തിലെ പ്രധാന കൃഷി ദീർഘകാല വിളയായ റബ്ബറാണ്. ഇവിടുത്തെ മണ്ണും കാലാവസ്ഥയും റബ്ബർകൃഷിക്ക് വളരെ യോജിച്ചതാണ്. ഇൻഡ്യയിലെ റബ്ബർ ഗവേഷണ കേന്ദ്രത്തിന്റെ കീഴിലുള്ള പരീക്ഷണത്തോട്ടം ഇവിടെ സ്ഥിതിചെയ്യുന്നു. ഇതിന്റെ വിസ്തീർണ്ണം 650 ഏക്കർആണ്. പഞ്ചായത്തിൽ ഏറ്റവും വലിയ തോട്ടവും ഇതുതന്നെ. കൂടാതെ റബ്ബർ ബോർഡിന്റെ അംഗീകാരമുള്ള വരെയധികം ചെറുകിട തോട്ടങ്ങളും പഞ്ചായത്തിൽ ഉണ്ട്. പത്ത് റബ്ബർമരം ഇല്ലാത്ത ഏതെങ്കിലും പുരയിടം ഉണ്ടോ എന്ന് സംശയിക്കത്തക്കവിധം റബ്ബർകൃഷി പഞ്ചായത്തിൽ വ്യാപകമായികഴിഞ്ഞിരിക്കുകയാണ്. നീണ്ട ആറേഴ് വർഷത്തെ പരിചരണത്തിനുശേഷമേ റബ്ബറിൽനിന്നും ആദായം ലഭിക്കുകയുള്ളൂ. ഈ കാലയളവിൽ കർഷകർക്ക് വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ഇതിന് ഒരു അളവുവരെ സഹായം എത്തിക്കുന്നത് റബ്ബർ ബോർഡാണ്. റബ്ബർ ബോർഡിൽനിന്നുള്ള ധനസഹായവും, സാങ്കേതിക പരിശീലനവും, റബ്ബറിന്റെ വർദ്ധിച്ചവിലയും കർഷകരെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിച്ചു.

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 6710.71 ഏക്കറാണ്. ഇതിന്റെ 90 ശതമാനവും ഉയർന്നകുന്നിൻ പ്രദേശമാണ്. പഞ്ചായത്തിന്റെ ഏറിയ ഭാഗ

വും - മേൽമണ്ണ് ജൈവാംശം ഉള്ള കറുത്തമണ്ണും. ഉള്ളിലേക്ക് ചരൽചേർന്ന ചെമ്മണ്ണുമായിട്ടാണ് കാണപ്പെടുന്നത്. കൂടുതൽ പ്രദേശവും ഫലഫൂയിഷ്ടി കുറഞ്ഞമണ്ണാണ്. ഇടവരമ്പുകളുടേയും (കയ്യാല) മറ്റും അഭാവത്തിൽ മേൽമണ്ണ് മഴക്കാലത്ത് കുത്തിഒലിച്ചു പോകുന്നതാണ് ഇതിന് പ്രധാന കാരണം. ഇങ്ങനെയുള്ള മണ്ണൊലിപ്പ് ഫലപ്രദമായി തടയുന്നതിനുവേണ്ട കയ്യാല പദ്ധതികൾതന്നെ ഉണ്ടാകേണ്ടതാണ്.

റബ്ബർകൃഷി

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ ഏകദേശം 80% റബ്ബർ കൃഷിചെയ്യുന്ന പ്രദേശങ്ങളാണ്. ആദ്യകാലങ്ങളിൽ നാടൻ ഇനങ്ങൾ കൃഷിചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ അത്യുല്പാദന ശേഷിയുള്ള ആർ.ആർ.ഐ. 105, ആർ. ആർ. ഐ. 600, ജി. റ്റി. 1, പി. ബി. 311, പി. ബി. 260 എന്നീ ഇനങ്ങൾ കൃഷിചെയ്തുവരുന്നു. റബ്ബർകൃഷി വ്യാപകവും ആദായകരവും അളക്കുന്നതിന് റബ്ബർ ബോർഡിൽ നിന്നും വളരെയധികം പദ്ധതകിൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങൾതോറും റബ്ബർകർഷകരെ സംഘടിപ്പിച്ചുകൊണ്ട് സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും നടത്തി ആധുനിക കൃഷിരീതിയിൽ പരിജ്ഞാനമുള്ളവരാക്കിത്തീർക്കുന്നു. കൂടാതെ, കൂടതൈകൾ വാങ്ങുന്നതിനും വളപ്രയോഗം നടത്തുന്നതിനും മറ്റുമായി സബ്സിഡിയോടുകൂടി ബാങ്ക് മുഖേന വായ്പകൾ അനുവദിച്ചുകൊടുക്കുന്നുണ്ട്. റബ്ബറിന്റെ പ്രതിശീർഷവരുമാനം ഹെക്ടർ ഒന്നിന് ശരാശരി 1000 (ആയിരം) കിലോഗ്രാമാണ്. റബ്ബർമരത്തെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ-പട്ടമരപ്പ്, പൂപ്പ് (പിങ്ക്രോഗം) അകാലത്തിലുള്ള ഇലകൊഴിച്ചിൽ എന്നിവയാണ്. ഈ രോഗങ്ങളെ ഫലപ്രദമായി തടയാൻ കഴിഞ്ഞാൽ ആദായംവർദ്ധിപ്പിക്കുവാൻ കഴിയും.

വളം

സഹകരണ മേഖലയിലുള്ള ഒന്നും, സ്വകാര്യ മേഖലയിലുള്ള രണ്ടും ഉൾപ്പെടെ മൂന്ന് വളം വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം പ്രവർത്തനക്ഷമവുമാണ്. 80% രാസവളങ്ങളാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. വളപ്രയോഗം ശാസ്ത്രീയമായ രീതിയിലല്ല നടത്തപ്പെടുന്നത്. മണ്ണ് പരിശോധന നടത്തുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ലാത്തതുതന്നെയാണ് ഇതിനു മുഖ്യകാരണം. എന്നാൽ റബ്ബർബോർഡിന്റെ അംഗീകാരമുള്ള തോട്ടങ്ങളിൽ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന പരീക്ഷണശാലമുഖേന മണ്ണും, റബ്ബറിന്റെ ഇലയും പരിശോധിച്ച്, നല്കേണ്ടവളം ശുപാർശചെയ്യാറുണ്ട്. ഈ സൗകര്യം ചെറുകിട കർഷകർക്ക് ലഭ്യമല്ല. പഞ്ചായത്തിൽ കൃഷിഭവൻ ഉണ്ടെങ്കിലും മണ്ണുംമറ്റും പരിശോധിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇത് കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. ഇരുപതു ശതമാനം ജൈവവളങ്ങളും ഉപയോഗിക്കുന്നുണ്ട്.

കീടനാശിനികൾ

വാഴ, കമുക്, കുരുമുളക്ചെടി എന്നിവയ്ക്കുള്ള കീടനാശിനി പ്രയോഗത്തെപ്പറ്റി ഭൂരിപക്ഷം കർഷകരും അജ്ഞരാണ്. ഇതിനു പരിഹാരമായി കർഷകർക്കിടയിൽ കൃഷിഭവൻ മുഖേന ബോധവത്കരണം നടത്തുകയും മിതമായ നിരക്കിൽ കീടനാശിനി ലഭ്യമാക്കുകയും ചെയ്യണം.

കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേനയോ, മറ്റുസർക്കാർ ഏജൻസികൾ മുഖേനയോ യാതൊരു വിധ കാർഷികോപകരണങ്ങളും പഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കിയിട്ടില്ല. റബ്ബർ റോളർ, സ്പ്രേയിംഗ് മെഷീൻ മുതലായവ കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് വിതരണം നടത്തേണ്ടതാണ്.

റബ്ബർ പ്രൊഡക്ഷൻ സെന്റർ (R.P.C)

റബ്ബർ ബോർഡിന്റെ ധനസഹായത്തോടുകൂടിയും റബ്ബർ കർഷകരുടെ സഹകരണത്തോടുകൂടിയും പ്രവർത്തിക്കുന്ന സംഘമാണിത്. കർഷകരിൽനിന്നും സംഘം നേരിട്ട് കറശേഖരിക്കുകയും കറയുടെ കൊഴുപ്പിനെ അടിസ്ഥാനമാക്കി താരതമ്യേന ഉണക്കിയ റബ്ബറിന്റെ വില നല്കുകയും ചെയ്യുന്നു. തന്മൂലം കർഷകർക്ക് അദ്ധ്വാനഭാരം കുറയുന്നു. കൂടാതെ ടാപ്പിംഗ് ഉപകരണങ്ങൾ മിതമായ വിലയ്ക്ക് കർഷകർക്ക് നല്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ മൂന്ന് ആർ.പി.സി.കൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യവ്യക്തികൾ രണ്ട് കേന്ദ്രങ്ങൾകൂടി പ്രവർത്തിപ്പിക്കുന്നുണ്ട്.

കൂലിനിരക്ക്

കാർഷിക മേഖലയിൽ വേണ്ടത്ര തൊഴിലാളികൾ ഇല്ല. മറ്റുതൊഴിൽ മേഖലകളായ ചുമട്, മരംമുറിയ്ക്കൽ, ലോഡിംഗ്, പാറപൊട്ടിയ്ക്കൽ, കെട്ടിട നിർമ്മാണം മുതലയാവയിലെ വർദ്ധിച്ച കൂലിനിരക്ക് കാർഷിക മേഖലയിൽ നിന്നും തൊഴിലാളികളുടെ പിൻമാറ്റത്തിന് കാരണമാണ്. കാർഷിക മേഖലയിൽ പുരുഷന്മാർക്ക് 80 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ് ഇപ്പോഴുള്ള ശരാശരി കൂലിനിരക്ക്. മറ്റുമേഖലകളിൽ നൂറുരൂപമുതൽ 150 രൂപവരെ കൂലിയുണ്ട്.

കാർഷിക വായ്പ

പഞ്ചായത്തിലുള്ള ഏക സഹകരണസംഘമാണ് നാറാണംമൂഴി സർവ്വീസ് സഹകരണ ബാങ്ക്. ഈ

ബാങ്കുമുഖേന കർഷകർക്ക് ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല കാർഷിക വായ്പകൾ നല്കുന്നുണ്ട്. കൂടാതെ റബ്ബർ കൃഷിക്ക് റബ്ബർബോർഡിൽനിന്നും സബ്സിഡിയോടുകൂടി ബാങ്കുകൾ മുഖേന വായ്പകൾ നല്കുന്നുണ്ട്. സാധാരണ റബ്ബർ കർഷകർക്കുകൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ വായ്പാ സമ്പ്രദായം ലഘൂകരിച്ചാൽ റബ്ബർകൃഷി കുറേക്കൂടി മെച്ചപ്പെടുത്തുവാൻ സാധിക്കും.

### ജലസേചനം

ജലസേചനത്തിനായി പണിപൂർത്തിയായതോ, നടന്നുകൊണ്ടിരിക്കുന്നതോ, രൂപരേഖ തയ്യാറാക്കിയതോ ആയ യാതൊരുവിധ പദ്ധതിയും നാറാണംമൂഴി പഞ്ചായത്തിൽ ഇല്ല.

### തോടുകൾ

പഞ്ചായത്തിൽ ചെറുതും വലുതുമായി ഇരുപത് തോടുകൾ ഉണ്ട്. മിക്ക തോടുകുളും വേനൽക്കാലത്ത് വരണ്ടുപോകും. ഈ തോടുകൾ എല്ലാംതന്നെ പമ്പാനദിയിൽ ചെന്നുചേരുന്നവയാണ്. ജലം തടഞ്ഞുനിർത്തുന്നതിനാവശ്യമായ ചീർപ്പുകളോ, തടയണകളോ ഒരിടത്തും നിർമ്മിച്ചിട്ടില്ല.

### നദി

പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി പമ്പാനദി ഒഴുകുന്നു. ഇത് ഏകദേശം പത്ത് കിലോമീറ്റർ മാത്രം വരും. പമ്പാനദിയിലുള്ള കക്കിഡാമിൽ വെള്ളം തടഞ്ഞുനിർത്തുന്നതിനാൽ വേനൽക്കാലത്ത് വേണ്ടത്രവെള്ളം നദിയിൽഇല്ല. തന്മൂലം നദിയുടെ ഇരു കരകളിലുള്ള കിണറുകൾപോലും വേനൽക്കാലത്ത് വരണ്ടുപോകുന്നത് പതിവാണ്. വേനൽക്കാലത്ത് നദിയിൽ മീൻപിടിക്കുന്നതിനുവേണ്ടി തുരിശ്, നഞ്ച് മുതലായ വിഷവസ്തുക്കൾ ചേർക്കുന്നതു മൂലം ഉള്ള വെള്ളവും മലിനമാകുന്നു.

### കുളങ്ങൾ

ചെറുതും വലുതുമായി ഏഴ് കുളങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ ഏറ്റവും വലിയ കുളം ഇടമുറി ക്ഷേത്രക്കുളം ആണ്. 25 സെൻറ് വിസ്തൃതിയുള്ള ക്ഷേത്രക്കുളം വേണ്ടത്രസംരക്ഷണമില്ലാത്ത രീതിയിലാണ്. ആവശ്യമായ ആഴംവരുത്തി സംരക്ഷണഭിത്തിയും തീർത്താൽ ഈ പ്രദേശത്തെ ജലക്ഷാമം ഒരുപരിധിവരെ പരിഹരിക്കുവാൻ കഴിയും. അതുപോലെ എല്ലാ കുളങ്ങളും വേണ്ടത്ര സംരക്ഷണം ഇല്ലാത്തതും ഉപയോഗത്തിലിരിക്കുന്നതുമാണ്. ഇവയെല്ലാം പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിച്ചെങ്കിൽ മാത്രമേ മലയോര ഗ്രാമങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. മൈനർ ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതും നീരാട്ടുകാവ് പുഞ്ചിരിമുക്ക് ST കോളനിയിൽ സ്ഥിതിചെയ്യുന്നതുമായ കുളത്തിന്റെ പണി വേഗം പൂർത്തിയാക്കണം.

### നഴ്സറികൾ

പരിമാതമായ തോതിൽ ഒന്നു രണ്ടു നേഴ്സറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. റബ്ബർതൈകൾ മാത്രമാണിവിടെ ഉല്പാദിപ്പിക്കുന്നത്. മറ്റു കാർഷിക വിളകളുടെ വിത്തു വിതരണത്തിനുള്ള നേഴ്സറികൾ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ ആവശ്യത്തിനുള്ള തൈകൾ ഉല്പാദിപ്പിക്കുവാൻ നിലവിലുള്ള നേഴ്സറികൾക്ക് കഴിയുന്നില്ല. സാമ്പത്തികപരാധീനതയാണ് കാരണം.

### കൃഷിഭവൻ

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നു. ആവശ്യമായ സ്റ്റാഫ് ഇവിടെയില്ല. കൃഷിഭവന്റെ പ്രവർത്തനത്തെക്കുറിച്ച് കൃഷിക്കാർക്ക് കൂടുതൽ ഒന്നുംതന്നെ അറിയുവാൻ കഴിയുന്നില്ല. നാമമാത്രമായി വളവും നടീൽ വസ്തുക്കളും വിതരണം ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളും, വനത്താലും, തേക്കു പ്ലാന്റേഷനാലും ചുറ്റപ്പെട്ടുകിടക്കുന്നു. തന്മൂലം ഭക്ഷ്യോല്പന്നങ്ങളായ മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ മുതലായ വിളകളെ കാട്ടുപന്നികൾ രൂക്ഷമായി ആക്രമിച്ച് നശിപ്പിക്കുന്നു. തുടർച്ചയായി ഉണ്ടാകുന്ന നഷ്ടംമൂലം കർഷകർക്ക് ഇത്തരം കൃഷിയിൽ താല്പര്യം കുറഞ്ഞു. കൂടുതൽ ശ്രദ്ധയും പരിചരണവും വേണമെങ്കിൽപോലും ദീർഘകാല വിളയായ റബ്ബർകൃഷിയിലേക്ക് ശ്രദ്ധവച്ചു. മുൻകാലങ്ങളിൽ ഭക്ഷ്യോല്പന്നങ്ങളുടെ കാര്യത്തിൽ (നെല്ല് ഒഴികെ) സ്വയം പര്യാപ്തമായിരുന്ന പഞ്ചായത്തിൽ ഇപ്പോൾ ആവശ്യത്തിന്റെ പത്തുശതമാനം പോലും ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല. ഇടത്തരം കൃഷിക്കാർ സമ്മിശ്രകൃഷിരീതിയാണ് സ്വീകരിച്ചുവരുന്നത്. ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, പറങ്കിമാവ്, തെങ്ങ്, കാപ്പി, കൊക്കോ, വാഴ, കുരുമുളക് എന്നിവ കൃഷിചെയ്യുന്നു. ഇങ്ങനെയുള്ള കൃഷിരീതി പ്രതികൂല കാലാവസ്ഥയെ ഒരു പരിധിവരെ തരണം ചെയ്യുവാൻ സാധിക്കും. എങ്കിലും കാര്യമായ ആദായം ഒന്നിൽനിന്നും ലഭിക്കുന്നില്ല.

വളക്കൂറുള്ള മേൽമണ്ണു വർഷകാലത്ത് ഒലിച്ചു നഷ്ടപ്പെടുന്നത് തുടർച്ചയായ ഒരു പ്രതിഭാസമാണ്. തന്മൂലം ഉല്പാദനരംഗത്ത് സാരമായ കുറവുസംഭവിക്കുന്നു. ജലസേചനം കൂടുതലായിവേണ്ട തെങ്ങ്,

വാഴ, പച്ചക്കറികൾ മുതലയാവ മഴയെമാത്രം ആശ്രയിച്ചു കൃഷിചെയ്യുന്നതുകൊണ്ട് ആദായം കുറയുന്നു. തന്മൂലം കർഷകർ ഇത്തരം കൃഷിയിൽ താല്പര്യം കാണിക്കുന്നില്ല. റബ്ബർകഴിഞ്ഞാൽ മുഖ്യവിളയായ തെങ്ങ് നല്ലയിനം തൈകളുടെ അഭാവവും നാളികേരത്തിന്റെ വിലക്കുറവും കർഷകർ തെങ്ങുകൃഷിയിൽ നിന്നും പിൻമാറാനിടയാക്കി. അശാസ്ത്രീയമായ വളപ്രയോഗം ആദായം കുറയ്ക്കുന്നതിന് കാരണമാണ്.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം, പലപ്പോഴും അശാസ്ത്രീയമായാണ് നടത്തുന്നത്. നാളിതുവരെ മണ്ണുപരിശോധനയ്ക്കുള്ള സംവിധാനം ഒന്നും ഉണ്ടായിട്ടില്ല. കീടനാശിനിപ്രയോഗം ശാസ്ത്രീയമായി നടത്തുന്നതിനുള്ള അജ്ഞത ഉല്പാദനം കുറയുന്നതിനുള്ള മറ്റൊരു കാരണമാണ്. കൃഷിഭവനുകളുടെ സേവനം എല്ലാഭാഗത്തും എത്താത്തത് മറ്റൊരു പോരായ്മയാണ്. കൃഷിഭവനുകളുടെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ കൃഷിക്കാരും അജ്ഞരാണ്. പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും കാർഷിക സെമിനാറുകൾ നടത്തി കർഷകരെ ബോധവത്കരിക്കണം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാന വിളയായ റബ്ബർകൃഷിയ്ക്ക് ആവശ്യമായ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കൂടുതൽ റബ്ബർ നേഴ്സറികൾ നിർമ്മിക്കുക. ആവശ്യമായ വളം, കീടനാശിനി, മരുന്നുതളിയ്ക്കുന്നതിനുള്ള സ്പ്രേയറുകൾ മുതലായവ സഹകരണ സംഘങ്ങൾ മുഖേന ലഭ്യമാക്കുകയും കൂടുതൽ വിപണന കേന്ദ്രങ്ങൾ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ ആരംഭിക്കുകയും ചെയ്യുക.
2. **ആവർത്തനകൃഷി:** പഴക്കം ചെന്നതും, ആദായം കുറഞ്ഞതുമായ റബ്ബർ മരങ്ങൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്ന തോട്ടങ്ങളിൽ ആദ്യത്തെ രണ്ടുമൂന്നു വർഷം വാഴ, ഇഞ്ചി, മഞ്ഞൾ, കൈത മുതലായവയും ഭക്ഷ്യവിളകളായ ചേന, ചേമ്പ്, കാച്ചിൽ മുതലായവയും വളരെ ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കും. ഇതിന് കർഷകരെ പ്രേരിപ്പിക്കുകയും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണംചെയ്യുകയും വേണം. ശാസ്ത്രീയമായ വശങ്ങൾ പഠിപ്പിക്കുകയുംവേണം. റബ്ബർ ബോർഡിന് ഒരു പരിധിവരെ ഇത് സാദ്ധ്യമാക്കാവുന്നതാണ്.
3. മണ്ണുപരിശോധന: മണ്ണിന്റെ ഗുണനിലവാരം അറിയുന്നതിന് ആവശ്യമായ ഒരു നടപടിയും ഇതുവരെയും ഉണ്ടായിട്ടില്ല. അതാത് പ്രദേശത്തെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധിച്ച് ഓരോ കൃഷിക്കും ആവശ്യമായ വളപ്രയോഗം നിർണ്ണയിച്ച് കൃഷിക്കാർക്ക് കൊടുക്കുന്നതിനുള്ള സൗകര്യം കൃഷിഭവൻ മുഖേന നടപ്പാക്കണം.
4. ഔഷധസസ്യങ്ങൾ: ഒരു കാലത്ത് സമൃദ്ധിയായി വനത്തിൽനിന്നും കിട്ടിക്കൊണ്ടിരുന്ന ഔഷധ സസ്യങ്ങൾ വനനശീകരണംമൂലം വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അമൂല്യങ്ങളായ സസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും, നട്ടുവളർത്തുന്നതിനും കഴിയണം. കച്ചോലം, ചീറ്റരത്ത, മഞ്ഞൾ, ഇഞ്ചി മുതലയാവയുടെ ഉല്പാദനംവർദ്ധിപ്പിക്കണം. റബ്ബർ തോട്ടങ്ങളിൽ തേനീച്ചവളർത്തൽ വ്യാപകമാക്കണം. ഖാദിബോർഡുമുഖേന കർഷകർക്ക് വേണ്ട സാങ്കേതിക പരിശീലനവും ആവശ്യമായ ഉപകരണങ്ങളും നല്കണം.
5. പച്ചക്കറി ഉല്പാദനം. മുൻകാലങ്ങളിൽ ആവശ്യത്തിലധികം പച്ചക്കറി സാധനങ്ങൾ വിളഞ്ഞിരുന്നു. ഇന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിസാധനങ്ങളെയാണ് ആശ്രയിക്കുന്നത്. കൃഷിയിടങ്ങളുടെ കുറവും പ്രതികൂല കാലാവസ്ഥയും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ മിക്കവീടുകളുടേയും മുറ്റത്ത് അടുക്കളത്തോട്ടം ഉണ്ടാക്കുവാൻസാധിക്കും. സ്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ കഴിയും.
6. കീടനാശിനി. കീടങ്ങളെ നശിപ്പിക്കുന്ന കാര്യത്തിൽ കൃഷിക്കാർ തീർത്തും അജ്ഞരാണ്. തന്മൂലം യഥാസമയം പ്രതിരോധനടപടികൾ സ്വീകരിക്കാതെവരുകയും കൃഷിനശിക്കുകയുംചെയ്യുന്നു. ഇതിന് കൃഷിക്കാരെ ബോധവത്കരിക്കണം. കൂടാതെ വനങ്ങളാലും തേക്കു പ്ലാന്റേഷനാലും ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ എല്ലാഭാഗത്തും കാട്ടുപന്നിയുടെ ഉപദ്രവംമൂലം കൃഷിനാശം വ്യാപകമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. വന്യജീവിസംരക്ഷണനിയമം സർക്കാർ കർശനമാക്കിയതിനാൽ കാട്ടുമൃഗങ്ങളുടെ വർദ്ധനവ് ഓരോ വർഷവും 100% കണ്ടുവർദ്ധിച്ചുവരുന്നു. അടുത്തകാലത്തായി മനുഷ്യനെയും പന്നി ആക്രമിച്ച പലസംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിൽനിന്ന് ജനങ്ങളെ രക്ഷിക്കുവാൻ വന്യജീവിസംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും

പന്നിയെ ഒഴിവാക്കി നശിപ്പിക്കുവാനുള്ള നടപടികൾ ഉണ്ടാകണം. വേണ്ടത്ര വളർച്ചയില്ലാതെ മുരടിച്ചു നില്ക്കുന്ന തേക്കുതോട്ടങ്ങൾ വെട്ടിമാറ്റി കൃഷിഭൂമിയാക്കുന്നതിനുള്ള നടപടിഉണ്ടാകണം. എങ്കിൽമാത്രമേ കർഷകരെ കാട്ടുപന്നിയുടെ ഉപദ്രവത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുകയുള്ളൂ.

7. വനങ്ങൾ. പഞ്ചായത്തിൽ നിന്നും 10 കി മീ അകലെയുള്ള റാന്നി മാർക്കറ്റിൽ പോകേണ്ടിവരുന്ന നിലവിലുള്ള സഹകരണ സംഘത്തിന്റെ കീഴിൽ കൂടുതൽ പ്രദേശങ്ങളിൽ വളം വില്ക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ച് ഈ കുറവ് പരിഹരിക്കാവുന്നതാണ്. അങ്ങനെ കർഷകർക്കുണ്ടാകുന്ന അധിക ധനനഷ്ടവും സമയവും ലാഭിക്കുവാൻ കഴിയും.

8. ജലസേചനം. പഞ്ചായത്തിൽ ഒരിടത്തും ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടില്ല. തോടുകളും കുളങ്ങളും വേണ്ടരീതിയിൽ സംരക്ഷിച്ച് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. മഴക്കാലത്ത് തോടുകളിൽ കിട്ടുന്ന വെള്ളം തടഞ്ഞുനിർത്തുന്നതിന് സാദ്ധ്യമാകുന്നിടങ്ങളിൽ ബണ്ടുകൾ കെട്ടുകയും നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ ജലസേചനം ഒരു അളവുവരെ സാദ്ധ്യമാക്കാൻ കഴിയും. തോടുകളും കുളങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ചും പമ്പുസെറ്റുകൾ സ്ഥാപിച്ചും ജലസേചനം നടത്താൻകഴിയും. കൊച്ചുകുളം ചെമ്പൻമുടി എന്നീ ഉയർന്നപ്രദേശങ്ങളിൽ ടാങ്കുകൾ സ്ഥാപിച്ചു അവിടെനിന്നും പൈപ്പ് ലൈനുകൾവഴി പഞ്ചായത്തിന്റെ എല്ലാഭാഗത്തും വെള്ളം വേണ്ടത്ര എത്തിക്കാൻ കഴിയും.

9. ഇൻഷ്വറൻസ് പദ്ധതി. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ആത്മവിശ്വാസം നല്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം. ധനസഹായത്തിനുള്ള വരുമാന പരിധി കുറയ്ക്കുകയും വേണം.

10. പൊതുവിപണി. അത്തിക്കയം ചന്തമാത്രമാണ് പഞ്ചായത്തിലെ പൊതുവിപണനസൗകര്യം. ഇടമുറിയിൽ മുൻപ് ഒരു ചന്തയുണ്ടായിരുന്നു. അത് പുനഃസ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തുള്ളവർക്ക് വിപണന കാര്യത്തിൽ കുറേക്കൂടി സൗകര്യമായിത്തീരും. പഞ്ചായത്തുതലത്തിൽ കൂടുതൽ വിപണനകേന്ദ്രങ്ങൾ തുടങ്ങിയാൽ ഇടത്തട്ടുകാരിൽനിന്നും കർഷകർക്ക് പൂർണ്ണമായി മോചനം ലഭിക്കുകയും ഉല്പന്നങ്ങൾക്ക് യഥാർത്ഥവില ലഭ്യമാവുകയും ചെയ്യും.

11. നേഴ്സറികൾ. ധാരാളം വിപണന സാദ്ധ്യതയുള്ള പുതിയ ഇനം റബ്ബർതൈകൾ നഴ്സറികൾ മുഖേന ഉല്പാദിപ്പിച്ചുവില്പന നടത്താവുന്നതാണ്. കൂടതൽ സ്ഥലങ്ങളിൽ നഴ്സറികൾ സ്ഥാപിച്ച് നടപ്പാക്കുന്നതിന് കർഷകർക്ക് സാങ്കേതിക പരിജ്ഞാനവും ധനസഹായവും നല്കി പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ നടീൽ വസ്തുക്കൾ സുലഭമായി ലഭിക്കുകയും അതുവഴി കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. മാഞ്ചിയം, തേക്ക്, ഗ്രാമ്പൂ, കറുവ, മാവ്, പ്ലാവ്, കശുമാവ് മുതലായവയുടെ തൈകൾ ഉല്പാദിപ്പിച്ച് വില്പന നടത്താവുന്നതാണ്.

വെറ്റിലക്കൊടിയും, കൈതയും കൃഷിചെയ്യുന്നതിന് ജില്ലാ കാർഷിക സഹകരണബാങ്കിൽനിന്നു നല്കിക്കൊണ്ടിരിക്കുന്ന വായ്പ ഗ്രാമീണ സഹകരണ സംഘങ്ങൾ മുഖേന നല്കുകയാണെങ്കിൽ കൂടുതൽ കർഷകർക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതിന് സഹായകമാകും.

എല്ലാറ്റിലുമുപരി കർഷകരെ അംഗീകരിക്കുന്നരീതിയിൽ അവാർഡുകൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലി കാർഷികമേഖലയിൽ നടപ്പാക്കണം. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷിക്കാരും കൃഷിഭവനുമായി കൂടുതൽ ബന്ധം പുലർത്തേണ്ടതാവശ്യമാണ്. നാറാണംമൂഴിയുടെ കാർഷിക പുരോഗതിക്കാവശ്യമായ വളരെയധികം രൂപരേഖകൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസനസംസ്കാരം ജനകീയാസൂത്രണത്തിലൂടെ നടപ്പാക്കാൻ നമുക്ക് കഴിയണം.

●●●

## പട്ടിക -I ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെപേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| അത്തിക്കയം | 3295.71 | 5.48 | 1085.53 | 67.09 | 8453.81 | 563 | 815 | 417 | 496 | 638 | 464 | 72 |
| പഴവങ്ങാടി | 485.70 | – | 566.20 | – | 1046.90 | 315 | 200 | 95 | 100 | 98 | 116 | 18 |
| ചേത്തയ്ക്കൽ | 800 | – | 400 | 10 | 1210 | 90 | 80 | 60 | 175 | 150 | 140 | 20 |
| ആകെ | 4581.41 | 5.48 | 2446.73 | 77.09 | 6710.71 | 968 | 1095 | 572 | 771 | 886 | 720 | 110 |

## പട്ടിക II- പുറമ്പോക്ക് ഭൂമിസംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | |
|---|---|---|---|---|---|---|
| 1 | 2 റോഡ് | 3 തോട് | 4 കുളം | 5 പുഴ | 6 റവന്യൂ | 7 ആകെ |
| ചേത്തയ്ക്കൽ | 1 | 2 | – | – | – | 3 |
| പഴവങ്ങാടി | 2 | 1 | 0.50 | – | – | 3.50 |
| അത്തിക്കയം | 1.15 | 8.64 | – | 215.54 | 869.99 | 185.32 |
| ആകെ | 4.15 | 11.64 | 0.50 | 215.54 | 869.99 | 1091.82 |

# 5.2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും



## മൃഗസംരക്ഷണം

നാറാണംമൂഴി പഞ്ചായത്തിൽ പശു, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമകളും പന്നിയും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 2202 പശുക്കളും 1059 ആടുകളും 42 എരുമകളും 38 പന്നികളും വളർത്തപ്പെടുന്നു.

സങ്കരയിനത്തിൽപ്പെടുന്ന കന്നുകാലികളും നാടൻ കന്നുകാലികളും ആണ് പ്രധാനം. പകുതിയിലധികം കന്നുകാലികളും അത്യുല്പാദന ശേഷിയുള്ളവയാണ്.

നാറാണംമൂഴി പഞ്ചായത്തിൽ കക്കുടുമൺ എന്ന സ്ഥലത്ത് 31-3-95ൽ സർക്കാർ മൃഗാശുപത്രി പ്രവർത്തനം തുടങ്ങി. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ രണ്ട് ഐ.സി.ഡി.പി. സബ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. അവ കുക്കുടുമണ്ണിലും ഉന്നത്താനിയിലും ആണ്.

പഞ്ചായത്തിൽ നിലവിൽ 4 ക്ഷീരോല്പാദക സഹരണ സംഘങ്ങൾ ഉണ്ടെങ്കിലും അതുകൊണ്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രയോജനം ലഭിക്കുന്നില്ല. കാലിത്തീറ്റയുടെ വില വർദ്ധനവ് വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതകുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, ജലദൗർലഭ്യം, ബാങ്ക്വായ്പ കിട്ടാനുള്ള സാദ്ധ്യതകുറവ്, പാലിന്റെ വിലക്കുറവ് തുടങ്ങിയ കാരണങ്ങൾ ജനങ്ങളെ കാലി വളർത്തുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നുണ്ട്.

1996-ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പ്രതിദിനം 1400 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ല.

പഞ്ചായത്തിലെ കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, പരാദരോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം മൂലം ഉള്ള രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, ഉപാപചയ സംബന്ധമായ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ മുതലായവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

നാറാണംമൂഴി പഞ്ചായത്തിൽ നിലവിൽ 7 വീടുകളിൽ ഗോബർഗ്യാസ് പ്ലാന്റുകളുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും കർഷകരിൽ ഇതു സംബന്ധിച്ചുള്ള അജ്ഞതയും ഗോബർഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനത്തിൽ ഉള്ള വിശ്വാസംപോരാത്തതും ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രധാനതടസ്സം ആകുന്നു. മൃഗസംരക്ഷണവകുപ്പ് മുഖേന ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നുംതന്നെ ജനങ്ങളിൽ വേണ്ടത്രവിധത്തിൽ എത്തിയിട്ടില്ല.

മിക്കവാറും എല്ലാ വിടുകളിലും കോഴിവളർത്തൽ ഉണ്ട്. ഇറച്ചിയ്ക്കുവേണ്ടി കോഴി വളർത്തൽ നടത്തുന്നതിനു വേണ്ടി പ്രത്യേകം ഫാംതന്നെ രൂപികരിയ്ക്കുന്നതിന് ഈ പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതയുണ്ട്.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കംചില വീടുകളിൽ മുയലിനെ വളർത്തുന്നത്. ഇറച്ചി ആവശ്യത്തിന് മുയലിനെ വലർത്തുന്നത് കുറവാണ്. പ്രത്യുല്പാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരം ആണ്. മുയൽ വളർത്തൽ പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്.

### പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ

2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
4. ക്ഷീരവികസനം നടത്തുന്നതിനുള്ള സൗകര്യക്കുറവ്
5. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.
6. കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തൽ വ്യാപകമല്ല.
7. പേപ്പട്ടിശല്യം ഉണ്ടാകുന്നു.

സാദ്ധ്യതകൾ

1. നാറാണംമൂഴി പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയത് 2 പാൽ സംഭരണകേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക. വിതരണത്തിനുശേഷം മിച്ചംവരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2. ക്ഷീര വ്യവസായ സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക. പുൽകൃഷിക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
3. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാക്കുക. നിലവിലുള്ള മൃഗാശുപത്രിയുടെ കീഴിൽ എല്ലാ വാർഡുകളിലും ഓരോ സബ്സെന്റർ ആരംഭിക്കുക.
4. സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞുല്പാദന കേന്ദ്രം സ്ഥാപിക്കുക. കോഴി വസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് സംഘടിപ്പിക്കുക. കോഴികളെ വിൽക്കുന്നതിന് സഹകരണസംഘം മുഖേന സംവിധാനമുണ്ടാക്കുക.
5. ഇറച്ചികോഴികളെ വളർത്തുന്നതിനുള്ള യൂണിറ്റുകൾ അനുവദിപ്പിക്കുക. കോഴി വളർത്തൽ നടത്തുന്നതിന് സ്ത്രീകൾക്ക് പരിശീലനവും സാമ്പത്തിക സഹായവും നല്കി മുട്ട ഉല്പാദനം പുഷ്ടിപ്പെടുത്തുക. അത്യുല്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ സബ്സിഡിയിനത്തിൽ നല്കുക. കോഴിത്തീറ്റ ലഭ്യമാക്കുക.
6. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നല്കുകയും, തെരുവുനായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

1. നാടൻ വിത്തുകാളകളെ നിർമ്മാർജ്ജനം ചെയ്യുക. ക്ഷീരസംഘങ്ങൾ പ്രവർത്തനക്ഷമം ആക്കുന്നതിനുവേണ്ട സഹായങ്ങൾ നല്കുക. ക്ഷീരകർഷകർക്ക് പ്രത്യേക പരിശീലനപദ്ധതി ആരംഭിക്കുക. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യുക. കാലികളിൽ ഉണ്ടാകുന്ന ഈച്ച, മൂട്ട തുടങ്ങിയ ജീവികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ട കീടനാശിനികൾ മൃഗാശുപത്രിമുഖേന വിതരണം ചെയ്യുക.
2. മാംസത്തിന്റെ ആവശ്യത്തിന് ശീമപന്നികളെ വളർത്തുന്നതിന് കർഷകർക്ക് സബ്സിഡിയോടുകൂടി വായ്പ അനുവദിക്കുക.
3. മൃഗാശുപത്രിക്ക് ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
4. പേവിഷബാധ തടയുന്നതിനു വാക്സിൻ സൗജന്യനിരക്കിൽ ലഭിക്കുവാൻവേണ്ട സംവിധാനമുണ്ടാക്കുക.
5. അത്യുല്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവത്കരണവും നല്കുക.
6. മുയൽ വളർത്തലിലന് പ്രോത്സാഹനം നല്കുന്നത് നന്നായിരിക്കും. മുയൽ വളർത്തൽ യൂണിറ്റ് അനുവദിപ്പിക്കുക.
7. പഞ്ചായത്തിൽ ജലാശയങ്ങൾ ഉള്ള പ്രദേശത്ത് താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിനു വേണ്ട സാമ്പത്തിക സഹായവും സബ്സിഡിയിനത്തിൽ നല്കുവാൻ ഉള്ള സംവിധാനവുമുണ്ടാക്കുക.
9. അത്യുല്പാദനം ഉള്ള ആടുകളെ ലഭ്യമാക്കുക. മാംസത്തിനുവേണ്ട ആടുകളെ വളർത്തുന്നതിനുള്ള യൂണിറ്റുകൾ അനുവദിക്കുക.
10. മൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക. വാർഡടിസ്ഥാനത്തിൽ സബ്സെന്ററുകൾ സ്ഥാപിക്കുക, മൃഗാശുപത്രിയിൽ കൂടുതൽ മരുന്നുകൾ ലഭ്യമാക്കുക.
11. ക്ഷീരവികസനത്തിന് നല്ല സാദ്ധ്യതകൾ നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ വിപണനം മെച്ചപ്പെടുത്താം. ക്ഷീരസംഘങ്ങളില്ലാത്ത വാർഡുകളിൽ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
12. പ്രാദേശിക വിഭവങ്ങൾകൊണ്ട് ഉല്പാദനം നട

ത്താൻ വാർഡുകൾ തോറും പൗൾട്രീഫാമുകൾ ആരംഭിക്കുക.

13. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ എല്ലാവാർഡിലും സ്ഥാപിക്കുക.

ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിച്ച് ശുദ്ധമായ മാംസവിതരണ സൗകര്യം ഉറപ്പാക്കുക.

14. പഞ്ചായത്തു തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക. കർഷക പ്രതിനിധികൾ പഞ്ചായത്തു മെമ്പർമാർ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുക.

## മത്സ്യബന്ധനം

ഏകദേശം പത്ത് കിലോമീറ്റർ ദൂരം പമ്പയാറ് ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്നുണ്ട്. ചെറിയ ഇനം- ആറ്റുമത്സ്യങ്ങൾ ഇവിടെ നിന്ന് സമീപവാസികൾ വലവീശി പിടിക്കുന്നതൊഴിച്ചാൽ മത്സ്യബന്ധനം പഞ്ചായത്തിൽ നടക്കുന്നില്ല.

ഈ പഞ്ചായത്തിന്റെ 9-ാം വാർഡിൽ ഇടമുറി എന്ന സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തി ചെറിയ രീതിയിൽ ശുദ്ധജലമത്സ്യകൃഷി നടത്തുന്നുണ്ട്. പ്രോത്സാഹനം നൽകിയാൽ ഈ സംരംഭം പുരോഗമിപ്പിക്കുന്നതിന് സാധിക്കും.

മത്സ്യവിപണനം നടത്തുന്നത് അത്തിക്കയം മാർക്കറ്റിൽ ആണ്. ഇതു മാത്രമാണ് പഞ്ചായത്തിൽ ഉള്ള ഏക മത്സ്യമാർക്കറ്റ്. എന്നാൽ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ചെറിയ രീതിയിൽ വാഹനങ്ങളിൽ കൂടി മത്സ്യവിപണനം നടക്കുന്നുണ്ട്. ദൂരെ സ്ഥലങ്ങളിൽനിന്ന് ഉണക്കമത്സ്യങ്ങളും ഇവിടെ കൊണ്ടുവന്ന് സ്വയംതൊഴിൽ എന്ന രീതിയിൽ വിപണനം

### അനുബന്ധം - 5

### പേവിഷബാധ-പ്രതിരോധവും ചികിത്സയും

| വിവരം | പട്ടികളുടെ എണ്ണം | മൊത്തം പട്ടികളുടെ എണ്ണം |
|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | 125 | 1438 |
| നൽകാത്തതിന്റെ എണ്ണം | 1313 | – |

നടത്തുന്നുണ്ട്. സർക്കാരിൽ നിന്ന് ധനസഹായം നല്കി ഇങ്ങനെയുള്ള മത്സ്യവിപണനക്കാരെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

മത്സ്യബന്ധനവും മത്സ്യകൃഷിയും ഈ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് സാധാരണക്കാരന്റെ ഭക്ഷണത്തിലെ നിത്യോപയോഗ സാധനമായ മത്സ്യത്തിന് അമിത വിലനൽകേണ്ടതായിവരുന്നു.

സാദ്ധ്യതകൾ

- നിലവിലുള്ള കുളങ്ങളും ജലാശയങ്ങളും വിപുലീകരിച്ച് മത്സ്യംവളർത്തലിന് അനുയോജ്യമാക്കിയാൽ ഒരു പരിധിവരെ മത്സ്യത്തിന് നൽകിവരുന്ന അമിത വില പിടിച്ചുനിർത്തുന്നതിനും അത്യാവശ്യം ജനങ്ങൾക്ക് ഉപയോഗത്തിനും മത്സ്യം ലഭിക്കുന്നതിന് ഇടയാകും.
- പഞ്ചായത്ത് മുഖേന സഹകരണസംഘങ്ങൾ മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യംവും പൊതു മാർക്കറ്റുകളും സ്ഥാപിച്ചാൽ, തീർത്തും ഗ്രാമപ്രദേശമായ നമ്മുടെ പഞ്ചായത്തിൽ മിതവിലയ്ക്ക് മത്സ്യം ലഭിക്കുന്നതും ആയത് ഗ്രാമവാസികൾക്ക് സഹായകമായിരിക്കുന്നതുമാണ്. നമ്മുടെ മാർക്കറ്റിൽ വിപണനക്കാർക്ക് നല്കിവരുന്ന അമിത വില ഒരു പരിധിവരെ തടയുവാനും സാധിക്കും.
- പ്രകൃതി മനോഹരമായ പെരുന്തേനരുവിയുടെ തീരത്ത് ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധം ആധുനിക രീതിയിൽ കുളം നിർമ്മിച്ച് മത്സ്യങ്ങളെ വളർത്തിയാൽ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാനും വിതരണം നടത്തുവാനും സാധിയ്ക്കും.
- നമ്മുടെ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന പമ്പാനദിയിലും ചെറിയ കുളങ്ങളിലും ജലാശയങ്ങളിലും കൂടുതൽ വളർച്ചയും അത്യുല്പാദനശേഷിയും ഉള്ളതരം മത്സ്യങ്ങളെ നിക്ഷേപിച്ചാൽ മത്സ്യങ്ങളുടെ ഉത്പാദനത്തിൽ വളർച്ചകണ്ടെത്തുന്നതിന് സാധിയ്ക്കും.
- പമ്പയാറിലും ചെറിയ തോടുകളിലും ചെറിയ രീതിയിൽ ഉള്ള മത്സ്യങ്ങളെ പിടിയ്ക്കുന്നതിനുവേണ്ടി മത്സ്യങ്ങളുടെ വംശനാശംതന്നെ സംഭവിക്കുന്നതരത്തിൽ ഉള്ള രാസവസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം കർശനമായും തടയേണ്ടതാണ്.
- നമ്മുടെ മാർക്കറ്റിൽ വരുന്ന ഉപയോഗയോഗ്യമല്ലാത്ത മത്സ്യങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായി ചെറിയതോതിൽ വളം നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുന്നത് നന്നായിരിക്കും.

## അനുബന്ധം - 2. നാറാണംമൂഴി ഗ്രാമപഞ്ചായത്ത് - വളർത്തുമൃഗങ്ങളുടെ സംഖ്യ

| വാർഡ് | കന്നുകാലികൾ (പശു, കാള) | എരുമ | ആട് | കോഴി | താറാവ് | പന്നി | പട്ടി |
|---|---|---|---|---|---|---|---|
| I | 210 | – | 125 | 1625 | 30 | 2 | 209 |
| II | 513 | 16 | 245 | 2267 | 49 | 12 | 374 |
| III | 238 | – | 105 | 1178 | 3 | 4 | 104 |
| IV | 184 | 18 | 68 | 743 | 9 | 8 | 96 |
| V | 139 | 1 | 94 | 902 | 5 | 7 | 99 |
| VI | 194 | 5 | 107 | 1113 | 2 | 5 | 107 |
| VII | 207 | 1 | 68 | 900 | – | – | 134 |
| VIII | 260 | – | 215 | 1279 | 9 | – | 250 |
| IX | 357 | 1 | 32 | 539 | 2 | – | 65 |
| Total | 2302 | 42 | 1059 | 10,536 | 109 | 38 | 1438 |

(Data based on the XVth Quinquennial Live Stock CensuS - 1995)

## അനുബന്ധം - 4
## നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധം | 21 | – | 18 | 2 | – | – | – | – | – | – |
| 2 | ശ്വാസകോശ സംബന്ധം | – | – | – | – | – | 18 | – | – | – | – |
| 3 | ഉപാപചയ സംബന്ധം | 3 | – | 1 | – | – | – | – | – | – | – |
| 4 | ത്വക് രോഗങ്ങൾ | 5 | – | 2 | – | – | – | – | – | – | – |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 3 | – | 1 | – | – | – | – | – | – | – |
| 6 | പരാദരോഗങ്ങൾ | 40 | – | 13 | – | – | – | – | – | – | – |
| 7 | പ്രത്യുല്പാദന സംബന്ധം | 8 | – | 1 | – | – | – | – | – | – | – |
| 8 | വന്ധ്യത | 3 | – | 1 | – | – | – | – | – | – | – |
| 9 | അകിടുവീക്കം | 4 | – | 1 | – | – | – | – | – | – | – |
| 10 | മുടന്തൻപനി | 3 | – | – | – | – | – | – | – | – | – |

(സ്ഥിതിവിവര കണക്കുകൾ രണ്ട് മാസത്തിലെ ശരാശരിയാണ്)

# 5.3
# വ്യവസായം



വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് നാറാണംമൂഴി. പൊതു മേഖലാ രംഗത്ത് ഒന്നും, സ്വകാര്യമേഖലയിൽ അഞ്ചും ചെറുകിട വ്യവസായങ്ങളാണ് ഇവിടെയുള്ളത്. കേന്ദ്ര ഗവ. സ്ഥാപനമായ റബ്ബർപാൽ സംസ്കരണ ഫാക്ടറി, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന തോണിക്കട വിൽ മൊസൈക് ഇൻഡസ്ട്രീസ്, നിമിത റബ്ബർ ത്രെഡ് ഫാക്ടറി, പുളിമൂട്ടിൽ സ്പെൻസർ ബ്രെഡ് ഫാക്ടറി, പൊയ്യാനിൽ റബ്ബർ ഫാക്ടറി എന്നിവ യാണ് എടുത്തു പറയാവുന്ന വ്യവസായങ്ങൾ.

റബ്ബറാണ് ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിള. കൃഷിക്കാർക്ക് റബ്ബറിൽ നിന്നുള്ള വരുമാനം, മറ്റ് നാണ്യവിളകളിലേക്കുള്ള താത്പര്യംകുറയ്ക്കുന്നു. എന്നാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന റബ്ബർ അസംസ്കൃത വസ്തുവായിതന്നെ കയറ്റി അയയ്ക്കുന്നു.

സാങ്കേതിക വിജ്ഞാനക്കുറവ്, മുതൽമുടക്കുന്നതിനുള്ള ശേഷിയില്ലായ്മ എന്നിവ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സങ്ങളാകുന്നു.

### നിലവിലുള്ള വ്യവസായം

**1. പരമ്പരാഗതവ്യവസായം**

പരമ്പരാഗത വ്യവസായങ്ങൾ പലതും നാമാനവശേഷമാവുകയും ചിലത് നാമമാത്രമായി പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്. പർപ്പടക നിർമ്മാണം, പണിയായുധങ്ങളുടെ നിർമ്മാണം (കൊല്ലപ്പണി), സ്വർണ്ണപ്പണി, ആശാരിപ്പണി എന്നിവയാണ് ചെറിയ തോതിലെങ്കിലും നിലനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ. ഈറ്റ, തഴ എന്നിവകൊണ്ട് പനമ്പ്, പായ്, കുട്ട തുടങ്ങിയവ നെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾ ഇല്ല. അസംസ്കൃത സാധനങ്ങൾ ലഭിക്കാത്തതും, ന്യായമായവില കിട്ടാത്തതും, വിപണന സൗകര്യക്കുറവുംകാരണം ഈ രംഗത്തെ തൊഴിലാളികൾ പ്രത്യേകിച്ച് സ്ത്രീകൾ കർഷകതൊഴിലാളി (കർഷക പണിയാളായി) രംഗത്തേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു.

**2. സഹകരണമേഖല**

ഈ രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന ചെള്ളനാവയൽ വനിതാ കരകൗശല സഹകരണസംഘം ഇപ്പോൾ കാര്യമായി ഇതിൽ ശ്രദ്ധപതിപ്പിക്കുന്നില്ല. പൊതുകമ്പോളത്തിൽ മത്സരശേഷിക്കുറവും, അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യവും, ചെലവ് കൂടുതലും ആണ് അതിനുള്ള കാരണങ്ങൾ. അതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നില്ല. ഇപ്പോൾ വനവിഭവങ്ങൾ സംഘം ചുമതലയിൽ ശേഖരിക്കുന്നു. അടിച്ചിപ്പുഴ പട്ടികവർഗ്ഗ സഹകരണ സംഘവും വനവിഭവങ്ങൾ ശേഖരിക്കുന്നു. നമ്മുടെ താലൂക്കിലെ റേഞ്ചുകളിൽ സ്വകാര്യ വനവിഭവശേഖരണക്കാർ ഒരു ഭീഷണിയായി നിലനിൽക്കുന്നു. കരികുളം പട്ടികവർഗ്ഗ സർവ്വീസ് സഹ. സംഘം ചുമതലയിൽ നടത്തിയ ക്വാറി യൂണിറ്റ് ഇപ്പോഴില്ല. തൊഴിലാളികളുടെ സാങ്കേതിക വിജ്ഞാനക്കുറവും. സ്വകാര്യ പാറമടകളുടെ മത്സരവുമാണ് ഇതിനു കാണം.

**3. വൻകിട വ്യവസായം**

കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ചേത്തയ്ക്കൽ റബ്ബർ പ്ലാന്റേഷനും, അതിനോടനുബന്ധിച്ചുള്ള ചേത്തയ്ക്കൽ റബ്ബർപാൽ സംസ്കരണ ഫാക്ടറിയുമാണ് ഈ പഞ്ചായത്തിലെ വൻകിട വ്യവസായ സ്ഥാപങ്ങൾ. ഈ പ്ലാന്റ് പരീക്ഷണശാലയാണ്.

### നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| വാർഡ് | വ്യവസായം | മേഖല | എണ്ണം |
|---|---|---|---|
| 1. | തോണിക്കടവിൽ | | |
| | മൊസൈക് ഇൻഡസ്ട്രീസ് | സ്വകാര്യം | 1 |
| | സോഡാ ഫാക്ടറി | " | 1 |
| 2. | ക്ഷീരോല്പാദന യൂണിറ്റ് | ക്ഷീരവകുപ്പ് | 1 |
| | ഫ്ലവർമിൽ | സ്വകാര്യം | 1 |

| | | | |
|---|---|---|---|
| 3. | സോമിൽ | " | 1 |
| | സോപ്പുനിർമ്മാണം | " | 1 |
| | ക്വാറി യൂണിറ്റ് | " | 2 |
| 4. | ഫർണിച്ചർ യൂണിറ്റ് | " | 1 |
| | ക്ഷീരോല്പാദന കേന്ദ്രം | മിൽമ, ക്ഷീരവകുപ്പ് | 1 |
| | റബ്ബർ ഉല്പാദന കേന്ദ്രം | റബ്ബർബോർഡ് | 1 |
| 5. | സെൻറ് മേരീസ് | | |
| | റബ്ബർബാന്റ് യൂണിറ്റ് | സ്വകാര്യം | 1 |
| 6. | ക്വാറി യൂണിറ്റ് | " | 1 |
| 7. | നിമിത റബ്ബർ ത്രെഡ് ഫാക്ടറി | " | 1 |
| | പ്രിന്റിംഗ് പ്രസ്സ് | " | 1 |
| | വർക്ക്ഷോപ്പ് | " | 1 |
| | ഇഷ്ടിക നിർമ്മാണം | " | 1 |
| | ഹോളോബ്രിക്സ് | " | 1 |
| | ഫ്ലവർമിൽ | " | 3 |
| | കേറ്ററിംഗ്സ് | " | 2 |
| | ഐസ്ക്രീം പാർലർ | " | 1 |
| | ബേക്കറി യൂണിറ്റ് | " | 1 |
| | സ്പെൻസർ ബ്രെഡ് ഫാക്ടറി | " | 1 |
| 8 | കരിപൗഡർയൂണിറ്റ് വനിത | " | 1 |
| | ചൂരൽ വ്യവസായം | സഹകരണ സംഘം | 1 |
| | വനവിഭവശേഖരണം | " | 1 |
| 9. | ക്ഷീരോല്പാദനക കേന്ദ്രം മലനാട് | " | 1 |
| | പോയ്യാനിൽ റബ്ബർ | | |
| | സംസ്കരണ ഫാക്ടറി | " | 1 |

### പ്രശ്നങ്ങൾ

1. രണ്ടാംവാർഡിലുള്ള ഹോളോ ബ്രിക്സ് യൂണിറ്റ്, മൂന്നാം വാർഡിലെ ക്വാറി യൂണിറ്റ് എന്നിവ രോഗ ഗ്രസ്തമാണ്. കമ്പോളത്തിലെ മത്സരശേഷിക്കുറവും, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.
2. പ്രധാന കാർഷിക വിളയായ റബ്ബർ വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
3. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക വിജ്ഞാനക്കുറവ്.
4. വ്യവസായിക വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. വിപണന സൗകര്യങ്ങളുടെ കുറവ്.
6. വ്യവസായങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സം.
7. ഗതാഗത സൗകര്യങ്ങളുടെ കുറവ്.
8. പരമ്പരാഗത തൊഴിലാളികൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാകുന്നില്ല.

### നിർദ്ദേശങ്ങൾ

1. ഖാദിബോർഡിന്റെ പട്ടുനൂൽ ഉല്പാദനവും, നെയ്ത്ത് ശാലകളും സ്ഥാപിക്കണം.
2. ട്രൈസം പദ്ധതിയിലൂടെ കൂടുതൽ ആളുകൾക്ക് തൊഴിൽ പരിശീലനം നൽകിയാൽ സ്വയംതൊഴിൽ പദ്ധതിയിലൂടെ തൊഴിലില്ലായമ പരിഹരിക്കാൻ കഴിയും.
3. വ്യവസായങ്ങൾ തുടങ്ങാൻ തയ്യാറുള്ളവർക്ക് ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും മറ്റും ആഭിമുഖ്യത്തിൽ സാങ്കേതികമായ പരിശീലനം നൽകാൻവേണ്ട നടപടികൾ പഞ്ചായത്ത് മുൻകയ്യെടുത്ത് നടത്തണം. ഇതിനായി സ്വയം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ രൂപീകരിച്ച് അനുയോജ്യമായ പദ്ധതികൾ, പ്രാദേശിക സംരഭസാദ്ധ്യതകൾ, ധനസഹായ മാർഗ്ഗങ്ങൾ, എന്നിവയുൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കണം.
4. ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനവും, മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ബാങ്ക് അധികൃതർ എന്നിവരെ ഉൾപ്പെടുത്തി വ്യവസായ വികസന സമിതി രൂപീകരിക്കുക.
5. ചെറുകിട വ്യവസായ സംരംഭകരെ ബോധവത്കരിക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കുക.
6. വ്യവസായ സംരംഭങ്ങൾക്ക് അവശ്യമായ വൈദ്യുതി നൽകണം.
7. ട്രാൻസ്പോർട്ടിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
8. വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
9. ഉല്പന്നങ്ങൾ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ ആരംഭിച്ചാൽ ഇടത്തട്ടുകാരെ ഒഴിവാക്കാം.

### വൻകിട വ്യവസായങ്ങൾ

റബ്ബർ പ്രധാന കാർഷിക ഉല്പന്നമായതിനാൽ ലാറ്റക്സ് വൻതോതിൽ ശേഖരിച്ച് ക്രംബ് റബ്ബർ ഫാക്ടറിയും, ടയർനിർമ്മാണശാലയും ആരംഭിക്കണം.

### സാദ്ധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

1. റബ്ബർ ബാന്റ്, റബ്ബർ ബുഷ്, കൈയ്യുറ, റബ്ബർകളിക്കോപ്പുകൾ.
2. റബ്ബർ തടി കൊണ്ടുള്ള ഫർണിച്ചർ.
3. ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ
4. ക്ഷീരോല്പാദന യൂണിറ്റുകൾ
5. സോപ്പുനിർമ്മാണം
6. മെഴുകുതിരി നിർമ്മാണം

7. സാമ്പ്രാണിതിരി നിർമാണം
8. തീപ്പെട്ടി വ്യവസായം
9. കൈത്തറി നെയ്ത്ത്ശാല
10. കോഴി വളർത്തൽ
11. ചെടിക്കൃഷി
12. റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ്
13. തേനീച്ച വളർത്തൽ
14. മീൻ വളർത്തൽ
15. ഫർണിച്ചർ യൂണിറ്റ്
16. കരകൗശല വസ്തുക്കളുടെ നിർമ്മാണം
17. അലുമിനിയം ഫാക്ടറി.

മലിനീകരണ പ്രശ്നം

ഇടമുറിയിൽ പ്രവർത്തിക്കുന്ന പൊയ്യാനിൽ റബ്ബർ സംസ്കരണ ഫാക്ടറിയിൽ ജലമലിനീകരണവും, അന്തരീക്ഷ മലിനീകരണവും ഉണ്ടാകുന്നതായി ഗ്രാമവാസികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ വേണ്ട നടപടി സ്വീകരിക്കണം.



## 5.4
# വിദ്യാഭ്യാസം

ദക്ഷിണ ഭാരതത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയ്ക്കടുത്തു സ്ഥിതിചെയ്യുന്നഒരു പഞ്ചായത്താണ് നാറാണംമൂഴി. ഏറ്റവുംപഴക്കമുള്ള പ്രദേശത്തു ജനവാസം തുടങ്ങിയിട്ട് ഏതാണ്ട് 150 വർഷങ്ങളേ ആയിട്ടുള്ളു. സിംഹഭാഗവും വനങ്ങളായിരുന്നു. അടിച്ചിപ്പുഴ, ഇടമുറി എന്നീ വാർഡുകളിൽ ജനവാസം ആരംഭിച്ചിട്ട് ഏതാണ്ട് 25 വർഷമേ ആയിട്ടുള്ളു. ഈ ചരിത്രപശ്ചാത്തലത്തിൽ വേണം ഇവിടത്തെ വിദ്യാഭ്യാസ പ്രസ്ഥാനത്തെ വിലയിരുത്താൻ.

ഈ പഞ്ചായത്തിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിക്കുന്നത് ഇതിന്റെ ആസ്ഥാനമായ നാറാണംമൂഴിയിലാണ്. ഏകദേശം 80 വർഷങ്ങൾക്കു മുമ്പ് കുറ്റിയിൽ ശ്രീ. ഇടിക്കുള ഏബ്രഹാം സംഭാവന ചെയ്ത സ്ഥലത്ത് എം.ടി.എൽ.പി. സ്കൂൾ എന്ന പേരിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്നു കുട്ടികളുടെ കുറവുകൊണ്ട് പ്രതിസന്ധി നേരിടുകയാണ്. 1949 ജൂൺ 6-ാം തീയതി നാറാണംമൂഴി സെൻറ് ജോസഫ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. ഈ സ്കൂൾ പിന്നീട് ഹൈസ്കൂളായിത്തീർന്നു. 1954-ൽ എസ്.എസ് എൽ.സി.ക്ക് ആദ്യത്തെ ബാച്ച് പരീക്ഷ എഴുതി. ഈ സ്കൂൾ സ്ഥാപിക്കാൻ മുൻകൈ എടുത്തു പ്രവർത്തിച്ചത് അറയ്ക്കമണ്ണിൽ ശ്രീ.എ.എം. ജോസഫും സഹോദരന്മാരുമാണ്.

1948-ൽ 362-ാം നമ്പർ നാറാണംമൂഴി എസ്.എൻ.ഡി.പി. ശാഖാ യോഗത്തിന്റെ മേൽനോട്ടത്തിൽ ശാഖാ മന്ദിരത്തിൽ നടത്തിയിരുന്ന വിദ്യാലയമാണ് നാറാണംമൂഴി സ്പെഷ്യൽ എൽ.പി.സ്കൂൾ. 1952-ൽ യാതൊരു പ്രതിഫലവും വാങ്ങാതെ വിദ്യാലയം സ്ഥലമുഴ്പ്പെടെ ഗവൺമെൻറിലേക്കു കൈമാറി. വിദ്യാർത്ഥികളുടെ കുറവുമൂലംസമീപകാലത്ത് ഈ സ്ഥാപനം നിന്നുപോയി.

ഇപ്പോൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ആകെ 8 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പൂപ്പള്ളി വാർഡിൽ സ്ഥിതിചയ്യെുന്ന ഗവ. എൽ.പി.സ്കൂൾ നാറാണംമൂഴി, കുടമുരുട്ടി വാർഡിൽ എൽ.പി. വിഭാഗവും യു.പി.വിഭാഗവും ഒന്നിച്ചു പ്രവർത്തിക്കുന്ന ഗവ.യു.പി. സ്കൂൾ കുടമുരുട്ടി, കടുമൻചിറവാർഡിൽ എൽ.പി. യു.പി, എച്ച്.എസ്. ഇവ മൂന്നും ഒന്നിച്ചു പ്രവർത്തിക്കുന്ന ഗവ. ഹൈസ്കൂൾ കടുമീൻ ചിറ, കക്കുടുമൺ വാർഡിൽ സ്ഥിതിചെയ്യുന്ന സെൻറ് മാത്യൂസ് എൽ.പി.സ്കൂൾ, കണ്ണമ്പള്ളി നാറാണംമൂഴി വാർഡിൽ സ്ഥിതിചെയ്യുന്ന മാർത്തോമാ എൽ.പി.സ്കൂൾ നാറാണംമൂഴി, യു.പി.യും എച്ച്.എസും ഒന്നിച്ചു പ്രവർത്തിക്കുന്ന സെൻറ്ജോസഫ്സ് നാറാണംമൂഴി, അടിച്ചിപ്പുഴവാർഡിൽ സ്ഥിതി ചെയ്യുന്ന ഗവ.എൽ.പി. സ്കൂൾ, മാടമൺ വടക്ക്, ഇടമുറി വാർഡിൽ എൽ.പി., യു.പി., എച്ച്.എസ് ഇവ മൂന്നും ഒന്നിച്ചു പ്രവർത്തിക്കുന്ന ഗവ. ഹൈസ്കൂൾ ഇടമുറി എന്നിവയാണ്.

16000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ 8 സ്കൂളുകളിലായി 1989 കുട്ടികൾ അദ്ധ്യയനം നടത്തിവരുന്നു. അദ്ധ്യാപകരുടെ എണ്ണം 89 ആണ്. മലയോരപ്രദേശമായ ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകൾ മാത്രമാണുള്ളത്. 4-ാം വാർഡായ ചെമ്പനോലി, 5-ാം വാർഡായ തോമ്പിക്കണ്ടം എന്നീ പ്രദേശങ്ങളിൽ സ്കൂളുകൾ ഒന്നുംതന്നെയില്ല. ഈ പ്രദേശങ്ങളിലെ കൊച്ചുകുട്ടികൾ രണ്ടും മൂന്നും കിലോമീറ്ററുകൾ അകലെയുള്ള സ്കൂളുകളിൽ എത്തിയാണു പഠനം നടത്തുന്നത്. പ്രസ്തുത പ്രദേശങ്ങളിൽ ഓരോ സ്കൂളുകൾ ആവശ്യമാണ്. പമ്പാനദിയുടെ മറുകരയിൽ സ്ഥിതി ചെയ്യുന്ന കുടമുരുട്ടി വാർഡിൽ ഒരു

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവർ | ഒഴിവുകൾ |
| 1 | ഗവ. എൽ.പി. സ്കൂൾ നാറാണമൂഴി | ഗവൺമെൻറ് | 38 | 29 | 67 | 4 | 4 | – |
| 2 | ഗവ യു.പി. സ്കൂൾ എൽ.പി. കുടമുരുട്ടി യു.പി. | ഗവൺമെൻറ് | 59<br>65 | 40<br>66 | 230 | 8 | 8 | — |
| 3 | ഗവ.ഹൈസ്കൂൾ എൽ.പി. കടുമീൻ ചിറ യു.പി., എച്ച്.എസ്. | ഗവൺമെൻറ് | 46<br>62<br>76 | 51<br>49<br>96 | 380 | 21 | 19 | 2 |
| 4 | സെൻറ് മാത്യൂസ് എൽ.പി.സ്കൂൾ കണ്ണമ്പള്ളി | എയിഡഡ് | 159 | 146 | 305 | 10 | 10 | — |
| 5 | മാർത്തോമ്മ എൽ.പി.സ്കൂൾ നാറാണംമൂഴി | എയിഡഡ് | 34 | 30 | 64 | 3 | 3 | — |
| 6 | സെൻറ് ജോസഫ്സ് യു.പി. എച്ച്.എസ്. നാറാണംമൂഴി എച്ച്.എസ്. | എയിഡഡ് | 85<br>160 | 72<br>152 | 469 | 22 | 21 | 1 |
| 7 | ഗവ. എൽ.പി. സ്കൂൾ മാടമൺ വടക്ക് | ഗവൺമെൻറ് | 29 | 43 | 72 | 4 | 2 | 2 |
| 8 | ഗവ. ഹൈസ്കൂൾ എൽ.പി. ഇടമുറി യു.പി., എച്ച്.എസ്. | ഗവൺമെൻറ് | 69<br>61<br>76 | 62<br>61<br>73 | 402 | 17 | 16 | 1 |
| | ആകെ | | 1029 | 970 | 1989 | 89 | 83 | 6 |

## പട്ടിക 1 ബി. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾ

| എൽ.പി. സ്കൂൾ | | | യു.പി. സ്കൂൾ | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി./ എസ്.ടി | % | ആകെ | എസ്.സി./ എസ്.ടി | % | ആകെ | എസ്.സി./ എസ്.ടി | % |
| 835 | 835 | 27% | 521 | 137 | 26% | 683 | 88 | 14% |

എൽ.പി.സ്കൂൾ മാത്രമാണുള്ളത്. വർഷകാലങ്ങളിൽ നദി കരകവിഞ്ഞൊഴുകുമ്പോൾ മറുകരയിലുള്ള ഹൈസ്കൂളുകളിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് കുടമുരുട്ടി യു.പി.സ്കൂൾ ഒരു ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

മുതലായ കാരണങ്ങളാൽ സർക്കാർ സ്കൂളുകളിലെ പഠന നിലവാരംതാഴുകയും എസ്.എസ്.എൽ.സി. വിജയശതമാനം വളരെ കുറയുകയും ചെയ്യുന്നു.

വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളുടെ ഫലമായി ഗ്രാമപ്രദേശത്തെ ചില സാധാരണക്കാർ പോലും തങ്ങളു

പട്ടിക 1 സി. ഇടക്കു വച്ചു പഠനം നിർത്തിയവർ

| ആകെ | എസ്.സി./എസ്.ടി. | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1989 | 17 | 14 | 31 | 18 | 7 | 25 |

ഈ പഞ്ചായത്തിന്റെ 5-ാം വാർഡായ തോമ്പിക്കണ്ടം പട്ടികജാതി സംവരണ വാർഡും 8-ാം വാർഡായ അടിച്ചിപ്പുഴ പട്ടിക വർഗ്ഗ സംവരണ വാർഡുമാണ്. പട്ടികജാതി, വർഗ്ഗക്കാർ ഏറെയുള്ള ഈ പഞ്ചായത്തിൽ 454 എസ്.സി./എസ്.ടി.കുട്ടികൾ ഇവിടെയുള്ള വിവിധ സ്കൂളുകളിൽ പഠിക്കുന്നു. ിവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പഠന നിലവാരം വളരെ താണ നിലയിലാണ്.

സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ ഇടയ്ക്കുവച്ചു പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞു പോയവരുടെ പട്ടിക് 1(സി) ൽ കൊടുത്തിരിക്കുന്നു.

ടെ കുട്ടികളെ റാണി മുതലായ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു പറഞ്ഞയയ്ക്കുന്നുണ്ട്. ഏതാണ്ട് 120 ഓളം കുട്ടികൾ പ്രസ്തുത സ്കൂളുകളിലേക്കു പോകുന്നു. പണമുള്ളവന് ഒരു വിദ്യാഭ്യാസം, പണമില്ലാത്തവന് മറ്റൊരു വിദ്യാഭ്യാസം എന്ന ഈ പോക്ക് നമ്മുടെ ഗ്രാമത്തിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയില്ലേ എന്നു നാം ആലോചിക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. റാന്നി, കോഴഞ്ചേരി, പത്തനംതിട്ട, തിരുവല്ല എന്നിവിടങ്ങളിലുള്ള കോളജുകളിലാണ് കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നത്. പ്രി-ഡിഗ്രി, പ്ലസ് റ്റൂ, ബിരുദ സാങ്കേതിക പഠനങ്ങൾക്കായി മറ്റു പ്രദേശങ്ങളിലേക്കു

പട്ടിക 2

ഗവ. സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും

| പഞ്ചായത്തിലെ സ്കൂളുകളിലെ ആകെ അദ്ധ്യാപകർ | ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | % | പഞ്ചായത്തിലെ സ്കൂളുകളിലെ ആകെ കുട്ടികളുടെ എണ്ണം | ഗവ. സ്കൂളുകളിലെ കുട്ടികൾ | % |
|---|---|---|---|---|---|
| 89 | 54 | 61% | 1989 | 1151 | 58% |

ആകെയുള്ള 8 സ്കൂളുകളിൽ 5 എണ്ണവും സർക്കാർ സ്കൂളുകളാണ്. 2 എൽ.പി., 1 യു.പി. , 2 ഹൈസ്കൂൾ. ആകെയുള്ള 1989 കുട്ടികളിൽ 1151 എണ്ണവും (58%) സർക്കാർ സ്കൂളുകളിൽ പഠിക്കുന്നു. ആകെയുള്ള 89 അദ്ധ്യാപകരിൽ 54 പേർ (6%) സർക്കാർ സ്കൂളുകളിൽ ജോലിനോക്കുന്നു. ഭൂരിപക്ഷം സ്കൂളുകളും സർക്കാർ മേഖലയിലായതിനാൽ സ്കൂൾ കെട്ടിടങ്ങളുടെ അപര്യാപ്തത, പഠനോപകരണങ്ങളുടെ കുറവ്, ഒഴിവു വരുന്നിടത്ത് യഥാസമയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കാതിരിക്കുക, അദ്ധ്യാപകരിൽ ചിലരുടെ ഉദാസീനത

പോകുന്നവരുടെ എണ്ണം 232 ആണ്.

പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലെയും വിജയശതമാനം വളരെക്കുറവും വിജയിക്കുന്നവരുടെ മാർക്ക് വളരെ കുറവായതിനാലും അഫിലിയേറ്റഡ് കോളജുകളിൽ വളരെ കുറച്ചു പേർക്കു മാത്രമേ പ്രവേശനം ലഭിക്കാറുള്ളു. ബാക്കി കുട്ടികളൊക്കെയും റാന്നിയിലുള്ള വിവിധ പാരലൽ കോളജുകളിലാണു പഠിക്കുന്നത്. ഈ പഞ്ചായത്തിൽ അറയ്ക്കമൺ, അത്തിക്കയം, മന്ദിരം എന്നീ മൂന്നു സ്ഥലങ്ങളിൽ കുട്ടികൾക്കു ട്യൂഷൻ നൽകുന്നതിനു സെൻററുകളുണ്ട്. ഹൈസ്കൂൾ ക്ലാസു

കളിൽ പഠിക്കുന്ന കുട്ടികൾക്കും, എസ്.എസ്. എൽ.സി. തോറ്റ കുട്ടികൾക്കും പി.ഡി.സി.യ്ക്കും ഇവിടെ ക്ലാസുകൾ എടുക്കുന്നു.

ഈ പഞ്ചായത്തിൽ അത്തിക്കയത്തു മാത്രമാണ് രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉള്ളത്. അവിടെ 75-ൽ പരം കുട്ടികൾ പരിശീലനം നടത്തിവരുന്നു. നാറാണംമൂഴി, അത്തിക്കയം അടിച്ചിപ്പുഴ എന്നിവിടങ്ങളിലായി മൂന്നു തയ്യൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്., 60-ൽ പരം കുട്ടികൾ ഈ കേന്ദ്രങ്ങളിൽ നിന്നും പരിശീലനം നേടുന്നു. കമ്പ്യൂട്ടർ ട്രെയിനിംഗ് അടക്കമുള്ള മറ്റു സാങ്കേതികസ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

കുടമുരുട്ടിയിൽ മലയാളം മാദ്ധ്യമത്തിലുള്ള ഒരു നഴ്സറി സ്കൂളും നാറാണത്തുമൂഴിയിൽ ഇംഗ്ലീഷ് മാദ്ധ്യമത്തിലുള്ള ഒരുനഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. 9 വാർഡുകളുള്ള ഈ പഞ്ചായത്തിൻെറ 4 വാർഡുകളിൽ മാത്രമാണ് ഓരോ അങ്കണവാടികൾ ഉള്ളത്. കൊച്ചുകുളം, കക്കുടുമൺ, തോമ്പിക്കണ്ടം, നാറാണംമൂഴി എന്നിവിടങ്ങളിലാണിവ. 1000 പേർക്ക് ഒന്ന് എന്ന അനുപാതം പാലിക്കപ്പെടണമെങ്കിൽ 12 അങ്കണവാടികൾ കൂടി ഈ പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

വിദ്യാലയങ്ങളും വിദ്യാസമ്പന്നരും നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടെങ്കിലും ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരർ ധാരാളമുണ്ട്. 1990-ലെ സാക്ഷരതാ യജ്ഞത്തിൻെറ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ

ഉരുത്തിരിഞ്ഞു വന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 9 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം രജീവ ചർച്ചയ്ക്കു വിധേയമായി. പൊതുവായി അക്കാഡമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തിയതായിക്കാണാം. അക്കാഡമിക് നിലവാരത്തകർച്ച, സമരംകൊണ്ടും മറ്റുമുണ്ടാകുന്ന അദ്ധ്യയനനഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, അദ്ധ്യാപക-രക്ഷാകർത്തൃസമിതി, ഉച്ചക്കഞ്ഞി വിത രണം, പുതിയ സ്കൂളുകളുടെ ആവശ്യകത, അപ്ഗ്രേഡ് ചെയ്യൽ, അദ്ധ്യാപകരുടെ പഠന പരിശീലന ലഭ്യത, മാസാന്ത്യപരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിത്യാദിവിഷയങ്ങളെക്കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നതായി കാണുന്നു.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ് മുറികളിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. വൃത്തിയുള്ള ക്ലാസ് മുറികൾ, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ലാത്ത സ്കൂളുകളിൽ

പട്ടിക 4

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കുന്നത് | ലാബ് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | ഫിലിം പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് | മാതൃസംഘം സജീവം | പി.ടി.എ. സജീവം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 1 | 3 | - | 4 | 4 | 3 | - | 1 | 3 | 2 | 5 | 4 |
| ഇല്ലാത്തത് | - | - | 5 | - | 4 പരിമിതം | 4 | 5 | 8 | 7 | 5 | 6 പരിമിതം | 3 പരിമിതം | 4 |

നിരക്ഷരരായി എന്നതാണ് ദുഃഖസത്യം. പട്ടികജാതി/വർഗ്ഗക്കാർ ധാരാളമുള്ള ഈ പഞ്ചായത്തിൽ 35 ശതമാനത്തോളം നിരക്ഷരരുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന്

വിദ്യാർത്ഥികളുടെ ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. വിശ്രമയ സമയങ്ങളിലിരുന്നു ലൈബ്രറിപുസ്തകങ്ങൾ വായിക്കുന്നതിന് ഒരു റീഡിംഗ് റൂമോ പരീക്ഷണങ്ങൾ കാണിക്കുന്നതിന് ഒരു ലാബ്രട്ടറി റൂമോ ഒരു സ്കൂളിലുമില്ല.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. 9 സ്കൂളുകളിൽ 5 ഉം സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നവയായതു കൊണ്ട് അവയുടെ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്. സ്കൂൾ കെട്ടിടങ്ങളോ ക്ലാസ് മുറികളോ ആവശ്യത്തിനില്ലാത്തതാണ് അവയിൽ പലതും. ഉള്ളവ തന്നെ വെടിപ്പും വൃത്തിയും സുരക്ഷിതവുമുള്ളവയല്ല.

പട്ടിക 5 ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ജി.എൽ.പി.എസ്. നാറാണംമൂഴി | 67 | 4 | 1 | 1 | ഇല്ല | ഇല്ല |
| ജി.യു.പി.എസ്. കുടമുരുട്ടി | 230 | 8 | 2 | 1 | ഉണ്ട് | ഉണ്ട് |
| ജി.എച്ച്.എസ്. കടുമീൻചിറ | 380 | 21 | 2 | 1 | പൈപ്പ് | ഉണ്ട് |
| സെൻറ് മാത്യൂസ് എൽ.പി.എസ്. കണ്ണമ്പള്ളി | 305 | 10 | 2 | 1 | ഉണ്ട് | ഉണ്ട് |
| മാർത്തോമ്മ എൽ.പി.എസ്. നാറാണംമൂഴി | 64 | 3 | 1 | ഇല്ല | ഇല്ല | ഇല്ല |
| സെൻറ് ജോസഫ്സ് എച്ച്.എസ്., നാറാണംമൂഴി | 469 | 22 | 2 | 1 | ഇല്ല | ഉണ്ട് |
| ജി.എൽ.പി.എസ്. മാടമൺ വടക്ക് | 72 | 4 | 1 | ഇല്ല | ഇല്ല | ഇല്ല |
| ജി.എച്ച്.എസ്. ഇടമുറി | 402 | 17 | 2 | 1 | ഇല്ല | ഉണ്ട് |
| ആകെ | 1989 | 89 | 13 | 6 | - | - |

പട്ടിക 6 എ
എസ്.എസ്.എൽ.സി. വിജയ ശതമാനം

| സ്കൂളിൻെറ പേര് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| ഗവ. ഹൈസ്കൂൾ കടുമീൻചിറ | - | 39 | 32 | 37 | 24 |
| സെൻറ് ജോസഫ് ഹൈസ്കൂൾ നാറാണംമൂഴി | 32 | 28 | 30 | 31 | 24 |
| ഗവ. ഹൈസ്കൂൾ ഇടമുറി | | 33 | 18 | 27 | 7 |

പട്ടിക 6 ബി

1996-97 ലെ പാദവർഷിക പരീക്ഷ

| ക്ലാസ്സുകൾ | 30%ത്തിനു താഴെ മാർക്കു ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്കു ലഭിച്ചവർ | 40%നും 50%നും ഇടയിൽ മാർക്കു ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്കു ലഭിച്ചവർ | 60%നും മുകളിൽ മാർക്കു ലഭിച്ചവർ |
|---|---|---|---|---|---|
| III | 49 | 34 | 26 | 26 | 74 |
| IV | 49 | 33 | 30 | 32 | 53 |
| V | 70 | 39 | 30 | 31 | 42 |
| VI | 93 | 52 | 28 | 32 | 42 |
| VII | 104 | 47 | 38 | 32 | 36 |
| VIII | 118 | 41 | 25 | 9 | 6 |
| IX | 145 | 59 | 29 | 8 | 5 |
| X | 130 | 42 | 13 | 12 | 2 |

അടിച്ചിപ്പുഴവാർഡിലുള്ള ഗവ. എൽ.പി. സ്കൂൾ മാടമൺ വടക്ക് വാർപ്പു കെട്ടിടമാണെങ്കിലും ഏതുസമയത്തും നിലം പതിക്കാവുന്ന അവസ്ഥയിലാണ്. ഇതുപോലെ പല സ്കൂൾകെട്ടിടങ്ങളും പോരായ്മകൾ നിറഞ്ഞതാണ്. 153 പേർക്ക് ഒരു മൂത്രപ്പുരയും 332 പേർക്ക് ഒരു കക്കൂസുമാണ് നിലവിലുള്ളത്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനവും 1996-97 ലെ പാദവാർഷിക പരീക്ഷയ്ക്ക് 3 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ മാർക്കിൻെറ ശതമാനവും പട്ടിക 6 എ, പട്ടി 6 ബി എന്നിവയിൽ ചേർത്തിരിക്കുന്നതു കാണുക.

നിരവധി വസ്തുതകൾ വിദ്യാഭ്യാസ നിലവാരം താഴുന്നതിനു കാരണമായി ചൂണ്ടിക്കാണിക്കാം. വിദ്യാർത്ഥി സമരങ്ങൾ, വിദ്യാലയ രാഷ്ട്രീയം, ദൃശ്യമാദ്ധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത, ഓൾപ്രമോഷൻ, വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യക്കുറവ്, ശക്തമായ അദ്ധ്യാപക-രക്ഷാകർത്തൃസമിതിയുടെ അഭാവം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, ഇപ്പോഴത്തെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, ആധുനിക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കുറവ്, സർക്കാർ സ്കൂളുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കാതിരിക്കുക, ഇവയെല്ലാം നിലവാരത്തകർച്ചയ്ക്കു കാരണമാകുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 5 കൊല്ലത്തേയ്ക്ക് ഈ പഞ്ചായത്തിൽ പൊതുവേ വിദ്യാഭ്യാസത്തിനുവേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാഡ് 1 തോണിക്കടവ്

സ്വന്തമായി കെട്ടിടമുള്ള യുവചേതന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിൽ പഞ്ചായത്തു ധനസഹായത്തോടെ ഒരു ലൈബ്രറി ആരംഭിക്കുക.

കൊച്ചുകുളത്തു പ്രവർത്തിക്കുന്ന നവദാരത ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങാനാവശ്യമായ ഗ്രാൻറ നൽകുക.

കൊച്ചുകുളത്തു പ്രവർത്തിക്കുന്ന നവഭാരത ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങാനാവശ്യമായ ഗ്രാൻറ് നൽകുക.

കൊച്ചുകുളത്തു നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ബാലവാടിക്കു വേണ്ടി തുറന്നുകൊടുക്കുക.

അറയ്ക്കമൺ, ചേന്നംപാറ പ്രദേശത്ത് ഒരു ഗ്രന്ഥശാല ആരംഭിക്കുക.

വാർഡ് 2 കുടമുരുട്ടി

കുരുമ്പൻ മൂഴി ഗിരിവർഗ്ഗ കോളനിയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക, കുരുമ്പൻ മൂഴി ഗിരി

വർഗ്ഗ കോളനിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്രാഫ്റ്റ് സെൻററിന് സ്ഥിരം കെട്ടിടം പണിത് അവിടെ സെൻറർ പുനഃസ്ഥാപിക്കുക, കുരുമ്പൻമൂഴി, ഗ്രാമവികസന സമിതിയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള ഗ്രന്ഥശാലയ്ക്ക് പുസ്തകങ്ങളും ഫർണീച്ചറുകളും നൽകുക.

വാർഡ് 3 കടുമീൻചിറ

നിർത്തലാക്കിയ സ്പെഷ്യൽ എൽ.പി.സ്കൂളിൽ ഒരു നേഴ്സറി സ്കൂൾ ആരംഭിക്കുക. കടുമീൻ ചിറ ഹൈസ്കൂളിന് 10 ക്ലാസ് മുറികളുള്ള ഒരു കെട്ടിടവും ഫർണീച്ചറുകളും, ലാബ്, ലൈബ്രറി, കളിസ്ഥലം എന്നിവയും നിർമ്മിച്ചുകൊടുക്കുക, ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുക.

## വാർഡ് 4 ചെമ്പനോലി

വാർഡിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

വാർഡ് 7 നാറാണംമൂഴി

നാറാണംമൂഴി സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുക.

വാർഡ് 8 അടിച്ചിപ്പുഴ

തകർന്നുകൊണ്ടിരിക്കുന്ന മാടമൺ ഗവ. എൽ.പി. സ്കൂൾ കെട്ടിടം എത്രയും വേഗം പുതുക്കിപ്പണിയുക. 8-ാം വാർഡിൽ അനുവദിച്ച തയ്യൽ പരിശീലന കേന്ദ്രം ആ വാർഡിൽ തന്നെ പുനഃസ്ഥാപിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ക്ലാസുകൾ ഏർപ്പെടുത്തുക.

വാർഡ് 9 ഇടമുറി

ഇടമുറി ഹൈസ്കൂളിലെ തകരാറിലായ കെട്ടിടങ്ങൾ പുതുക്കിപ്പണിയുക, സ്കൂളിൽ ഫോൺ സൗകര്യം ഏർപ്പെടുത്തുക.

## പഞ്ചായത്തിൽ പൊതുവേ ആവശ്യമുള്ളവ

പഞ്ചായത്തിൻെറ ഓരോ വാർഡിലും ജനവിദ്യാ കേന്ദ്രങ്ങൾ ആരംഭിക്കുകയും അവയ്ക്കു കെട്ടിടങ്ങൾ നിർമ്മിച്ച് വർത്തമാനപത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും എത്തിച്ചുകൊടുക്കുക.

എല്ലാ സ്കൂളുകളിലും വാട്ടർസപ്ലൈ സ്കീം ഏർപ്പെടുത്തുക.

സാങ്കേതിക വിദ്യയിൽ പരിശീലനം കിട്ടുന്നതിന് അത്തിക്കയത്ത് ഒരു ട്രെയിനിംഗ് സെൻറർ തുടങ്ങുക.

പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കാതിരിക്കാൻ വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുക.

ഇവിടത്തെ സ്കൂളുകളിൽ പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ കാലവിളംബം കൂടാതെ നികത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

സ്കൂൾ കുട്ടികളുടെ വൈദ്യപരിശോധനയും ചികിത്സയും വീഴ്ചവരുത്താതെ കാലാകാലങ്ങളിൽ നടത്തുക.

ആവശ്യമായ കളിസ്ഥലങ്ങളില്ലാത്ത സ്കൂളുകൾക്ക് കളിസ്ഥലം നിർമ്മിച്ചുകൊടുക്കുക.

1000 പേർക്ക് ഒരു അങ്കണവാടി എന്ന കണക്കിൽ എല്ലാ വാർഡുകളിലും ആവശ്യമായ അങ്കണവാടികൾ നിർമ്മിക്കുക.

ഗവ. ഹൈസ്കൂൾ കടുമീൻ ചിറ, ഗവ. ഹൈസ്കൂൾ ഇടമുറി സെൻറ് ജോസഫ്സ് ഹൈസ്കൂൾ നാറാണംമൂഴി എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യുക.

എല്ലാ പ്രൈമറി സ്കൂളിനോടും ചേർന്ന് പ്രീ-പ്രൈമറി ആരംഭിക്കുക.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.

അതാതു വിഷയങ്ങൾ പഠിപ്പിക്കുവാൻ യോഗ്യരായ അദ്ധ്യാപകരെ ഹൈസ്കൂളുകളിൽ നിയമിക്കുക.

വിദ്യാലയന്തരീക്ഷം പൂർണ്ണമായും രാഷ്ട്രീയ വിമുക്തമാക്കുക.

എല്ലാ സർക്കാർ സ്കൂളിനോടനുബന്ധിച്ച് ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സുകൾനിർമ്മിക്കുക.

ബന്ധപ്പെട്ട സ്കൂൾ പരിശോധനാധികാരികൾ വർഷത്തിൽ മൂന്നുപ്രാവശ്യം (ഒരു ടേമിൽ ഒന്നുവീതം) സ്കൂൾ പരിശോധന നടത്തുക.

നിലവിലുള്ള സിലബസ് പരിഷ്ക്കരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.

അശാസ്ത്രീയമായ ഇന്നത്തെ പരീക്ഷാസമ്പ്രദായം മാറ്റി എസ്.എസ്.എൽ.സി. കോഴ്സ് പൂർത്തിയാകുന്നവർക്ക് ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകുക.

നിലത്തെഴുത്താശാന്മാരുടെ ഗ്രാൻറ് വർദ്ധിപ്പിക്കുക.

കായികവിനോദത്തിനാവശ്യമായ പബ്ലിക് സ്റ്റേഡിയം പഞ്ചായത്തിൻെറ ആസ്ഥാനമായ നാറാണംമൂഴിയിൽ നിർമ്മിക്കുക.

ഈ പഞ്ചായത്തിൽ എസ്.എസ്.എൽ.സി.യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മൂന്നു കുട്ടികൾക്ക് (എസ്.സി., എസ്.ടി. ഓപ്പൺ മെറിറ്റ്) ക്യാഷ് അവാർഡ് ഏർപ്പെടുത്തുക.

ജില്ലാ സംസ്ഥാന തലങ്ങളിൽ ഈ പഞ്ചായത്തിൽ നിന്ന് സമ്മാനാർഹരായ കലാ-കായികതാരങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തുക. അവർക്കുവേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

2-ാം വാർഡിലെ ഗവ. യു.പി.സ്കൂൾ, 4-ാം വാർഡിലെ സെൻറ് മാത്യൂസ് എൽ.പി.സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുക.

പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക.

വിദ്യാർത്ഥികൾക്ക് പഞ്ചായത്തുതല കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. കാലാകാലങ്ങളിൽ കായികാദ്ധ്യാപനം നടത്താൻ നടപടികൾ ആവിഷ്കരി

ക്കുക. പഞ്ചായത്തുതല കായികതാരങ്ങൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസുകൾ നടത്തുക.

പരീക്ഷകൾ പഞ്ചായത്തുതലത്തിൽ ചിട്ടപ്പെടുത്തുക.

സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക.

ചുരുങ്ങിയ വിലയ്ക്ക് കുട്ടികൾക്കു നോട്ടുബുക്കുകളും കുടയും ലഭിക്കുന്നതിന് ഒരു നിർമ്മാണ സെൻറർ എന്ന ലക്ഷ്യം മുൻ നിറുത്തി ഒരു ദൃശ്യ ശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തത്പരരായ എല്ലാവർക്കും ആരോഗ്യ-വിദ്യാഭ്യാസ-പരിസ്ഥിതി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കണം.

പട്ടിക 7

നിലവിലുള്ളതും ഭാവിയിൽ വേണ്ടതുമായ സ്ഥാപനങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | വിദ്യാലയങ്ങൾ | | സാങ്കേതിക സ്ഥാപനങ്ങൾ | | അങ്കണവാടികൾ | | നേഴ്സറി സ്കൂൾ | | ബാലവാടികൾ | | വായനശാലയും ഗ്രന്ഥശാലയും | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുതായി വേണ്ടത് | നിലവിലുള്ളത് | പുതുതായി വേണ്ടത് | നിലവിലുള്ളത് | പുതുതായി വേണ്ടത് | നിലവിലുള്ളത് | പുതുതായി വേണ്ടത് | നിലവിലുള്ളത് | പുതുതായി വേണ്ടത് | നിലവിലുള്ളത് | പുതുതായി വേണ്ടത് |
| 1 | തോണിക്കടവ് | 1 | | | 1 | 1 | 4 | | 2 | | 4 | 1 | 3 |
| 2 | കുടമുരുട്ടി | 1 | HS 1,LP 1 | | 1 | | 4 | 1 | 1 | | 4 | 1 | 3 |
| 3 | കടുമീൻചിറ | 1 | | | 1 | | 4 | | 2 | | 4 | 1 | 3 |
| 4 | ചെമ്പനോലി | | LP1 | | 1 | 1 | 3 | | 2 | | 4 | | 4 |
| 5 | തോമ്പിക്കണ്ടം | | LP1 | | 1 | 1 | 3 | | 2 | | 4 | | 4 |
| 6 | കക്കുടുമൺ | 1 | UP 1 | | | 1 | 3 | | 2 | 1 | 3 | | 4 |
| 7 | നാറാണംമൂഴി | 2 | | 1 | 1 | 1 | 3 | 1 | 1 | | 4 | 2 | 2 |
| 8 | അടിച്ചിപ്പുഴ | 1 | | | 1 | | 4 | | 2 | 1 | 3 | 3 | 1 |
| 9 | ഇടമുറി | 1 | | | 1 | | 4 | | 2 | | 4 | | 4 |
| | ആകെ | 8 | 5 | 1 | 8 | 5 | 32 | 2 | 16 | 2 | 34 | 8 | 28 |

അത്തിക്കയത്ത് ആരംഭിക്കുക.

ഉച്ചക്കഞ്ഞി വിതരണത്തിനുള്ള മുഴുവൻ ഉത്തരവാദിത്വങ്ങളും പഞ്ചായത്ത് ഏറ്റെടുത്തു നടത്തുക.

സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു നടത്തുക.

പി.ടി.എ., എം.പി.ടി.എ. എന്നിവ സ്കൂളുകളിൽ സജീവമാക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക.

മലയോരപ്രദേശമായ ഈ പഞ്ചായത്തിലെ മുഖ്യ കൃഷി റബ്ബറാണ്. റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങളും പച്ചക്കറി പഴവർഗ്ഗങ്ങളുടെ സംസ്കരണം മുതലായവയും തൊഴിൽ രഹിതരായ യുവാക്കളെ പരിശീലിപ്പിക്കുന്നതിന് ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്കുകൾ ആരംഭിക്കുക. ചെലവു കുറഞ്ഞ പഠനോപകരണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാനുള്ള ശ്രമം നടത്തുക.

പ്രാരംഭത്തിൽ പഞ്ചായത്തിനെ മാത്രം ലാക്കാക്കി കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും മറ്റു തൊഴിലുകൾ പരിശീലിപ്പിക്കാനാകുമോ എന്നു പരിശോധിക്കുകയും ചെയ്യുക.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക

വിദ്യാഭ്യാസംരംഗം ഊർജ്ജിതമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യതകളില്ലാതെ ബഹുജനപങ്കാളിത്തത്തോടെ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമമാരംഭിക്കേണ്ടതുണ്ട്.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിതപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സ്കൂൾ പാർലമെൻറുകൾ, സ്ക്വാഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്തു ചിത്രമാസികകൾ, പൂന്തോട്ട പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന-വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

മാസാന്ത്യപരീക്ഷകളും മാതൃസംഗമങ്ങളും ക്ലാസ് പി.ടി.എ.കളുമെല്ലാം ഒത്തുചേർന്നാൽ തീർച്ചയായും വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കാമെന്നതിന് സംശയമില്ല. ✷

# 5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും



ശുദ്ധവായു, ശുദ്ധജലം, ശചിത്വമുള്ള പാർപ്പിടം ഇവയാണ് ജനങ്ങളുടെ ആരോഗ്യത്തിന് ആവശ്യമായ ഘടകങ്ങൾ. കുടിവെള്ളത്തിന് പഞ്ചായത്തിലെ നദി, കിണറുകൾ, കുഴൽക്കിണറുകൾ ഇവയെ ആശ്രയിക്കുന്നു. 2918 കിണറുകളുള്ളതിൽ 1811 എണ്ണവും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നവയാണ്. ഈ പഞ്ചായത്തിലെ 75% ജനങ്ങളും ജലക്ഷാമം അനുഭവിക്കുന്നവരാണ്. വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണ പദ്ധതിപോലും ഈ പഞ്ചായത്തിലില്ലായിരുന്നു. ഇപ്പോൾ രണ്ട് സ്വകാര്യ ജല പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം അറുപതോളം വീടുകൾക്ക് ജലം ലഭിക്കുന്നുണ്ട്. 14 പൊതു കുഴൽ കിണറുകളും 5 സ്വകാര്യകുഴൽ കിണറുകളും ഇവിടെയുണ്ട്. ഇതിതൽ 10 കുഴൽ കിണറുകൾ ഉപയോഗശൂന്യമാണ്.

## ശുദ്ധജല സ്രോതസ്സുകൾ

പട്ടിക1

| കിണറുകൾ ഭാഗികമായിജലംലഭിക്കുന്നത് | | | | കുഴൽകിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 3 | 4 | 2358 | 560 | 13 | 2918 |

1995-96-ൽ ഈ പഞ്ചായത്തിൽ 2545 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. 5 ഉം 6 ഉം കിലോമീറ്ററുകൾ സഞ്ചരിച്ചാണ് വേനൽക്കാലത്ത് കുടിവെള്ളം ശേഖരിക്കുന്നത്. വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പഞ്ചായത്തിൽ പൊതുവിൽ ബാധകമാക്കാവുന്ന നിർദ്ദേശങ്ങൾ സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർക്കുന്നു.

## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

| വാർഡ് | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| I | എല്ലാഭാഗങ്ങളും | I.K.W.Aയുടെപൈപ്പുലൈനുകൾ സ്ഥാപിക്കുക 2. കുഴൽക്കിണറുകൾ സ്ഥാപിക്കുക. |
| II | കുരുമ്പൻമൂഴി,മണക്കയം, ചണ്ണ, കൊച്ചുകുളം,കുടമുരുട്ടി, | ടാങ്കുനിർമ്മിച്ച് അതിൽ നിന്നും ജലം എത്തിക്കാം. കുരുമ്പൻമൂഴി മണക്കയം ഇവ ഒറ്റപ്പെട്ട പ്രദേശങ്ങളാണ്. അവിടങ്ങളിൽ ഒറ്റപ്പെട്ട കുഴൽക്കിണറുകൾ സ്ഥാപിക്കാം. ചണ്ണയിലെ പതാക്ക്കോളനിയിൽ കുഴൽ കിണർ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കാം. |
| III | മന്ദിരഭാഗം കടുമീൻചിറ, മടന്തമൺ, കട്ടുക്കൽ തെക്കേത്തൊട്ടി | പെരുന്തേനരുവി ശുദ്ധ ജല പദ്ധതിയിൽ ഈ വാർഡിനെ ഉൾപ്പെടുത്തി കടുമീൻ ചിറ ഹൈസ്ക്കൂൾ കടവിൽ പമ്പുഹൗസ്സ്ഥാപിച്ചും മന്ദിരം ഭാഗത്ത് 17 വീട്ടുകാർ ചേർന്ന് സ്ഥാപിച്ച ശുദ്ധജല പദ്ധതി വിപുലീകരിക്കുകയും ചെയ്താൽ ഈ വാർഡിലെ ജലക്ഷാമം പരിഹരിക്കാം. |

| | | |
|---|---|---|
| IV | ഉയർന്ന പ്രദേശങ്ങൾ, ചെമ്പനോലി ചെമ്പൻമുടി, ആറാട്ടുമൺ, പുള്ളിക്കൽ പഞ്ചാരമുക്ക് | IV-ാം വാർഡും പെരുന്തേനരുവി പദ്ധതിയിൽ ഉൾപ്പെടുത്തുക. കുഴൽക്കിണറുകൾ സ്ഥാപിക്കുക, ലക്ഷം വീടു കോളനിയിലുള്ള കുളം ആഴത്തിൽ കുഴിച്ചു ജലക്ഷാമം പരിഹരിക്കാം. |
| V | | അഞ്ചാം വാർഡിലെ ജലക്ഷാമമുള്ള പ്രദേശങ്ങളും പെരുന്തേനരുവി പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല ക്ഷാമം പരിഹരിക്കാം. |
| VI | കക്കുടമൺ, നീരാട്ടു കാവ് തുടങ്ങിയ സ്ഥലങ്ങൾ | പെരുന്തേനരുവി സ്കീമിൽ ഉൾപ്പെടുത്തി ജലക്ഷാമം പരിഹരിക്കാം. |
| VII | കണ്ണം പള്ളി, അത്തിക്കയം, നാറാണംമൂഴി, കൈച്ചിറ ഭാഗം, പേമരുതി നാറാണം മൂഴി M.T.L.P.S. ഭാഗങ്ങൾ | പെരുന്തേനരുവി സ്കീമിലും, അടിച്ചിപ്പുഴ, കാക്കമല സ്ക്കീമിലും ഉൾപ്പെടുത്തി ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. |
| VII | | കിണറുകളും, കുളങ്ങളും കുഴിക്കുക, നിലവിലുള്ള ബ്ലോക്ക് കിണർ ഉപയോഗയോഗ്യമാക്കുക. |
| VIII | ചൂരക്കുഴി, പള്ളിക്കാലാ കോളനി, അലിമുക്ക്, തട്ടു പാറ | അടിച്ചിപ്പുഴ കാക്കമല സ്കീം എത്രയും വേഗം പണിപൂർത്തിയാക്കുക, ചൊള്ളനാവയൽ ഗിരിജൻ കോളനിയിലുള്ള ബ്ലോക്കു കിണറും കുളവും ഉപയോഗയോഗ്യമാക്കുക. |
| IX | ഇടമുറി, പത്തേക്കർ, വള്ളിവനംകോളനിപൊന്നമ്പാറ, ഇടമുറി ലക്ഷം വീടുകോളനി തോമ്പിക്കണ്ടം | കുഴൽ കിണറുകൾ കുഴിക്കുക ഇടമുറി ദേവിക്ഷേത്രം വക കുളം നാലുവശവും കരിങ്കല്ല് കെട്ടി ആഴത്തിൽ കുഴിച്ച് ഉപയോഗപ്രദമാക്കുക. നിലവിലുള്ള പഞ്ചായത്ത്കിണറുകൾകുഴിച്ച് ഉപയോഗയോഗ്യമാക്കുക. പെരുന്തേനരുവി സ്കീമിൽ ഈ വാർഡിലെ ജലക്ഷാമമുള്ള കുറേ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. |

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ വാർഡുകളിൽ ഒന്നാണ് I-ാം വാർഡ് എല്ലാഭാഗത്തും കുടിവെള്ളക്ഷാമം ഇവിടെയുണ്ട്. കിണറുകളിൽ എല്ലാക്കാലവും വെള്ളം കിട്ടുന്നില്ല.

പരിഹാരമാർഗ്ഗമായി വന്നിരിപ്പൻ മൂഴിയിൽ ആറ്റിൽ ടാങ്കെട്ടി പമ്പുസെറ്റ് സ്ഥാപിച്ച് ഏറ്റവും ഉയർന്ന ഭാഗത്ത് വെള്ളം ശേഖരിച്ച് എല്ലാ ഭാഗത്തേക്കും കൊണ്ടുപോകാം.

2-ാം വാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ 1-ാം വാർഡിൽ സ്ഥാപിക്കുന്ന ടാങ്കിൽ നിന്നും പൈപ്പ് വഴി ജലം എത്തിക്കാൻ കഴിയും. കൊച്ചുകുളം , ചണ്ണത്തടം ഭാഗത്ത് വെള്ളം സ്റ്റോർ ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജല ക്ഷാമം പരിഹരിക്കാം. ഒറ്റപ്പെട്ടുകിടക്കുന്ന കുരുമ്പന്മൂഴി, മണക്കയം പ്രദേശങ്ങളിൽ ആവശ്യാനുസരണം കുഴൽകിണറുകൾ സ്ഥാപിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാം.

4, 5, വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് 4-ാം വാർഡിലെ ചെമ്പനോലി ഭാഗത്ത് ടാങ്ക് കെട്ടി പെരുന്തേനരുവി ഭാഗത്ത് നിന്നും ജലം സ്റ്റോർ ചെയ്ത് ഈ വാർഡുകളിൽ സബ്ടാങ്കുകൾ കെട്ടി വെള്ളം എത്തിക്കാവുന്നതാണ്. അവിടെ നിന്നും പൈപ്പ് ലൈൻ വഴി കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങളിൽ ജലം എത്തിക്കാം 4-ാം വാർഡിലെ ലക്ഷം വീടു കോളനിയിലുള്ള കുളം കുഴിച്ച്ചുറ്റുമതിൽ കെട്ടി ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ജലം എത്തിക്കാവുന്നതാണ്.

പമ്പാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന 7-ാം വാർഡിലെ ജനങ്ങളുടെ കുടിവെള്ളക്ഷാമം അത്യന്തം തീവ്രമാണെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമത്രേ. എട്ടാംവാർഡിൽ പൂർത്തിയായ K.W.H പ്രോജക്ടിൽ ആറാം വാർഡിലെകുറേഭാഗങ്ങളും ഏഴാംവാർഡ് പരിപൂർണ്ണമായും ഉൾപ്പെടുത്തിയാൽ ഇന്നു നിലവിലുള്ള ജലക്ഷാമം പരിഹരിക്കാം. അത്തിക്കയത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടതാണ്. നാറാണം മൂഴിയിൽ സ്ഥിതിചെയ്യുന്ന ബ്ലോക്ക് കിണർ ഇന്ന് ഉപയോഗശൂന്യമായിക്കിടക്കുയാണ്. നാറാണം മൂഴി ഹൈസ്ക്കൂളിലെ കുട്ടികൾ ഈ കിണറ്റിൽ നിന്നും ജലം ഉപയോഗിക്കുന്നു. ഈ കിണർ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കാൻ പഞ്ചായത്തിന്റെ സത്വര ശ്രദ്ധ പതിയുന്നതിന് പ്രത്യേകം നിർദ്ദേശം വയ്ക്കുകയാണ്. 1, 2, 3, 7 വാർഡുകൾ പമ്പാനദിയുടെ തീരപ്രദേശത്ത് വേനൽക്കാലത്ത്

കിണറുകളിൽ വെള്ളം ലഭിക്കുന്നില്ല. പമ്പാനദിയിൽ മുക്കത്തിനുസമീപം കൈച്ചിറഭാഗത്ത് ഒരു ചെക്ക് ഡാം സ്ഥാപിച്ചാൽ ഈപ്രദേശത്തെ കുടിവെള്ളക്ഷാമം തീരുകയും തോടുകളിൽ വെള്ളം കിടന്നാൽ തീരപ്രദേശങ്ങളിലുള്ള കിണറുകളിൽ വെള്ളം കിട്ടുകയും ചെയ്യും. കൃഷിഭവന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പുരയിടങ്ങളിൽ കിടങ്ങുകൾ കുഴിച്ച് മഴവെള്ളം തടഞ്ഞു നിർത്തിയാൽ കിണറുകളിലെ ജലനിരപ്പ് ഉയരുന്നതിന് സഹായകമാകും.

8-ാം വാർഡിലെ അടിച്ചിപ്പുഴ കാക്കമല വാട്ടർ സപ്ലൈ സ്കീം എത്രയും വേഗം കമ്മീഷൻ ചെയ്യുകയും ചൊള്ളനാ വയൽ ഗിരിജൻ കോളനിയിലുള്ള കുളവും കിണറും ഉപയോഗപ്രദമാക്കുകയും ചെയ്താൽ 6,7,8 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം.

9-ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇടമുറി, പത്തേക്കർ, വള്ളിവനം കോളനി, പൊന്നമ്പാറ, ലക്ഷം വീട്കോളനി എന്നീ പ്രദേശങ്ങളിൽ അടിയിന്തിരമായി കുഴൽ കിണറുകൾ കുഴിക്കണം. ഈ വാർഡിൽ നിലവിലുള്ള പഞ്ചായത്തു കിണറുകൾ കുറേക്കൂടി ആഴത്തിൽ കുഴിച്ചാൽ ജലം കിട്ടും. കുഴൽ കിണറുകൾ ഉപയോഗപ്രദമാക്കുക പെരുന്തേനരുവി ജല പദ്ധതി ഇടമുറി സ്ക്കൂൾ ജംഗഷൻവരെയുള്ള പൈപ്പ് ലൈൻ ഇടമുറി, പത്തേക്കർ, വള്ളിവനം കോളനി വഴി ഇടമുറി പാലം ജംഗ്ഷൻ (നാറാണം മൂഴി പഞ്ചായത്ത്) വരെ നീട്ടി അവിടെ നിന്നും ഇരപ്പൻ പാറ വഴി ശാസ്താം കണ്ടത്തേക്ക് നീട്ടുന്നതിന് എക്സ്റ്റൻഷൻ ലൈൻ അനുവദിച്ചാൽ ഈ വാർഡിലെ വെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാനാവുന്നതും ഉപയോഗശൂന്യമായ കുഴൽ കിണറുകൾ ഉപയോഗ പ്രദമാക്കേണ്ടതുമാണ്.

### ചെറുകിട ശുദ്ധജല പദ്ധതികൾ

1. ഒന്നാം വാർഡിൽ വന്നിരിപ്പൻ മൂഴിയിൽ ടാങ്കെട്ടി ഒന്നും രണ്ടും വാർഡിൽ വെള്ളം എത്തിക്കാം.
2. മൂന്നാം വാർഡിൽ കട്ടിക്കല്ലിൽ ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി മൂന്നും നാലും വാർഡുകളിൽ ശുദ്ധജലം എത്തിക്കാം.
3. ആറാം വാർഡിൽ മലനാടിന്റെ സഹായത്തോടുകൂടി നിർമ്മിച്ച പ്രോജക്ട് വിപുലപ്പെടുത്തിയാൽ ആറും ഏഴാം വാർഡുകളിലും നാലും വാർഡിന്റെ കുറേ ഭാഗത്തും ശുദ്ധജലം എത്തിക്കാൻ കഴിയും.
4. ഒൻ പതാം വാർഡിൽ പെരുന്തേനരുവി ശുദ്ധജല പദ്ധതിയുടെ റബ്ബർബോർഡ് പൈപ്പ്ലൈൻ ഇടമുറി പാലത്തുങ്കൽ നിന്നും ഇരപ്പംപാറ, ശാസ്താം കണ്ടത്തേക്കും ഇടമുറി എച്ച്. എസ്. ജംഗ്ഷനിൽ നിന്നും പൊന്നമ്പാറയിലേക്കും ദീർഘിച്ചാൽ 9-ാം വാർഡിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹൃദമാകും.
5. എട്ടാം വാർഡിൽ അടിച്ചിപ്പുഴയിലുള്ള കുളം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിക്കണം.
6. നാലാം വാർഡിൽ ലക്ഷം വീടുകോളനിയിലുള്ള കുളം വൃത്തിയാക്കി വിപുലീകരിച്ചാൽ ചെറുകിട ശുദ്ധജലപദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കാം.

### പഞ്ചായത്തുതല പദ്ധതികൾ.

1. പമ്പാനദിയിൽ മുക്കത്തിനു മുകൾ ഭാഗത്ത് കൈച്ചിറ പരപ്പിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.
2. തോടുകളിൽ ബണ്ടുകൾ നിർമ്മിക്കുക. വെള്ളം തടഞ്ഞു നിർത്താൻ സാധിച്ചാൽ തീര പ്രദേശത്തുള്ള കിണറുകളിൽ വെള്ളം ലഭ്യമാകും.

### ഇടത്തരം പദ്ധതികൾ

1. പമ്പയാറ്റിൽ കിണർ നിർമ്മിച്ച് ചെമ്പനോലിൽ ടാങ്ക് നിർമ്മിക്കുക.
2. വന്നിരിപ്പൻ മൂഴിയിൽ ടാങ്ക് കെട്ടി ഏറ്റവും ഉയർന്ന ഭാഗത്ത് വെള്ളം ശേഖരിക്കുക.

### പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴിയിൽ നിർമ്മിക്കുക. വരമ്പുകൾ ഇട്ട് മഴവെള്ളം സംഭരിക്കുക.
2. ഇതിനുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുക.
3. മഴവെള്ള സംഭരണത്തിന് കുഴിവെള്ളം, പൊട്ടക്കിണറുകളും പ്രയോജനപ്പെടുത്തുക. വാട്ടർ സപ്ലൈയുടെ ടാപ്പുകൾ 200 മീറ്റർ അകലത്തിൽ സ്ഥാപിക്കണം.

പൊതുജനാരോഗ്യത്തിനു വൻ ഭീഷണിയായി ത്തീർന്നിരിക്കുന്ന തോട്ടപൊട്ടിയ്ക്കൽ നഞ്ച് കലക്കൽ എന്നിവ നിരോധിക്കണം ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ ഏറ്റവും വലിയ സാമൂഹ്യവിരുദ്ധന്മാരായി കണക്കാക്കിപരമാവധി ശിക്ഷനല്കണം. വേനൽ ക്കാലത്ത് പമ്പാനദിയിൽ സ്ഥിരമായി കുളിക്കുന്നവർക്ക് ത്വക്ക് രോഗങ്ങൾ നേത്രരോഗങ്ങൾ മുതലായവ ഉണ്ടാകുന്നതിന്റെ കാരണം മറ്റൊന്നല്ല യാതൊരു സാമ്പത്തിക ബാദ്ധ്യതയില്ലാതെ പഞ്ചായത്തിനു ചെയ്യാവുന്ന ഒരു സൽക്കർമ്മമാണ് നദീ ജലസംരക്ഷണം.

റബ്ബർ റോളറുകൾ പ്രവർത്തിപ്പിക്കുന്നതു മൂലമുണ്ടാകുന്ന മലിന ജലം പൊതുജനങ്ങൾക്ക് ഉപദ്രവ കരമാകാതിരിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കണം കക്കുടുമണ്ണിലുള്ളപൊതുക്കിണർ വൃത്തിയാക്കണം.

## ആരോഗ്യം

1960 വരെ ഈ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യന്മാരെ ആശ്രയിച്ചിരുന്നു. ആധുനിക ചികിത്സാ സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിലില്ലായിരുന്നു. മന്ത്രജപത്തിലും ചരടു ജപിക്കുന്നതിലും വഴിപാടുകൾ നേരുന്നതിലും വിശ്വസിച്ചിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഈ കാലഘട്ടത്തിലും പ്രാകൃത രീതിയിൽ വിശ്വസിക്കുന്നു.

1960–ൽ സ്ഥാപിക്കപ്പെട്ട നാറാണംമൂഴി ഫാമിലി വെൽഫയർ സെൻററാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പൊതുജനാരോഗ്യ കേന്ദ്രം. രണ്ട് ജീവനക്കാർ ഉണ്ടായിരുന്നു. ഈ സ്ഥാപനം ആരംഭിച്ചതോടുകൂടി സ്ത്രീകൾക്കും കുട്ടികൾക്കും ഔഷധങ്ങൾ ലഭിക്കുകയും പ്രസ്തുതസ്ഥാപനത്തിലെ ജീവനക്കാർ സ്ത്രീകളുടെ ഇടയിൽ ബോധവല്ക്കരണ പ്രക്രിയ ആരംഭിക്കുകയും ചെയ്തു. പഞ്ചായത്തിൻെറ നാല് പ്രദേശങ്ങളിൽ ഈ സ്ഥാപനത്തിൻെറ സബ്സെൻററുകൾ പ്രവർത്തുക്കുന്നു.

1976–ൽ ഒരു പ്രൈവറ്റ് ഹോമിയോ ക്ലീനിക്ക് പഞ്ചായത്തിൽ അത്തിക്കയത്ത് പ്രവർത്തനം ആരംഭിച്ചു. 1982–ൽ കുടമുരട്ടിയിൽ ഒരു ഗവ:ആയൂർവേദ ഡിസ്പെൻസറി ആരംഭിച്ചു 1993–94–ൽ ഒരു പ്രൈമറി ഹെൽത്ത്സെൻറർ സ്ഥാപിക്കപ്പെട്ടു.

ഒരുപ്രൈമറി ഹെൽത്ത് സെൻറർ രണ്ട് ആയൂർവേദ ഡിസ്പെൻസറികൾ ഫാമിലി വെൽഫെയർ സെൻററുകൾ നാല് സബ്സെൻററുകൾ എന്നീ ഗവ: സ്ഥാപനങ്ങളും ഒരു മൃഗാശുപത്രിയും ഒരു ഐ.സി.ഡി.പി.യും ഉണ്ട്. ഇവയ്ക്കു പുറമേ സ്വകാര്യ മേഖലയിൽ 3 ഹോമിയോ ക്ലീനിക്കുകളും രണ്ട് ആയുർവേദചികിത്സാ കേന്ദ്രങ്ങളും ഒരു അലോപ്പതി ക്ലീനിക്കും 15 പാരമ്പര്യ വൈദ്യന്മാരും രണ്ട് ചികിത്സാ വൈദ്യന്മാരും പ്രവർത്തിക്കുന്നു.

ഇത്രയും ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതു ആരോഗ്യ സ്ഥിതിയിൽ വളരെ പിന്നിലാണെന്നുള്ള നഗ്നസത്യം തുറന്നു പറയാതിരിക്കാൻ കഴിയുന്നില്ല. സ്ഥിതി വിവര കണക്കുകൾ തെളി

### നാറാണംമൂഴിപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ നാറാണം മൂഴി | VII | 1992 | 5 |
| 2 | ഫാമിലി വെൽഫയർ സെൻറർ അത്തിക്കയം | VII | 1960 | 3 |
| 3 | F.W സബ്സെൻറർ ചെള്ളനാൽ വയൽ | VIII | 1988 | 1 |
| 4 | F.W.സബ്സെൻറർ കുരുമ്പൻ മൂഴി | II | 1988 | 1 |
| 5 | F.W സബ്സെൻറർ തോമ്പിക്കണ്ടം. | V | 1988 | 1 |
| 6 | F.W. സബ്സെൻറർ ഉന്നത്താനി | I | 1988 | 1 |
| 7 | ഗവ: ആയുർവ്വേദ ആശുപത്രി കുടമുരുട്ടി. | II | 1982 | 4 |
| | സ്വകാര്യ മേഖല | | | |
| 8 | സെൻറ് മേരീസ് മെഡിക്കൽസെൻറർ അത്തിക്കയം | VII | 1996 | 2 |
| 9 | ഹോമിയോ ക്ലീനിക്ക് അത്തിക്കയം | VII | 1976 | 2 |
| 10 | കാരുണ്യആയുർവേദ ചികിത്സാലയം മടത്തമൺ | III | 1996 | 1 |
| 11 | ഹോമിയോ ക്ലീനിക്ക് കക്കുടമൺ | VI | 1989 | 1 |
| 12 | കൃഷ്ണ ക്ലീനിക്ക്, മുക്കം | VII | 1995 | 1 |
| 13 | ഹോമിയോ ക്ലീനിക്ക്–അത്തിക്കയം | VII | 1986 | 1 |

യിക്കുന്നത് ഇപ്രകാരമാണ്. 1995-96-ൽ ഈ പഞ്ചായത്തിൽ 2545 പേർക്ക് ജലജന്യരോഗങ്ങളും 728 പേർക്ക് വായു ജന്യരോഗങ്ങളും, 520 പേർക്ക് പ്രാണി ജന്യരോഗങ്ങളും 10924 പേർക്ക് മജ്ജരോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു.

50 ഹൃദ്രോഗികളും 12 ക്ഷയരോഗികളും 3 കുഷ്ഠരോഗികളും ചികിത്സയിൽ കഴിയുന്നു. പഞ്ചായത്തിലെ ജനനനിരക്ക് 47 ഉം മരണനിരക്ക് 44 ഉം ആണ്. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികൾ പഞ്ചായത്തിലില്ല. ഇതിന് 8 കി.മീറ്ററും വിദഗ്ധ ചികിത്സയ്ക്കു വേണ്ടി 28 കി.മീറ്ററും സഞ്ചരിക്കണം. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്രആരോഗ്യപരിപാടി നടപ്പിലാക്കേണ്ടതാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയവും ഡോക്ടറന്മാരുടെ സേവനം ലഭ്യമാക്കുകയും മരുന്നുകളുടെ ദൗർലഭ്യം ഇല്ലാതാക്കുകയും ചെയ്യണം. ഡോക്ടർന്മാർക്ക് സ്വകാര്യ പ്രാക്ടീസിനുള്ള പശ്ചാത്തലം ഉള്ളതുകൊണ്ട് ആശുപത്രിയിൽ ചെല്ലുന്ന രോഗികളെ വേണ്ടരീതിയിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ള പരാതി സാധാരണക്കാരുടെയും പാവങ്ങളുടേയും ഇടയിൽ ആശങ്ക ഉളവാക്കുന്നുണ്ട്. ഈ അവസ്ഥ പരിഹരിച്ചാൽ നല്ലതാണ്.

ആരോഗ്യരംഗത്ത് ഔഷധങ്ങളോളം പ്രാധാന്യം അർഹിക്കുന്നതാണ് ബോധവൽക്കരണവും പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത എടുത്തു പറയേണ്ടതാണ്. ഫീൽഡ് വർക്ക് ഊർജ്ജസ്വലമാക്കുന്നത് നന്നായിരിക്കും. മെഡിക്കൽകോഴ്സുകൾക്കുള്ള ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നത് നന്നായിരിക്കും.

### കക്കൂസ്

കുടിവെള്ളംപോലെ പൊതുജനാരോഗ്യത്തിന്റെ പ്രധാന ഘടകമാണ് കക്കൂസ് ശുചിത്വവും പഞ്ചായത്തിലെ 520 വീടുകൾക്ക് കക്കൂസില്ലാത്ത സ്ഥിതിയാണ്. ഇതിനാൽ വിരശല്യവും വയറ്റിളക്കരോഗങ്ങളും ഉണ്ടാകുന്നു. 1995-96 വർഷത്തെ കണക്കും പ്രകാരം പഞ്ചായത്തിൽ2545 ജലജന്യരോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭപ്പെടുന്ന പ്രയാസങ്ങളും പരിഹാരങ്ങളും കണ്ടെത്താം.

| | തടസ്സകാരണം | പരിഹാരം |
|---|---|---|
| 1. | സാമ്പത്തികം | സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. | സ്ഥലപരിമിതി കോളനികൾ, ജനങ്ങൾ തിങ്ങിപാർക്കുന്നമറ്റ് സ്ഥലങ്ങൾ | പൊതുവായിഒരുസെപ്ടിടാങ്ക് നിർമ്മിച്ച് ഇതിന് പരിഹാരം കണ്ടെത്താം. |
| 3. | ആവശ്യകത വേണ്ട രീതിയിൽ ബോദ്ധ്യപ്പെടുത്തുന്നതിനാൽ | ആറിനടുത്ത്താമസിക്കുന്നവർ ആറ്റ് തീരവും വനത്തിന് സമീപം താമസിക്കുന്നവർ വനവും കക്കൂസായി ഉപയോഗിക്കുന്നു. കക്കൂസ് ഉപയോഗിക്കാതിരുന്നാലുണ്ടാകുന്ന ഭവിഷ്യത്തിന്റെ അജ്ഞതയ്ക്കായുള്ളതിനു കാരണം. കക്കൂസ് ഉണ്ടെങ്കിലും ഉപയോഗിക്കാതെ ഇതുപോലുള്ള പ്രദേശങ്ങൾ ഉപയോഗിക്കുന്നവരും വിരളമല്ല. ബോധവല്ക്കരണം ഈ രംഗത്ത് ഒഴിച്ചുകൂടാൻ പാടില്ല. |

ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൊണ്ട് എല്ലാ വാർഡുകളിലും പല പ്രാവശ്യം ബോധവൽക്കരണചർച്ച ക്ലാസ്സുകൾ നടത്തേണ്ടത് അനിവാര്യമാണ്. പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ സ്ലൈഡ് വീഡിയോ തുടങ്ങിയവ പ്രയോജപ്രദമാണ്.

### പരിസര ശുചിത്വം.

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസര മലിനീകരണം ഗുരുതരമല്ല. എന്നിരിക്കലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെ കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും നഗര വൽക്കരണപ്രവണതയും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാൻ സാദ്ധ്യതഉണ്ട്. ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ നിന്നും ജീവനക്കാരെ സ്ഥിരമായി നിയമിക്കണം.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെപ്പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

ഒന്നാം വാർഡിൽ അധികം വീടുകൾക്കും കക്കൂസ് ഇല്ലാത്ത കാരണം അറക്കമൺ ചേന്നംപാറതോട് മലിനമാകുന്നു. കക്കൂസില്ലാത്ത വീടുകൾക്ക് ധനസഹായം ചെയ്ത് പ്രാവർത്തികമാക്കുക. വന്നിരിപ്പൻ മൂഴി തോ

ട്ടിൽ കൂടി എസ്റ്റേറ്റിലെ പാൽ പ്പുരയിലെ മലിന ജലം ഒഴുക്കി വിടുന്നത് നിരോധിക്കുക. രണ്ടാം വാർഡിൽ മലിനജലം, ചപ്പും ചവറുകൾ എന്നിവകൊണ്ട് പ്രയാസം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഇല്ലെന്നാണ്. റിപ്പോർട്ട്.

മൂന്നാം വാർഡിൽ അത്തിക്കയവുമായി ചേർന്ന് കിടക്കുന്ന പ്രദേശങ്ങൾ മാർക്കറ്റിലെ ചപ്പുചവറുകളാൽ മലിനമാകുന്നത് നിരോധിക്കുക.

നാലാംവാർഡിൽ ചെമ്പനോലിൽ കോളനിയിൽ ചപ്പു ചവറുകൾഇടാൻ സൗകര്യം ഇല്ല. അതിനുള്ള സൗകര്യം പഞ്ചായത്ത് കണ്ടെത്തണം. കോളനിയിൽ പൊതുകക്കൂസ് അത്യന്താപേക്ഷിതമാണ്. കക്കൂസിന്റെ അഭാവത്തിൽ പരിസര മലിനീകരണം വളരെ ഏറെയാണ്.

അഞ്ചാം വാർഡിലെറിപ്പോർട്ടിൽ റബ്ബർ ഫാക്ടറിയിൽ നിന്നും മലിനീകരണം ഉണ്ടാക്കുന്നു എന്ന് കാണിച്ചിട്ടുണ്ട്.

ഏഴാം വാർഡിലെ മാർക്കറ്റ് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ അത്തിക്കയമാണ് ഏറ്റവും രൂക്ഷമായ മലിനീകരണ ഭീഷണിയെ നേരിടുന്നത്. മാംസം വില്ക്കുന്ന സ്ഥലം, അറവുശാലയായും ഉപയോഗിക്കുന്നു. ഇടുങ്ങിയ മാർക്കറ്റിൽ ഇടുങ്ങിയകടയിലിട്ട് മാടിനെവെട്ടി, ജനങ്ങൾ മാർക്കറ്റിലേയ്ക്കുകയറുന്നവഴിയിൽക്കൂടി രക്തം ഒഴുക്കിവിടുകസാധാരണയാണ്. ഇതിനൊരു പരിഹാരം സഞ്ചാരമായി കണ്ടെത്തിയെതീരൂ. അറവുശാലയിലെ അവശിഷ്ടങ്ങളും മത്സ്യത്തിന്റെ അവശിഷ്ടങ്ങളും തോട്ടിലിട്ട് അതു മൂലം വെള്ളം മനിലമാകുകയും പരിസരം മലിനീകരണംകൊണ്ട് സമീപവാസികൾക്കു ദുർഗന്ധം അനുഭപ്പെടുകയും ചെയ്യുന്നു. പഞ്ചായത്തിൽ ഒന്നോ രണ്ടോ അറവുശാലകൾ സ്ഥാപിക്കുകയും പരിശോധനാവിധേയമായ മാടുകളെ മാത്രം കൊല്ലുന്നതിനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്യുന്നു. പൊതുഅറവുശാലയിൽ മാടിനെ വെട്ടി മാംസം മാർക്കറ്റിൽ കൊണ്ടുവന്നു വില്ക്കുന്ന ഏർപ്പാട് നിർബന്ധമായും നടപ്പാക്കണം. അത്തിക്കയത്ത് ഒരു കംഫർട്ട്സ്റ്റേഷൻ നിർമ്മിക്കണം. എട്ടാംവാർഡിൽ മലിനീകരണം ഇല്ലെന്ന് റിപ്പോർട്ട് ഉണ്ട്. ഒൻപതാം വാർഡിൽ ഇടമുറിയിൽ ലക്ഷം വീട് കോളനിക്ക് സമീപമുള്ള തോട്ടിലേക്ക് ഒഴുക്കിവിടുന്നതിനാൽ ജലം മലിനപ്പെടുന്നു. പ്രസ്തുതഫാക്ടറിയിൽ നിന്നും പുറത്തുപോകുന്ന മലിന വായു ശ്വസിച്ച് കോളനിയിലും സമീപപ്രദേശത്തും താമസിക്കുന്നവർക്ക് ശ്വാസകോശസംബന്ധമായ അസുഖങ്ങളുണ്ടാകുന്നു. റബ്ബർ ബോർഡ് ക്വർട്ടേഴ്സിലുള്ള കന്നുകാലിത്തൊഴുത്തിൽ നിന്നും ചാണകം, മൂത്രം മുതലായവ സമീപത്തുള്ള തോട്ടിലേക്ക് ഒഴുക്കിവിടുന്നതുമൂലം തോട്ടിലെവെള്ളം മലിനപ്പെടുന്നു. ഇതിന് പരിഹാരം കണ്ടെത്തണം. ഇവിടെ അനധികൃതമായി ആടുമാടുകളെ വെട്ടി ഉപയോഗശൂന്യമായ ഭാഗങ്ങൾ തോട്ടിലേക്ക് ഒഴുക്കുന്നതു മൂലം ജലം മലിനമാകുന്നു.

കോളനിപ്രദേശങ്ങളിൽ എത്രയും വേഗം കക്കൂസുകൾ നിർമ്മിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇവിടെത്തെതൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. മാർക്കറ്റുകൾ ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ശുചിത്വം പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വർഷകാലത്തും വരൾച്ചക്കാലത്തും പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നു. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേച്ചൻ, ഈ നശീകരണം, കൊതുക് നശീകരണം. എന്നിവഫലപ്രദമായി നടപ്പാക്കണം. ആരോഗ്യശീലങ്ങളെ കുറിച്ചുള്ള ബോധവൽക്കരണവും ഗുണം ചെയ്യും. ചപ്പുചവറുകൾ കൂട്ടിയിടാൻ അനുവദിക്കാതിരിന്നാൽ ഈച്ചകളുടെ വർദ്ധനവ് തടയാൻ കഴിയും (ഒരു ജോഡി ഈച്ചകൾ ഒരു വേനൽക്കാലം കൊണ്ട് 3,25,92,320 ഈച്ചകളെ ഉല്പാദിപ്പിക്കുന്നു.) അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പ് ചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഗൃഹ പരിസരം ശദ്ധമാക്കുകയും ചെയ്യുന്നു. വീടിനടുത്ത് മലിനജലം കെട്ടി നില്ക്കാൻ അനുവദിക്കരുത്. കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണഴെിച്ച് നശിപ്പിക്കുക. ഡി.ഡി.ടി. തളിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാൽ കൊതുക് നശീകരണം ഫലപ്രദമാക്കാനാവും. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം സന്നദ്ധസേവകരേയും പഞ്ചായത്ത് ഉൾപ്പെടുത്തണം.

## പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

**കായികപരിശീലനകേന്ദ്രം .**

ജനങ്ങളുടെ കായികപരിശീലനത്തിന് ഉതകുന്ന ഒരു കേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. കായികവും മാനസികവുമായ പരിശീലനം മെച്ച

പ്പെടുത്താൻ കഴിയണം.

### പൊതു ശ്മശാനം

പഞ്ചായത്തിൽ രണ്ട് പൊതു ശ്മശാനമെങ്കിലും സ്ഥാപിക്കണം.

### വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ മുഖ്യ ആശ്രിത വിഭാഗമാണ് വൃദ്ധജനങ്ങൾ. ഒരു വയോജന ആരോഗ്യകേന്ദ്ര സ്ഥാപിക്കുകയും, പ്രായമായവരുടെ ആരോഗ്യകരവും മാനസികവുമായ ഉയർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാരംഗത്ത് വളരെഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സയ്ക്കായി എത്തുന്ന രോഗിയുടെ മുൻകാലരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം ക്ഷിപ്ര സാദ്ധ്യമാക്കുന്നു. ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരേയും യോജിപ്പിച്ച് ഇത് നടപ്പിലാക്കാം.രക്ത ഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാനവിവരങ്ങളെല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആരോഗ്യരംഗത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

### പാരമ്പര്യ വൈദ്യമേഖല.

തലമുറകളിലൂടെ പകർന്ന്വിടുന്ന അറിവുകളുടെ സംഗ്രഹമാമ് പാരമ്പര്യ വൈദ്യം. ഈ പഞ്ചായത്തിൽ 15 പാരമ്പര്യവൈദ്യന്മാരും രണ്ട് വിഷചിക്ത്സാ വൈദ്യന്മാരും സേവനം അനുഷ്ഠിക്കുന്നു. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത്തല ഔഷധസസ്യ സൊസൈറ്റികൾ രൂപീകരിക്കുകയും തരിശുഭൂമികളുംപുറമ്പോക്കുസ്ഥലങ്ങളും ഔഷധസസ്യങ്ങൾ വളർത്തുന്നതിന് ഉപയോഗപ്പെടുത്തുകയും ചെയ്യാം. പുകവലി, പുകയിലകൂട്ടിയുള്ള മുറുക്ക് മദ്യപാനം തുടങ്ങിയവ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ കഴിയും. നേത്ര ദാനം, രക്ത ദാനം ഇവയെക്കുറിച്ച് ബോധവൽക്കരിക്കുന്നതും ജില്ലാകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവാർത്തനം കാര്യക്ഷമമാക്കുന്നതും അടിയന്തിരപ്രാധാന്യം അർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ ''ആരോഗ്യ ഗ്രാമം'' യാഥാർത്ഥ്യമാക്കാൻ കഴിയും .

ഏഴാംവാർഡിലെ മാർക്കറ്റ് പരിസരം ഇപ്പോഴും ദുർഗ്ഗന്ധ പൂരിതമാണ്. ഇവിടുത്തെ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

കക്കൂസ് ഉണ്ടെങ്കിൽപോലും ആറ്റുതീരങ്ങളും വനവും കക്കൂസായി ഉപയോഗിക്കുന്ന പ്രവണത ബോധവൽക്കരണം വഴി ആകേണ്ടതാണ്.

കുടമുരുട്ടി ഗവൺമെൻറ് ആയുർവേദാശുപത്രിക്ക് കക്കൂസില്ലാത്ത അവസ്ഥ പഞ്ചായത്തിനെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ആശുപത്രി കെട്ടിടം വൈദ്യുതീകരിച്ചിട്ടില്ല. ഇവ പരിഹരിക്കണം. ശുദ്ധജലത്തിനുവേണ്ടി കിണർകുഴിക്കേണ്ടതാണ്. ആവശ്യമായ ഉപകരണങ്ങൾ ഇല്ല. മരുന്ന് തയ്യാറാക്കുന്നതിനുവേണ്ടി 15 ലിറ്റർ കൊള്ളുന്നരണ്ട് ചരുവം, ഒരു കുടം, 15 ലിറ്റർ കൊള്ളുന്നരണ്ട് അലുമിനിയം ബക്കറ്റ്, ഒരു ടേബിൾ എന്നിവ ഈ സ്ഥാപനത്തിന് ഏറ്റവും അത്യാവശ്യമാണ്.

പ്രൈമറിഹെൽത്ത് സെൻററിൽ നിന്നും അതിന്റെ സബ്സെൻററുകളിൽ മരുന്നുകൾ എത്തിക്കുന്നതിന് തോമ്പിക്കണ്ടം കുരുമ്പന്മൂഴി, അടിച്ചിപ്പുഴ, കുടമുരുട്ടി, എന്നീ പ്രദേശങ്ങളിൽ വനത്തിൽ കൂടി സ്ത്രീ ജീവനക്കാർ കാൽ നടയായി പേകേണ്ടസ്ഥിയാണിന്നുള്ളത്. വാഹനസൗകര്യം ഏർപ്പെടുത്തി, ഇതിന് പരിഹാരാമുണ്ടാക്കണം.

കോളനിയിൽ മലേറിയ, ക്ഷയം, എന്നീ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു.

മലമ്പനി നിർമ്മാർജനത്തിന് പ്രവർത്തിക്കേണ്ട ജൂനിയർ ഹെൽത്ത് അസിസ്റ്റൻറുമാരുടെ മൂന്ന് വേക്കൻസികൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നു. എത്രയും വേഗം അവരുടെ നിയമനം നടത്തുക. ആവശ്യമുള്ള ഉപകരണങ്ങൾ (വലിയ മേശ, ഡസ്ക്, ബഞ്ച്, സ്ക്രീൻ) സെൻററുകളിൽ ഇല്ല. നല്ല സൗകര്യപ്രദമായ കെട്ടിടം ഇല്ല. വാടക്കെട്ടിടം ചോർത്തൊലിച്ച് ഇടിഞ്ഞു പൊളിഞ്ഞ്. ഏതുനിമിഷവും നിലംപൊത്താവുന്ന സ്ഥിതിയിലാണ്. ശുദ്ധജലം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ആശുപത്രി ബോർഡ് നഷ്ടപ്പെട്ടിട്ട് പുന:സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇവയ്ക്കെല്ലാം പരിഹാരം ഉണ്ടാക്കണം.

വാക്സിൻ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഗിരിവർഗ്ഗ കോളിനിക്കാർക്ക് വൈദ്യസഹായം എത്തിക്കുന്നതിനും കോളനികളിൽ പ്രതിരോധ കുത്തിവയ്പിന് പോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. വനത്തിൽക്കൂടി സ്ത്രീ ജീവനക്കാർ നടന്നുപോകുന്നസ്ഥിതി അത്യാപത്കരം ആണ്.

ആരോഗ്യഗ്രാമത്തിനുവേണ്ടി എല്ലാവരും ഒന്നിച്ചുപ്രവർത്തിച്ചാൽ നമുക്ക് ലക്ഷ്യത്തിലെത്താൻകഴിയും.

# 5.6
# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഭാവിയെപ്പറ്റിയുള്ള വ്യക്തമായ കാഴ്ചപ്പാടോടും അത് ശരിയായ പാതയിൽ കരുപ്പിടിപ്പിക്കാനുള്ള കർമ്മോത്സുകതയോടുകൂടി പഴയ തിരുവിതാംകൂറിൻെറ വിവധഭാഗങ്ങളിൽ നിന്ന് റാന്നിയുടെ കിഴക്കൻ മേഖലകളിൽ കുടിയേറി കാടിനോടും, കാട്ടുമൃഗങ്ങളോടും മല്ലടിച്ച്, മണ്ണിനെ പൊന്നാക്കിയ അദ്ധ്വാനശീലരായ കർഷകരുടെ ചരിത്രമാണ് നാറാണംമൂഴി പഞ്ചായത്തിൻെറ മുഖമുദ്ര.

ലോകപ്രസിദ്ധമായ പമ്പാനദിയുടെ ഇരുകരകളിലായി സ്ഥിതിചെയ്യുന്ന നാറാണംമൂഴി പഞ്ചായത്ത് പലതുകൊണ്ടും ശ്രദ്ധേയമാണ്. ആരോഗ്യമായ കാലവസ്ഥ പമ്പാനദിയിലെ ശുദ്ധജലം, അന്തരീക്ഷത്തെ ശുദ്ധമാക്കുന്ന വനപ്രദേശങ്ങളുടെ സാമീപ്യം, ഫലഭൂയിഷ്ടമായ മണ്ണ്, ഇവ കൂടുതൽ ജനവാസത്തിന് ഇടയാക്കുന്നു. ലോക പ്രസിദ്ധമായ ശബരിമല അയ്യപ്പസന്നിധാനം തിരുവാഭരണം ചാർത്തുന്ന പെരുനാട് ശാസ്താക്ഷേത്രം, ക്രൈസ്തവ ഐക്യുമിനിസത്തിൻെറ ഫലമായി സ്ഥാപിച്ചിട്ടുള്ള നിലക്കൽ പള്ളി പേരുനാട് ബഥനി ആശ്രമം എന്നീ പുണ്യസ്ഥലങ്ങളിലേക്കുപോകുന്ന തീർത്ഥാടകർക്ക് നാറാണംമൂഴി ഒരു ഇടത്താവളമാണ്. സിനിമയിലും, ടെലിവിഷനിലും കാണുന്നതിനേക്കാൾ മനോഹരമായ പെരുന്തേനരുവി കട്ടുക്കൽ അരുവി, പമ്പാനദിയിൽ കാണുന്ന പാറക്കെട്ടുകൾ ഇവ സന്ദർശകരെ ആകർഷിക്കുന്ന പദ്ധതികളാണ്.

റാന്നി പാലം ബലക്ഷയമായതോടുകൂടി തിരുവനന്തപുരം- പുനലൂർ- മൂവാറ്റുപുഴ, പത്തനംതിട്ട റാന്നി- പാലാ, പൂഞ്ഞാർ, പത്തനം തിട്ട, - എറണാകുളം എന്നീ റൂട്ടുകളിൽ ഓടുന്ന വാഹനങ്ങൾ ഇപ്പോൾ നാറാണം മൂഴി പഞ്ചായത്തിലെ ചെത്തോങ്കര-അത്തിക്കയം പെരുനാട് റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്നു ശബരിമല തീർത്ഥാടകർ എരുമേലിയിൽ നിന്നും എളുപ്പവഴിയിൽ പമ്പയിലേക്കു പോകുന്നതും ഈ റൂട്ടിൽകൂടിയാണ് ഈ പറഞ്ഞകാര്യങ്ങളിൽ നിന്നും നാറാണംമൂഴി പഞ്ചായത്തിൽ കൂടിപൊകുന്ന റോഡുകൾ എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു വ്യക്തമാണല്ലോ.

ഗതാഗത ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ താഴെചേർത്തിരിക്കുന്ന വിവരങ്ങൾ ഇവിടെ സ്മരണീയമാണ്.

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള നാല് പ്രധാന റോഡുകൾ നാട്ടുകാരുടെ ശ്രമദാനത്തിലൂടെ വെട്ടിയിട്ടുള്ളതാകുന്നു.

1. അഞ്ചുകുഴി- നാറാണം മൂഴി- മുക്കം -(1942. ൽ) ആദ്യം ബസ് സർവ്വീസ് ഉണ്ടയിരുന്ന ഈ P.W.D റോഡ് ഏറ്റെടുത്ത് ടാർ ചെയ്തിട്ട് 12 വർഷംകഴിഞ്ഞു. ഗതാഗത യോഗ്യമല്ലാതായി കുണ്ടും കുഴിയുമായി കിടക്കുന്നു.
2. കരികുളം - അത്തിക്കയം - പെരുനാട് റോഡ് P.W.D(1965-ൽ)
3. അത്തിക്കയം - തോണിക്കടവ് . 1940 ൽ P.W.D
4. കക്കുടുമൺ - പേമരുതി - അത്തിക്കയം ഒരു ഭാഗം മാത്രം ടാർ ചെയ്തിട്ടുണ്ട്.

ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ ആവശ്യകതമൂലം പുനരധിവസിപ്പിക്കപ്പെടുന്ന കുടുബങ്ങൾ ആദിവാസിപുനരധിവാസം, ഹരിജനങ്ങൾക്കു നഷ്ടപ്പെട്ട ഭൂമിക്ക് പകരം കോടതി വിധിമൂലം ഭൂമിനല്കി പുനരധിവസിപ്പിച്ചത് എന്നീ കാരണങ്ങളാൽ ആയിരക്കണക്കിന് കുടുംബങ്ങൾ പുതുതായി ഈ പഞ്ചായത്തിൽ സ്ഥിരതാമസക്കാരായി. പട്ടിക ജാതി, പട്ടികവർഗ്ഗക്കാർക്കായി സ്ഥാപിച്ചിട്ടുള്ള കോളനികൾ പുതിയറോഡുകളുടെയും ഗതാഗതസൗകര്യത്തിൻെറയും ആവശ്യകതയിലേക്ക് അധികൃത ശ്രദ്ധ ആകർഷിപ്പിക്കുന്നു.

റാന്നി പാലം ബലക്ഷയമായതോടുകൂടി ഗതാഗതനിയന്ത്രണം മൂലം സൈനിക സഹായത്തോടുകൂടി ബ്രെയിലിപാലം തീർത്തെങ്കിലും ഭാരം കയറ്റിയ വലിയ വാഹനങ്ങൾക്ക് സഞ്ചാര സൗകര്യം അനുവദിക്കാത്ത

സാഹചര്യത്തിൽ റാന്നിയുടെ വികസനം മുരടിച്ച സ്ഥിതിയിലായി ചെങ്ങന്നൂർ, തിരുവല്ലാ, ചങ്ങനാശ്ശേരി, മല്ലപ്പള്ളി എന്നീഭാഗങ്ങളിൽ നിന്നും, എരുമേലിയിൽ നിന്നും കറുകച്ചാൽ- മണിമല റൂട്ടിലും വരുന്ന തീർത്ഥാടകർ യാത്രക്കാർ എന്നിവർക്ക് റാന്നിയിൽ വന്ന് ഭക്ഷണം കഴിച്ച് വാഹനങ്ങൾക്കുള്ള ഇന്ധനം ശേഖരിച്ച്, യാത്രതുടങ്ങുവാൻ റാന്നി കോളജ് ജംഗ്ഷൻ - ഒഴുവൻപാറ അഞ്ചുകുഴി മുക്കം, റോഡ് വളരെ സഹായകരമാണ് ഈ വസ്തുത കണക്കിലെടുത്ത് മേൽപറഞ്ഞ റോഡ് ആവശ്യമായ അറ്റകുറ്റപണികൾ തീർത്ത് ഗതാഗതയോഗ്യമാക്കുന്നത് റാന്നിക്കും നാറാണംമൂഴി പഞ്ചായത്തിനും, തീർത്ഥാടകർക്കും, വ്യവസായികൾക്കും, വിദ്യാഭ്യാസസ്ഥാപനങ്ങളോടു ബന്ധപ്പെട്ടവർക്കും വളരെപ്രയോജനപ്രദമായിരിക്കും. പുതുതായി നിലവിൽ വന്ന പട്ടികവർഗ്ഗ, പട്ടികജാതി കോളനികളിലെ കർഷകരുടെ അഭിവൃത്തിക്ക് വലിയകുളം മുക്കം- അത്തിക്കയം റൂട്ടിൽ ബസ്സർവീസ് അത്യാവശ്യമാണ്.

പുതുതായി ഒരു New M.L.A. റോഡ് വെച്ചുച്ചിറ അത്തിക്കയമായി പണിതീന്നുവരുന്നു. എന്നാൽ മെറ്റിലിംഗും ടാറിങ്ങും നടത്തിട്ടില്ല. ഈ റോഡ് സഞ്ചാരയോഗ്യമായാൽ വെച്ചുച്ചിറയിൽ നിന്നും അത്തിക്കയം-- പെരുനാട്, വടശ്ശേരിക്കര വഴി പത്തനംതിട്ടക്ക് യാത്ര ലാഭകരവും സൗകര്യപ്രദവുമായിരിക്കും.

റാന്നി ഒഴുവൻ പാറ അഞ്ചുകുഴി. മുക്കം റോഡിൽ നിന്ന് ഹൈസ്കൂൾ പടി, കുറ്റിലിൽ പടി അത്തിക്കയം റോഡ് മെറ്റൽ ചെയ്ത് ടാറിട്ടാൽ അത് ഈ പ്രദേശത്തിന്റെ വികസന ഭൂപടത്തിൽ ഒരു സുപ്രധാന രേഖയായി മാറും. റോഡുകൾ ധാരാളമായി എല്ലാവാർഡുകളിലുമുണ്ടെങ്കിലും യഥാസമയം അറ്റകുറ്റപ്പണികൾ നടക്കാത്തതിനാലും ഓടകൾ, കലുങ്കുകൾ, ഇവയുടെ അഭാവത്താലും അവപ്രയോജനരഹിതമായ അവസ്ഥയിലാണ്.

**റോഡ് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുന്നതിന് ഗ്രാമ സഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ.**

1. നിലവിലുള്ള റോഡുകൾ മെറ്റൽ ചെയ്ത് ടാറിടുക.
2. ആവശ്യമായ ഓടകൾ നിർമ്മിക്കുക.

### നാറാണം മൂഴി പഞ്ചായത്തിൽ കൂടികടന്നു പോകുന്ന P.W.D. Tar റോഡുകൾ

| നമ്പർ | റോഡ് (പഞ്ചായത്ത് അതിർത്തിക്കുള്ളിലെ ഭാഗം ബ്രാക്കറ്റിൽ) | ഉടമസ്ഥത | കി.മീ ദൂരം | മീ. വീതി | നമ്പർ ബസ്/ മറ്റ്സഞ്ചാര സ്വകര്യം |
|---|---|---|---|---|---|
| 1 | ചെത്തോങ്കര-അത്തിക്കയം കരികുളംമുതൽ അത്തിക്കയം വരെ) | P.W.D. | 5 | 8 | ഉണ്ട് |
| 2 | അഞ്ചുക്കുഴി- മുക്കം (മുണ്ടിയാന്തറ- മുക്കം) | P.W.D പഞ്ചായത്ത് | 4 | 8 | ഇല്ല |
| 3 | പെരുനാട്- പെരുന്തേനരുവി (ചേന്നമ്പാറ, പെരുന്തേനരുവി) | P.W.D | 5 | 8 | ഉണ്ട് |
| 4 | ഇടമൺ -കണ്ണമ്പള്ളി തോമ്പിക്കണ്ടം ഇടമുറി കണ്ണമ്പള്ളി) | M.L.A Road | 6 | 8 | ഉണ്ട് |
| 5 | വലിയകുളം - അലിമുക്ക് (അടിച്ചിപ്പുഴ) | പഞ്ചായത്ത് | 3 | 8 | ഉണ്ട് |
| 6 | കക്കുടുമൺ - പേമരുതി -അത്തിക്കയം | ,, | 2.750 | 8 | ഉണ്ട് |

3. ശബരിമല അനുബന്ധറോഡുകളായി മന്ദമരുതി – കക്കുടുമൺ– പേമരുതി–അത്തിക്കയം, വെച്ചൂച്ചിറ– ചെമ്പനോലി– അത്തിക്കയം, എന്നീറോഡുകൾഏറ്റെടുത്ത് അടിയന്തിരമായി പണികൾ പൂർത്തിയാക്കണം.

4. വേനൽക്കാലത്ത് 7,8 വാർഡുകളിൽപ്പെട്ട ബഹുഭൂരിപക്ഷം ആളുകൾ കുളിയ്ക്കാൻ ഉപയോഗിക്കുന്നതും ദശാബ്ദങ്ങൾപഴക്കമുള്ളതുമായ കൈചിറക്കടവ് സ്റ്റെപ്പ്കെട്ടി കാഞ്ഞിരമുക്കുവരെ സംരക്ഷിക്കുക. എല്ലാറോഡുകളിലും ഐവശ്യമായ സ്ഥലങ്ങളിൽ സൈഡ് ഭിത്തികെട്ടി അപകടം ഒഴിവാക്കുക.

5. വളവുകൾ നിവർത്ത് വീതിക്കൂട്ടുക.

6. അത്തിക്കയത്ത് ഒരു ബസ്സ് സ്റ്റാൻറ് സ്ഥാപിക്കുക.

7. ഒരു പ്രത്യേക ടാക്സി സ്റ്റാൻറ് നിർമ്മിക്കുക.

റയിൽവേലൈൻ സ്പർശിച്ചിട്ടില്ലാത്ത റാന്നി മേഖലയിലെ ഈ കിഴക്കൻ പ്രദേശത്തിൻെറ വികസനത്തിനും മലഞ്ചരക്കുകളുടെ ക്രയവിക്രയത്തി

## അടിയിന്തിരമായി മെറ്റൽ ചെയ്ത് ചാറിടേണ്ട റോഡുകൾ

| വാർഡ് | റോഡ് | ദൂരം | വീതി | പ്രാധാന്യം |
|---|---|---|---|---|
| 1 | ചേന്നമ്പാറ അറക്കമൺ | 1.2 | 5. | ദൂരക്കുറവ് |
| 2 | ആഞ്ഞിലിമുക്ക് – കൊച്ചുകുളം ( റോഡ് –കൊച്ചുകുളം തെക്കേക്കര) | 1.0 | | തീർത്ഥാടകരുടെ സൗകര്യവും വളവ് ഇല്ലാത്ത റോഡ് |
| II 1 | കുരുമ്പൻ മൂഴി – മണക്കയം | 3.0 | | ആദിവാസി കോളനി |
| 2 | ആഞ്ഞിമുക്ക് – കൊച്ചുകുളം | 1.0 | | ഫുഡ്പ്രൊഡക്ഷൻ ഏറിയ |
| III | മന്തമൺ – കുട്ടുക്കൽ | 1.30 | | ഹൈസ്ക്കൂൾ, പട്ടികവർഗ്ഗ കോളനി നവോദയ |
| IV 1 | മടന്തമൺ– പുള്ളിക്കല്ല് | 1.5 | | വിദ്യാലയം |
| 2 | ആറാട്ടുമൺ– കണ്ണമ്പള്ളി | 2.5 | | ഇടുക്കി കോളനി താർത്ഥാടനസൗകര്യം |
| | തോമ്പികണ്ടം–വലിയപതാൽ | 2.0 | | പട്ടികവർഗ്ഗകോളനി |
| VII | നാറാണംമൂഴി ഹൈസ്ക്കൂൾ പടി കുറ്റിയിൽ – അത്തിക്കയം | 300. m | | പ്രദേശത്തിൻെറ പൊതുവികസനം. അത്തിക്കയം ചബ്ലിക്ക് മാർക്കറ്റ്, ഹൈസ്ക്കൂൾ, ആദിവാസി മേഖലയുള്ള ബന്ധം. |
| VIII | വലിയകുളം – അലിമുക്ക് – മുക്കം | 1.5 | | ആദിവാസികോളനികൾ പട്ടികജാതി കോളനികൾ ജനസാന്ദ്രത |
| IX | കക്കുടു മൺ– വാഴക്കാലമുക്ക് | | XV | വനത്തു മുറി– കണ്ണമ്പള്ളി |
| X | നീരാട്ടുകാവ്– പള്ളിമുക്ക് | | | |
| XI | കച്ചേരിത്തടം– മോതിരവയൽ | | XI | ചേത്തയ്ക്കൽ, ഇടമുറി– പുള്ളികല്ല് |
| XII | പൊട്ടനരുവി – പത്തേക്കർ | | | റോഡിൽ, ഇടമുറി മുതൽ ഇടമുറി |
| XIII | മലയിൽ പടി – പവ്വത്തുമണ്ണിൽ പടി | | | ഹൈസ്ക്കൂൾ വരെ എം.എൽ. എ. |
| XIV | വനസ്ഥ മുറി – തെക്കേനദി | | | റോഡു വരെ. |

നും തീർത്ഥാടകരുടെ സൗകര്യത്തിനും ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന വിവിധ റോഡുകളുടെ വികസനവും, അറ്റകുറ്റപ്പണികളും യഥാസമയം നടത്തുന്നതിൽ, സംസ്ഥാനസർക്കാർ, ജില്ലാ, ബ്ലോക്ക് - പഞ്ചായത്ത് അധികൃതർ അതാത് തലങ്ങളിൽ അടിയിന്തിരനടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നാറാണം മൂഴി പഞ്ചായത്തിൽ ആസ്ഥാനമായ അത്തിക്കയത്തുള്ള 60-ൽ പരം ടാക്സി ജീപ്പുകളും 12 ടാക്സി കാറുകളും 10 ഓട്ടോകളും സർവീസ് നടത്തുന്നുണ്ട്. കോട്ടയം-അത്തിക്കയം കോട്ടയം - പെരുനാട്, കോട്ടയം - ചിറ്റാർ, കോട്ടയം- ആങ്ങമൂഴി കോഴഞ്ചേരി അത്തിക്കയം, പുനലൂർ- തോണിക്കടവ്, കോഴഞ്ചേരി- കുടമുരട്ടി, കോഴഞ്ചേരി, മന്ദമുരതി . ഇടമുറികക്കുടുമൺ, പത്തനം തിട്ട - കടുമിൻ ചിറ, പത്തനംതിട്ട കുടമുരുട്ടി, എന്നി റൂട്ടുകളിലായി 20-ൽ പരം ബസ് സർവീസുകൾ ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു എന്നാൽ ബസ്സിന് സൗകര്യപ്രദമായ സ്റ്റാൻറും, ബസ് പുറപ്പെടുന്നസമയം, റൂട്ട് ഇവ യാത്രക്കാരെ അറിയിക്കുന്നതിനുള്ളക്രമീകരണങ്ങളും ഇല്ല. ഇത് എത്രയും വേഗം പരിഹരിക്കേണ്ടതാണ്, ചെങ്ങന്നൂർ- അത്തിക്കയം-കുടമുരട്ടി, പത്തനംതിട്ട- അത്തിക്കയം റാന്നി-പത്തനം തിട്ട - മുക്കം റാന്നി എന്നീ റൂട്ടുകളിൽ ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ എത്രയും വേഗം പുനസ്ഥാപിക്കണം. തിരുവനന്തപുരം -പെരുനാട് ആയി അനുവദിച്ചിട്ടുള്ള ഫാസ്റ്റ് പാസ്സഞ്ചർ ബസ് അത്തിക്കയം വരെ നീട്ടണം. കോഴഞ്ചേരി- റാന്നി - ഒഴുവൻപാറ - നാറാണംമൂഴി- അത്തിക്കയം ആയി പുതിയ ബസ്സർവ്വീസ് ആരംഭിക്കണം. ഇപ്പോൾ അടിച്ചിപ്പുഴവരെ സർവീസ് നടത്തുന്ന ബസുകൾ അത്തിക്കയം മാർക്കറ്റ് വരെ നീട്ടണം.

ഇപ്പോൾ 18000 യിരത്തിൽ പരം ജനസംഖ്യയുള്ള പഞ്ചായത്തിലെ ടാർ റോഡ് 22 കിലോമീറ്റർ മാത്രമാണ്. 33.61 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ ഗതാഗത യോഗ്യമായി വെറും 10 കിലോമീറ്ററിൽ താഴെയുള്ള റോഡുകൾമാത്രമേയുള്ളു. എത്രയും വേഗം നിലവിലുള്ള എല്ലാറോഡുകളും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

### ഊർജ്ജം

1958-ൽ നാറാണംമൂഴി പ്രദേശത്ത് ഏതാനും വീടുകളിൽ ബൾബുകൾ പ്രകാശിച്ചതോടുകൂടി ഈ പഞ്ചായത്തിലെ ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി കടന്നു വന്നു. യശഃശരീരനായ അന്നത്തെ വകുപ്പ് മന്ത്രി ശ്രീ. കെ. വി. വേലായുധൻ ഈ കാര്യത്തിൽ പ്രകടിപ്പിച്ച താൽപര്യം പ്രത്യേകം സ്മരണീയമാണ് .

പള്ളം ഇലക്ട്രിക്കൽ സബ് സ്റ്റേഷനിൽ നിന്നു വടശ്ശേരിക്കര ഇലക്ട്രിക്കൽ സബ് ഡിവിഷൻ, റന്നി നോർത്ത് എന്നീ ഇലക്ട്രിക്കൽ ഓഫീസുകളുടെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിൽ ലഭിക്കുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ 983 ഗാർഹിക ഉപഭോക്താക്കളും 250 വ്യാപാര ഉപഭോക്താക്കളും 19 വ്യവസായ ഉപഭോക്താക്കളും ഉണ്ട്. പതിനായിരത്തി തൊള്ളായിരത്തി എൺപത്തിഎട്ട് ജനസംഖ്യയും 33.61 ചതുരശ്രീ കിലോമീറ്റർ വീതിയും ഉള്ള ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ ഒരു ഇലക്ട്രിക്കൽ ഓവർ സിയർ ഓഫീസിന് വേണ്ടി മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെ ആയി. ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ മാസം തോറും കറൻറ് ചാർജ് അടക്കുന്നതിന് 15 കിലോമീറ്റർ സഞ്ചരിച്ച് മണിക്കൂറുകൾ ക്യൂ നിന്ന് കഷ്ടപ്പെടുന്ന കാഴ്ച ദയനീയമാണ്. എത്രയും വേഗംഅത്തിക്കയത്ത് ഒരു ഓവർസിയർ ഓഫിസെങ്കിലും അനുവദിക്കേണ്ടതാക്കേ പഞ്ചായത്തിൽ നിലവിലുള്ള ടാൻസ്ഫോർമറുകൾ പലതും പഴയതും എപ്പോഴും കേടുസംഭവിക്കുന്നതുമാണ്. എത്രയും വേഗം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. വൈദ്യുതിയുടെ വിതരണരംഗത്തെ പ്രസരണനഷ്ടം നികത്തിൽ കൂടി കടന്നു പോകുന്ന മെയിൻ ലൈൻ സൗകര്യപ്രദമായി ഉപയോഗിച്ച് ഈ പഞ്ചായത്തൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിച്ചാൽ അത് പത്തനംതിട്ട ജില്ലയ്ക്ക് മുഴുവൻ പ്രയോജനപ്രദമായിരിക്കും ഒരു മാസം 3215 രൂപ കറൻറ് ചാർജായി പഞ്ചായത്താഫീസിൽ നിന്നും അടച്ചെങ്കിലും സ്ട്രീറ്റ് ലൈറ്റ് പ്രയോജനപ്രദമല്ല.വൈദ്യുതി ബോർഡിൻെറ അനാസ്ഥ കാരണം ദിവസങ്ങളോളം വൈദ്യുതി ലഭിക്കാത്ത അനുഭവം നിത്യസംഭവമാണ്.

സ്ട്രീറ്റ് ലൈറ്റുകൾ 90% കത്തുന്നില്ല. ഫ്യൂസായ ബൾബുകൾ യഥാവസരം മാറ്റി പുതിയവ സ്ഥാപിക്കുന്നില്ല. ലൈനിൽ തൊട്ടു കിടക്കുന്ന മരക്കൊമ്പുകൾ വെട്ടി മാറ്റാത്തതും വൈദ്യുതി വിതരണത്തിന് തടസ്സമാകുന്നു. നിലവിലുള്ള മീറ്ററുകൾ പലതും പ്രവർത്തനരഹിതമാണ്.

ഗ്രാമസഭകളിൽ നിന്നും വൈദ്യുതി സംബന്ധമായി ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പുതുതായി സോഡിയം ലാമ്പുകൾ (street light) അനുവദിക്കേണ്ട സ്ഥലങ്ങൾ

1 അത്തിക്കയം ജംഗ്ഷൻ

| വാർഡ് | വൈദ്യുതി എത്താത്ത പ്രദേശം | പ്രശ്നം | വോൾട്ടേജ് | ട്രാൻസ്ഫോർമർ |
|---|---|---|---|---|
| 1 | ഉന്നത്താനി, ലക്ഷം വീട് കോളനി | വനത്തിൽ കൂട്ടി ലൈൻ വലിക്കണം | ഇല്ല | ട്രാൻസ്ഫോർമർ മാറണം |
| 2 | കുറുമ്പൻ മൂഴി, മണക്കയം, കൊച്ചുകുളം തടം | ബോർഡിൻെറ അനാസ്ഥ സാമ്പത്തിക പിന്നോക്കാവസ്ഥ | ഇല്ല | ” |
| 3 | മൂന്നാം വാർഡിൻെറ ഭൂരി ഭാഗം പ്രദേശത്തും വൈദ്യുതി ഇല്ല | ലൈൻ വലിക്കുന്നതിനുള്ള സമ്മതപത്രം | | സ്ഥാപിക്കണം |
| 4 | പുള്ളിക്കല്ല്, ആറാട്ടുമൺ, ചെമ്പനോലി, ഇടുക്കി കോളനി, ചെമ്പന്മുടി | വൈദ്യുതി ബോർഡിൻെറ അനാസ്ഥ സാമ്പത്തിക പിന്നോക്കാവസ്ഥ | ഇല്ല | ” |
| 5 | പത്തേക്കർ, വലിയ പതാൽ ചുട്ടിപ്പാറ | | ഇല്ല | ” |
| 7 | ഹൈസ്കൂളിൻെറ പടിഞ്ഞാറ് ഭാഗം കൈച്ചിറ ആറ്റുഭാഗം | സാമ്പത്തികം | ഇല്ല | ട്രാൻസ്ഫോർമർ മാറണം |
| 8 | അടിച്ചിപ്പുഴ, പട്ടികജാതി കോളനി, അലിമുക്ക്, ചൂരക്കുഴി, അര ഏക്കർ കോളനി, കാക്കമല, ചൊള്ളനാവയൽ വനം കുടി | സാമ്പത്തികം<br>സാമ്പത്തികം | ഇല്ല<br>ഇല്ല | പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം |
| 9 | ലക്ഷംവീട് കോളനി, ശാസ്താം കണ്ടം, തോമ്പിക്കണ്ടം | സാമ്പത്തിക പരാധീനത | ഇല്ല | ” |

അറക്കമൺ-ചേന്നമ്പാറ റോഡ് ജംഗ്ഷൻ, തോണിക്കടവ്-കോളാമല റോഡ് ജംഗ്ഷൻ, ഉന്നത്താനി

2 കുടവുരട്ടി, ചണ്ണത്തടം, കുറുമ്പൻ മൂഴി, ആഞ്ഞിലിമുക്ക്, കൊച്ചുകുളം,

3 മന്ദിരം പടി, മടന്തമൺ, കട്ടുക്കൽ, കടുമിൻ ചിറ, ചെമ്പനോലി ക്ഷേത്രം പടി

4 പഞ്ചാരമുക്ക്-ആറാട്ടുമൺ, കണ്ണംപള്ളി, ചെമ്പമുടി,പുള്ളിക്കല്ല്

5 ചപ്പാത്ത് ജംഗ്ഷൻ, വലിയ പതാൽ ജംഗ്ഷൻ, പ്രിയദർശിനി ജംഗ്ഷൻ പത്തേക്കർ ജംഗ്ഷൻ

6 കക്കുടുമൺ പൊന്നമ്പാറ ജംഗ്ഷൻ, നീരാട്ടുകാവ് ജംഗ്ഷൻ പേമരുതി 5 കോളനി, കൊമ്പിപൊയ്ക്കാ എം. എൽ. എ. റോഡിനു പടിഞ്ഞാറ്

7 നാറാണംമൂഴി ഹൈസ്കൂൾ ജംഗ്ഷൻ, കൈച്ചിറപ്പള്ളിപടി കുറ്റിപടി ജംഗ്ഷൻ, നാറാണംമൂഴി വള്ളക്കടവ്, അത്തിക്കയം പബ്ലിക് മാർക്കറ്റ്, അത്തിക്കയം പാലം, കാണിമുക്ക്

8 നിരപ്പുപാറ, അലിമുക്ക്, മോതിരവയൽ, കച്ചേരി തടം, ചൂരക്കുഴി, അടിച്ചിപ്പുഴ, ഇവാൻജലിക്കൽ.

9. പള്ളിപടി ഇടമുറി പാലം ജംഗ്ഷൻ,ഹൈസ്കൂൾ ജംഗ്ഷൻ.

## മാർക്കറ്റ്

1953-ൽ അത്തിക്കയം മാർക്കറ്റ് നിലവിൽ വന്നു. ആദ്യകാലങ്ങളിൽ ഗതാഗതസൗകര്യക്കുറവുമൂലം ലേലതുകകയ്യിൽ നിന്നും അടച്ച് മാർക്കറ്റുകൾ നിലനിർത്തി പോന്നു. ജനവാസം വർദ്ധിക്കുകയും അത്തിക്കയം പാലം, അത്തിക്കയം കലുങ്ക്, നാറാണംമൂഴി തോട്ടിലെ പാലം ഇവ തീർന്ന തോടുകൂടി സമീപ പഞ്ചായത്തുകളിൽ നിന്നും ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിൽ ഈ ചന്തയിൽ ആയിരക്കണക്കിന് സ്ത്രീ പുരുഷന്മാർ

എത്തുന്നു. ഇന്ന് റാന്നി-ഇട്ടിയപ്പാറ ചന്ത കഴിഞ്ഞാൽ കിഴക്കൻ പ്രദേശത്തെ ജനബാഹുല്യമുള്ള ഏറ്റവും വലിയി ചന്തയായി അത്തിക്കയം മാർക്കറ്റ് വികസിച്ചു. തന്നാണ്ടിൽ ചന്തലേലം വഴി 31062 രൂപായും മാംസം ചന്തലേലത്തിൽ 82025 രൂപായും ലഭിച്ചിട്ടുണ്ട്. അത്തിക്കയം മാർക്കറ്റിൽ പ്രധാനമായും നടക്കുന്ന കച്ചവടം പച്ചക്കറി, മത്സ്യം എന്നിവയാണ്. നാണ്യവിളകളുടെ നാടായ നാറാണംമൂഴി പഞ്ചായത്തിലെയും പരിസരപ്രദേശങ്ങളിലേയും ജനങ്ങൾ പച്ചക്കറിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അവിടെ നിന്ന് വരുന്ന പച്ചക്കറി സാധനങ്ങൾ അമിത വിലയ്ക്ക് ആണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. ഈ രംഗത്ത് സഹകരണ പ്രസ്ഥാനങ്ങൾ മുന്നോട്ട് വരുന്നത് നല്ലതായിരിക്കും. മത്സ്യവിപണിയും അതുപോലെ തന്നെ. അന്യനാട്ടുകാരായ കച്ചവടക്കാർ ഒരു ന്യായീകരണവുമില്ലാത്ത വില ഈടാക്കുന്നു. ഒരു ഉപഭോക്തൃ സമിതി അത്യാവശ്യമായി പ്രവർത്തിക്കണം.

ഈ പ്രദേശത്തെ കാർഷിക വിളവുകൾ നാളികേരം, കുരുമുളക്, കശുവണ്ടി, അടയ്ക്കാ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, കോലിഞ്ചി, തുടങ്ങിയവയാണ് ഈ ഉൽപ്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കത്തക്ക വിധം സഹകരണവിപണിയോ, വിശ്വസിക്കാവുന്ന സ്വകാര്യ വിപണിയോ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയായ റബ്ബർ ആണ് ജനവീവിതത്തിൻെറ അടിത്തറ. ധാരാളം റബ്ബർ വ്യാപാരികൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുവാൻ ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ജീപ്പ് സർവീസിനെ ആശ്രയിക്കുന്ന ഉല്പാദകർക്കും ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി സഞ്ചരിക്കുവാൻ താഴെപ്പറയുന്ന പ്രദേശങ്ങളെ ബന്ധിക്കുന്ന ബസ് സർവീസ് അത്യാവശ്യമാണ്.

1. വലിയകുളം-അടിച്ചിപ്പുഴ-അത്തിക്കയം
2. കുറുമ്പന്മൂഴി-കുടവുരട്ടി-അത്തിക്കയം
3. തോമ്പിക്കണ്ടം-ഇടമുറി-അത്തിക്കയം
4. വെച്ചുച്ചിറ-മടന്തമൺ-അത്തിക്കയം
5. മന്ദമരുതി-നീരേറ്റുകാവ്-കക്കൂട്ടുമൺ-അത്തിക്കയം

ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ

1. ചന്തയിൽ നിന്നും മാറ്റി-ടാക്സി, ബസ് സ്റ്റാൻഡ് നിർമ്മിക്കുക
2. അളവ്, തുക്കങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. അറവ് ശാലകളിൽ നിന്നും മത്സ്യമാർക്കറ്റിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ സംവിധാനം ഏർപ്പെടുത്തുക.
4. വില വിവരപട്ടിക പ്രസിദ്ധീകരിക്കുക
5. മാർക്കറ്റിഗിന് നിലവിലുള്ള വിസ്തീർണ്ണം നഷ്ടപ്പെടാതെ സംരക്ഷിക്കുക.
6. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ അന്തിച്ചന്തകൾ ആരംഭിക്കുക.
7. സഹകരണസംഘങ്ങൾ മുഖേന പച്ചക്കറി വിൽപ്പന നടത്തുക.

# അനുബന്ധം - A

## വാർഡ് - I, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേത്ത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പെരുനാട് - പെരുന്തേനരുവി (ഭാഗികമായി ടാർ ചെയ്തത്) | 7 | 8 | | 4 KM | 3 | | ✓ | | ✓ | | ✓ | ✓ | | |
| 2 | ഉന്നത്താനി - കോളാമല | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | അറയ്ക്കമൺ - ചേന്നമ്പാറ | 1.2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | ഉന്നത്താനി - കൊച്ചുകുളം | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | തോണിക്കടവ് - കോളാമല | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | ആഞ്ഞിലിമുക്ക് - കൊച്ചുകുളം (തെക്കേക്കര) | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | കൊച്ചുകുളം സമിതി - കോളാമല | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | പൂപ്പള്ളി - പഥനിമല | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | ചെറുകുന്നേൽപടി - തടിയിൽപടി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 10 | തോണിക്കടവ് - റ്റി. റ്റി. ജോസഫ്പടി | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A

## വാർഡ് - II, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചണ്ണവാൽ - ചണ്ണതടം | 1.3 | 5 | | | | | | | | | | | | |
| 2 | അംബേദ്കർ റോഡ് | 1.5 | 5 | | 1 KM | ✓ | | ✓ | | ✓ | ✓ | | ✓ | | |
| 3 | കുറുമ്പൻമൂഴി - മണക്കയം | 3 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | പെരുന്തേനരുവി - ചണ്ണവാൽ | 2.1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | കുടമുരട്ടി - ചണ്ണ | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | കൊച്ചുകുളം - ചണ്ണത്തടം | 2.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | കുറുമ്പൻമൂഴി - അമ്പലപ്പടി | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | കുറുന്തോട്ടിക്കൽപടി - കൊച്ചുകുളം | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | ചണ്ണ - പതാക്ക് കോളനി | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 10 | ആഞ്ഞിലിമുക്ക് - കൊച്ചുകുളം | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A

## വാർഡ് - III, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മടന്തമൺ - കട്ടുക്കൽ | 1.3 | 7 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | അത്തിക്കയം - മന്ദിരംപടി - കുടുവിൻചിറ | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | ചെമ്പനോലി - മടന്തമൺ via വടപറമ്പിൽപടി | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | ചെമ്പനോലി - മഴുവറ | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | കടുവിൻചിറ - പെരുങ്കയം | .5 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | പെരുങ്കയം - അമ്പലംഭാഗം | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | മന്ദിരംപടി - കൊടുമ്പുഴ | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | വനത്തുംമുറി - കൊടുമ്പുഴ | 1.4 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | കുളമാംകുഴി - തെക്കേതൊട്ടി<br>(അത്തിക്കയം - മടണമൺ റോഡ് ന്യൂ എം. എൽ. എ. റോഡായി എടുത്ത് പണി നടന്നുവരുന്നു) | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A
## വാർഡ് - IV, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മടന്തമൺ - പുളിക്കല്ല് (via ആറാട്ടുമൺ) | 1.5 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | ആറാട്ടുമൺ - കണ്ണമ്പയമൺ (via ഇടുക്കി കോളനി) | 2.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | കുളമാൻകുഴി - പഞ്ചാരമുക്ക് | 2.7 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | ചെമ്പനോലി - ചെമ്പൻമൂഴി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | ആറാട്ടുമൺ - ചെമ്പനോലി (via ക്നാനായപള്ളിപ്പടി) | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | മടന്തമൺ - ചെമ്പനോലി (via മഴുവഞ്ചേരിപ്പടി) | .55 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | കണ്ണംപള്ളി - വനത്തുമുറി | .5 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | പഞ്ചാരമുക്ക് - പള്ളിപ്പടി | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | കണ്ണംപള്ളി - പൊന്നമ്പാറ | 1.3 | 5 | | ✓ | | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A
## വാർഡ് - V, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തോമ്പിക്കണ്ടം - വലിയപതാൽ - ചപ്പാത്ത് | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | ലക്ഷംവീട് - വലിയപതാൽ | 2.7 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | മലയാറ്റൂർപടി - റബ്ബർബോർഡ് | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | തൃക്കോമല - കണ്ണൻപടി - വലിയപതാൽ - പാറേക്കടവ് | 2.5 | 5 | | ✓ | | | ✓ | | ✓ | ✓ | | ✓ | | |
| 5 | കോടികുളംപടി - ഇടമൺ | 1.5 | 5 | | ✓ | | | ✓ | | ✓ | ✓ | | ✓ | | |
| 6 | വലിയവെള്ളിലാവ് - അച്ചടിപ്പാറ | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | മെഴുവേലിപ്പടി - കുളഞ്ഞിക്കൊമ്പിൽപടി | 1.2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | പൊട്ടനരുവി - പത്തേക്കർ | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | ബന്നിപ്പടി - വീശുവാളപ്പടി | .75 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A
## വാർഡ് - VI, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കക്കുടുമൺ - വാഴക്കാല | 1 | 7 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | വാഴക്കാല - പൊന്നമ്പാറ | 1.4 | 6 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | പൊന്നമ്പാറ - റബ്ബർബോർഡ് | 1 | 6 | | ✓ | | | ✓ | | ✓ | | ✓ | ✓ | | |
| 4 | നീരാട്ടുകാവ് - തലയിണത്തടം | 2.5 | 6 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | കക്കുടുമൺ - നീരാട്ടുകാവ് | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | കക്കുടുമൺ - തലയിണത്തടം | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | പൊന്നമ്പാറ - വാലേൽപ്പടി | 1.2 | 8 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A
## വാർഡ് - VII, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേത്ത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അഞ്ചുകുഴിമുക്കം PWD റോഡ് | 5 | 8 | | ✓ | | ✓ | | ✓ | | | | ✓ | | |
| 2 | ഹൈസ്കൂൾപടി via കുറ്റിയിൽപ്പടി - അത്തിക്കയം | 1 | 6 | | | ✓ | | ✓ | | ✓ | ✓ | | ✓ | | |
| 3 | നാറാണംമൂഴി HS പടി - കാണിമുക്ക് | 1.05 | 4 | | | ✓ | | ✓ | ✓ | | | ✓ | ✓ | | |
| 4 | കക്കുടുമൺ - പേമരുതി - അത്തിക്കയം | 2.8 | 5 | | ✓ | | ✓ | | | ✓ | ✓ | | ✓ | | |
| 5 | നെല്ലിമൂട് OEC കോളനി - ചൊള്ളനാവയൽ ഗിരിജൻകോളനി | 2 | 6 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | മൂങ്ങാപ്പാറ - പേമരുതി | .5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | മാടമൺ എൽ. പി. സ്കൂൾ - മുക്കം | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | കണ്ണംപള്ളി - പവ്വത്തുമണ്ണിൽപടി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A
## വാർഡ് - VIII, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാർ ചെയ്യേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | വലിയകുളം - മുക്കം via അലിമുക്ക് | 4 | 6 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | ചൊള്ളനാവയൽ - നിരപ്പുപാറ | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | ആശാരിപ്പടി - വലിയകുളം - കാക്കമല | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 4 | വലിയകുളം - മോതിരവയൽ | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | ചൂരക്കുഴി - മാടമൺകടവ് | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | കാക്കമല - അലിമുക്ക് | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | തൂങ്ങുമലപ്പടി - ഇരുളൻമണ്ണ് | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 8 | കച്ചേരിത്തടം - പാറക്കനാലിപടി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 9 | മാടമൺവടക്ക് - തുണ്ടത്തുംകുഴി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 10 | പള്ളിക്കാലാ - അരയേക്കൾ കോളനി | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 11 | കച്ചേരിത്തടം - ചൊള്ളനാവയൽ | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 12 | മാങ്ങാംപാറ - ചൊള്ളനാവയൽ | 1 | 4 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 13 | വലിയകുളം - കനകപ്പലംപടി | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 14 | വാച്ചൂർ - ഇരുളൻമണ്ണ് - മുക്കം | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 15 | മോതിരവയൽ - കച്ചേരിത്തടം | 1.5 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 16 | 18 ഏക്കർ - നിരപ്പുപാറ | 1 | 3 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - A

### വാർഡ് - IX, നിലവിലുള്ള റോഡുകൾ

| നമ്പർ | റോഡ്, തുടക്കം - ഒടുക്കം | ദൂരം KM | വീതി മീറ്റർ | ഒരു വർഷം ചെലവഴിച്ച തുക | ടാർ ഇട്ടത് | ടാറിടേണ്ടത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി വേത്ത് | സംഭാവന | ശ്രമദാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചേത്തയ്ക്കൽ - ഇടമുറി - പുള്ളിക്കല്ല് | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 2 | ഇടമുറി - ശാസ്താംകണ്ടം റോഡ് | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 3 | പൊന്നംപാറ - ഇടമുറി റോഡ് | 2 | 5 | | ✓ | | ✓ | | | ✓ | | ✓ | ✓ | | |
| 4 | ഇടമുറി ദേവീക്ഷേത്രം പടി - റബ്ബർ ബോർഡ് പടി | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 5 | തോമ്പിക്കണ്ടം - ഇടമുറി ഹൈസ്കൂൾ ജംഗ്ഷൻ | 2 | 3 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 6 | റബ്ബർബോർഡ് ക്വാർട്ടേഴ്സ്പടി - പൊന്നമ്പാറതടം | 2 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |
| 7 | വാലേൽപ്പടി - റബ്ബർബോർഡ് | 1 | 5 | | | ✓ | | ✓ | | ✓ | | ✓ | ✓ | | |

## അനുബന്ധം - B
## നാറാണംമൂഴി പഞ്ചായത്ത് - വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| നിലവിലുള്ള ഉപഭോക്താക്കൾ | | കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | തൻവർഷത്തെ കണക്ഷൻ | | പഞ്ചായത്ത് പരിധിയിലുള്ള വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ | ട്രാൻസ്ഫോർമർ പുതുതായി വേണ്ട സ്ഥലം |
|---|---|---|---|---|---|---|---|
| a. ഗാർഹികം | 938 | a) ഓർഡിനറി 40 | ബൾബ് 25W<br>40W<br>60W 270<br>100W | ഓർൾഡിനറി<br>O. T. P. | 12<br>6 | വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ<br>അറക്കമൺ 100 KVA<br>തോണിക്കടവ് 160 KVA<br>കോളാവല 100 KVA<br>കുടമുരുട്ടി 100 KVA<br>അത്തിക്കയം 160 KVA<br>കടുമൂചിറ 100 KVA<br>കണ്ണമ്പള്ളി 100 KVA<br>കുക്കുടുമൺ 100 KVA<br>ഇടുക്കികോളനി 100 KVA | നാറാണംമൂഴി ഹൈസ്കൂർ ഭാഗം |
| b. വ്യാപാരം | 250 | b) O.T.P. Nil | ട്യൂബ് 7 | O.Y.E.C. | 25 | റാന്നി നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ<br>ചേത്തക്കൽ റബ്ബർബോർഡ് 2 ട്രാൻസ്ഫോർമേർസ്<br>പൊയ്യാനിക്കൽ ട്രാൻസ്ഫോർമർ | തോമ്പിക്കണ്ടം |
| c. വ്യവസായം | 19 | c) O.Y.E.C Nil | മെർക്കുറിവേപ്പർ Nil | | | | മടന്തമൺ |
| d. കാർഷികം | ഇല്ല | | സോഡിയം വേപ്പർ Nil | | | | |

## അനുബന്ധം - B

## നാറാണംമൂഴി പഞ്ചായത്ത് - വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നല്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| രണ്ടാം വാർഡ് | കുടമുരുട്ടി അംബേദ്കർ കോളനി | 15 | 8 | 7 | |
| " | കുറുമ്പൻമൂഴി മണക്കയം | കളക്ഷൻ ലഭിച്ച എസ്റ്റിമേറ്റ് എടുത്തില്ല | | | വൈദ്യുതി ഇല്ല |
| അഞ്ചാം വാർഡ് | തോമ്പിക്കണ്ടം ഹരിജൻ കോളനി | 3 | Nil | 3 | ഭാഗീകമായി വൈദ്യുതീകരിച്ചു |
| " | വലിയപതാൽ ഗിരിജൻ കോളനി | – | – | – | വൈദ്യുതി ഇല്ല |
| ആറാം വാർഡ് | നീരാട്ടുകാവ് ഗിരിജൻ കോളനി I.H.D.P. സ്കീം | 3 | – | – | 39 വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കണം. എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതാണ്. |
| " | കൊമ്പിപൊയ്ക ഹരിജൻകോളനി | 6 | – | 6 | |
| " | വിളയാട്ടുപാറ ഹരിജൻകോളനി | Nil | Nil | | ലൈൻവലിച്ചിട്ടുണ്ട് |
| " | പേവരുതി ഹരിജൻകോളനി | Nil | Nil | | |
| എട്ടാം വാർഡ് | അടിച്ചിപ്പുഴ ഗിരിജൻ കോളനി | 12 | 1 | | ഭൂരിഭാഗം വീടുകളിലും കണക്ഷൻ ഇല്ല. വലിയകുളം ട്രാൻസ്ഫോർമറിൽ നിന്ന് 6 വീട്ടുകാർക്ക് വൈദ്യുതി ലഭിക്കുന്നു ലൈൻ അനുവദിച്ച് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| " | കാക്കമല ഹരിജൻ കോളനി | 6 | – | | |

# 5-7
# പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

അത്തിക്കയം വില്ലേജ് പൂർണ്ണമായും പഴവങ്ങാടി , ചേത്തയ്ക്കൽ വില്ലേജ് ഭാഗികമായും ചേർത്ത് 1983-ൽ രൂപീകരിച്ചു നാറാണംമൂഴി പഞ്ചായത്ത് തുകച്ചും അവികസിതപ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പ്രധാനമായും ഈ പഞ്ചായത്തിൻെറ സാമ്പത്തിക വരുമാനം കൃഷിയെ ആശ്രയിച്ചിരിക്കുന്നു ദാരിദ്ര രേഖയ്ക്ക് താഴെ കിടക്കുന്ന ആളുകളാണ് ഈ പഞ്ചായത്തിൽ ഭൂരിപക്ഷം കൂടുതൽ വീടുകളും ഇടത്തരവും കുടിലുകളുമാണ്. പഞ്ചായത്തിൽ ഒൻപത് വർഡുകളിലായി നിർമ്മിച്ച വീടുകളിൽ കോൺക്രീറ്റ് മന്ദിരങ്ങളും ആർഭാടമായി നിർമ്മിച്ച സൗധങ്ങളും അങ്ങിങ്ങായുണ്ട്. അടുത്തകാലത്തായി വീടുകളുടെ നിർമ്മാണചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രങ്ങൾ പോലെയുള്ള ഏജൻസിയുടെയും ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെയും അഭാവം, പഞ്ചായത്തിലെ സാധാരണക്കാരായ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെയും സ്വന്തമായി ഒരു പാർപ്പിടം എന്ന യഥാർത്ഥ്യത്തിന് മങ്ങലേല്പിയ്ക്കുന്നു.

ഭവനനിർമ്മാണരംഗത്ത് സാമ്പത്തിക സഹായം നല്കുന്ന പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഏജൻസികളുടെ പ്രവർത്തനം പഞ്ചായത്തിനു ലഭിച്ചാൽ ഈ പ്രശ്നം പരിഹരിയ്ക്കുന്നതിന് സഹായകരമായിരിക്കും. ഈ വിധത്തിലുള്ള സഹായങ്ങൾ പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നതിന് വായ്പവ്യവസ്ഥകൾ ഉദാരവൽക്കരിക്കേണ്ടതുണ്ട്. മൈത്രി ഭവനം പോലുള്ള ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

1500- കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ ഇങ്ങനെയുള്ളവരുടെ പ്രശ്നം പരിഹരിയ്ക്കുന്നതിന് ഊന്നൽ കൊടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ നിലവിലുള്ള ബാങ്കുകളുടെയും മറ്റും പ്രവർത്തനം ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് തൃപ്തികരമല്ല. സർക്കാർ ഏജൻസികൾ മുഖേന കഴിഞ്ഞ കാലങ്ങളിൽ ലഭ്യമായ സഹായങ്ങൾ തുലോം പരിമിതങ്ങളാണ്. തുടർന്നും ഈ മേഖലയിൽ ലഭ്യമാകുന്ന സഹായങ്ങൾ പൂർണ്ണമായും ഗുണ ഭോക്താക്കളുടെ കൈയ്യിൽ എത്തിച്ചേരുന്നതിന് ജനകീയാസൂത്രണപരിപാടികളുടെ വിജയകരമായ നടത്തിപ്പിലൂടെ സാധിക്കും.

ദുർബലവിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ബോർഡു വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ഇങ്ങനെയുള്ള വളരെകുറച്ച് ആളുകൾക്കു മാത്രമാണ് ലഭിക്കുന്നത്. ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കുന്നതിനും ഇടത്തരക്കാരായ കർഷകർക്ക് വീട് പുതുക്കിപ്പണിയുന്നതിനും ഉള്ള സഹായങ്ങളും വായ്പകളും കൂടുതൽ ലഭ്യമായാൽ ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് നിത്യജീവിതത്തിൽ ഒഴിച്ചു കൂടാൻ പാടില്ലാത്ത പാർപ്പിടം എന്ന പ്രശ്നം അടിയന്തിര പ്രാധാന്യത്തോട് പരിഹരിക്കപ്പെടുന്നതാണ്.

പഞ്ചായത്ത് നിലവിൽ വന്നതിനുശേഷം മൂന്ന് വില്ലേജുകളിലായുള്ള ഒൻപത് വാർഡുകളിൽ വിവിധ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ കണക്കുകൾ കാണിയ്ക്കുന്നു .

### നാറാണം മൂഴി ഗ്രാമപഞ്ചായത്ത്

വിവിധ പദ്ധതികൾ പ്രകാരം 1989-90 മുതൽ 95-96 വരെയുള്ള വർഷങ്ങളിൽ നിർദ്ധന കുടുംബങ്ങൾ/ഹരിജൻ-ഗിരിജൻ വിഭാഗങ്ങൾക്കും ഭവനനിർമ്മാത്തിന് സാമ്പത്തിക സഹായം നൽകിയ വിവരങ്ങൾ.

## I. ജെ. ആർ വൈ. പദ്ധതി.

89.90

8. നിർദ്ധന കുടുംബങ്ങൾക്ക്
ഭവന നിർമ്മാണം. 7200× 8 – 57600.00

90-91

8. നിർദ്ധന കുടുംബങ്ങൾക്ക്
ഭവന നിർമ്മാണം 11200 × 8 – 89600.00

91-92

8. നിർദ്ധന കുടുംബങ്ങൾക്ക് – 89600.00
ഭവനനിർമ്മാണം 8 × 11200

92.93

7. നിർദ്ധന കുടുംബങ്ങൾക്ക്
ഭവന നിർമ്മാണം – 78400.00

93.94

14. നിർദ്ധന കുടുംബങ്ങൾക്ക്
ഭവനനിർമ്മാണം 14 × 11200 – 156800

94.95

8 നിർദ്ധന കുടുംബങ്ങൾക്ക്
ഭവനനിർമ്മാണം 8 × 11200. – 89600

95. 96

12 നിർദ്ധന കുടുബങ്ങൾക്ക്
ഭവനനിർമ്മാണം 12 × 13550 – 162600

## II. അൺ ടൈഡ് ഫണ്ട് പദ്ധതി

91.92

1. നിർന്ധന കുടുംബങ്ങൾക്ക്
   ഭവനനിർമ്മാണം – 78400
2. ഗിരിജൻ കുടുംബങ്ങൾക്ക്
   വീടുനിർമ്മാണം 4 × 12000. – 48000

92.93

1. ദുർബല വിഭാഗത്തിൽ പ്പെട്ട
കുടുംബങ്ങൾക്ക് 4 വീടുകൾ 4 × 12000 – 48000

93.94

1. മൂന്ന് ദുർബല വിഭാഗങ്ങൾക്ക്വീട് – 47685
2. ഒരു ഹരിജൻ കുടുംബത്തിന് വീട് – 15895
3. 2 ഹരിജൻ കുടുംബത്തിന് വീട് – 37790

94.95

1. ദുർബല വിഭാഗങ്ങൾക്ക് 8 വീടുകൾ 100000
2. കരികുളം I.H.D.P.കോളനികളിൽ
   1 വീട് 12500

95.96

1. ദുർബല വിഭാഗങ്ങൾക്ക് 10 വീടുകൾ 150000
2. ഗിരിജൻ വിഭാഗത്തിന് 4 വീടുകൾ 60000
3. പട്ടിക ജാതി വിഭാഗത്തിന് 4 വീടുകൾ 60000

## III. സ്വാശ്രയ ഗ്രാമ പദ്ധതി പ്രകാരം

94.95

5. പട്ടികജാതി / പട്ടികവിഭാഗത്തിന്
   വീടുകൾ 67500

ഭവനനിർമ്മാണബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായവും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

കൂലിനിരക്കിൽ ഉണ്ടായിരിക്കുന്ന ക്രമാതീതമായ വർദ്ധനവും ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ 'വീട്' എന്ന ആഗ്രഹം വെറും ആഗ്രഹം മാത്രമായി മാറുന്നു.

### പഞ്ചായത്തിലെ കെട്ടിടങ്ങളുടെ സ്ഥിതിവിവരകണക്കുകൾ

| വാർഡ് | ടെറസ് | ഓട് | ഓല | കുടിൽ |
|---|---|---|---|---|
| I | 76 | 317 | 12 | 175 |
| II | 47 | 367 | 44 | 155 |
| III | 50 | 341 | 31 | 101 |
| IV | 39 | 332 | 23 | 61 |
| V | 16 | 267 | 43 | 144 |
| VI | 46 | 273 | 13 | 81 |
| VII | 75 | 323 | 8 | 35 |
| VIII | 14 | 314 | 61 | 287 |
| IX | 33 | 344 | 9 | 46 |
| ആകെ | 396 | 2873 | 249 | 1085 |

കിട്ടുന്ന ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മിക്കാനും പണിപൂർത്തിയാക്കാനും സാധിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്.

പഞ്ചായത്തിൽ 95– 96 കാലയളവിൽ പുരുഷതൊഴിലാളികൾക്ക് പ്രതിദിനം 70 രൂപ മുതൽ 150 രൂപ വരെ വേതനം ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളികൾക്ക് തുച്ഛമായ വേതനമേ ലഭിക്കുന്നുള്ളു. എല്ലാ മേഖലയിലും സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. പുരുഷതൊഴിലാളികളെക്കാൾ കുറവാണ്സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് 95–96 കാലയളവിൽ 45 മുതൽ 60 രൂപ വരെയാണ് സ്ത്രീ തൊഴിലാളികൾക്ക്.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമൻറ്, കരിങ്കല്ല്, കമ്പി, ഓട്, എന്നിവയുടെ വില നിലവാരത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂലി നിരക്കിലെ വർദ്ധനവും കെട്ടിട നിർമ്മാണ സാമഗ്രികളുടെ

വിലക്കയറ്റവും കാരണം വീടിന്, സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകിവരുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ സാങ്കേതികവും, സാമ്പത്തികവുമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടത് അത്യന്താപേക്ഷിതം ആണ്.

പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്ക് റവന്യൂവകുപ്പ്വഴി ലഭിക്കുന്ന പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വേണ്ട വിധത്തിൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നില്ല.

പഞ്ചായത്തിൽ മൂന്ന് പ്രദേശങ്ങളിലായി രണ്ട്, ലക്ഷം വീട് കോളനികളും ഒരു നാല് സെൻറ് കോളനിയും സ്ഥിതിചെയ്യുന്നു.

ഇതിൽ 1-ാം വാർഡിലെ ഉന്നത്താനി ലക്ഷം വീട് കോളനിയിൽ താമസിക്കയ്ക്കുന്ന 25 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നല്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അവർ താമസിച്ചു കൊണ്ടിരിക്കുന്ന വീടുകളുടെ നില ശോചനീയം ആണ്. ഇവിടെ വീടുകളും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിയ്ക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുക. 4 -ാം വാർഡ് ചെമ്പനോലിൽ 4 സെൻറ് കോളനിയിൽ 36 കുടുംബങ്ങൾ താമസിക്കുന്നു. അവിടെയും വീടുകളും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിൽ 9-ാം വാർഡിലെ ലക്ഷം വീട് സർക്കാർ പദ്ധതി നടപ്പിൽ വന്നതിൻെറ ആദ്യഘട്ടത്തിൽ പണിതു കൊടുത്തിട്ടുള്ളതാണ്. 16 വീടുകളിലായി 32 കുടുംബങ്ങൾ താമസിയ്ക്കുന്നു. ഇതിൽ 4 വീടുകൾനിശേഷം തകർന്നതാണ് ബാക്കി എല്ലാ വീടുകളും ഭിത്തി തകർന്നും മേൽക്കൂര ജീർണ്ണിച്ചും നിലം പൊത്താറായ സ്ഥിതിയിലാണ്. ആയതിനാൽ ഇടമുറി 9-ാം വാർഡിലെ വീടുകൾ മുഴുവൻ പുതുക്കി പണിതു നൽകേണ്ടത് അത്യാവശ്യമാണ്.

വാർഡുസഭകൾ കൂടി ഭവന രഹിതരായ ഗുണഭോക്താക്കളെ കണ്ടെത്തി വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമായി കൊണ്ടിരിക്കുന്ന ധനസഹായങ്ങൾ സമാഹരിച്ച് സർക്കാർ ഫണ്ടിന് പുറമെ നൽകുകയാണെങ്കിൽ പഞ്ചായത്തിൽ ഭവനരഹിതർക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിന് ഒരു പരിധി വരെ കഴിയുന്നതാണ്.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
2. ചെലവ് കുറഞ്ഞ വീടുകൾക്ക് കൂടുതൽ പ്രചാരം നൽകുക .
3. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന വായ്പകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക .
4. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.
5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

6. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭവന നിർമ്മാണവായ്പകളുടെ തുക വർദ്ധിപ്പിക്കുക.

ഭവനനിർമ്മാണ ബോർഡിൻെറ കീഴിൽ ഉള്ള മൈത്രിഭവൻ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

ജെ. ആർ. വൈ. , ജെ.എ.വൈ തുടങ്ങിയ സ്കീമുകളുടെ തുക വർദ്ധിപ്പിക്കുക.

ഈ പഞ്ചായത്തിലെ 8,5, വാർഡുകളിൽ കൂടുതലായി താമസിയ്ക്കുന്ന ഗിരിജൻ ഹരിജൻ വിഭാഗത്തിൽ പ്പെട്ട ജനങ്ങളുടെ പാർപ്പിട പ്രശ്നം അതീവ ഗുരുതരമാണ് . തുടർന്ന് സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ പൂർണ്ണമായി അവരുടെ ഇടയിൽ എത്തിക്കുന്നതിനും അത് നടപ്പിൽ വരുത്തുന്നതിനും പൂർണ്ണമായ ചുമതല പഞ്ചായത്ത് കമ്മറ്റി ഏറ്റെടുക്കേണ്ടതാണ്. അതോടൊപ്പം ഗൗരവമായ ഈ പ്രശ്നം പരിഹരിയ്ക്കുന്നതിന് അടിയന്തിരമായി പഞ്ചായത്ത് തലത്തിൽ കുറെ സ്ഥലം കണ്ടെത്തി ഭവനരഹിതരെമാറ്റി പാർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുള്ള കോളനി പ്രദേശങ്ങളിലെ സ്ഥിതിയും വളരെ ദയനീയമാണ്.

പഞ്ചായത്തിലെ പൊതുവായ പാർപ്പിട പ്രശ്നം വിലയിരുത്തുമ്പോൾ സംവരണവിഭാഗത്തിൽപ്പെടാത്ത താഴെ കിടയിലുള്ള ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും ഊർജിതമായി പരിഹരിക്കേണ്ടതുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന സാധാരണക്കാരായ ജനങ്ങളുടെ വാസ യോഗ്യമല്ലാത്ത ഭവനങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനും പുതിയതായി വീടുകൾ നിർമ്മിച്ച് നൽകുന്നതിനും അടിയന്തിര ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്.

യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ വളരെ ഗൗരവമുള്ള പാർപ്പിട പ്രശ്നത്തിന് ഒൻപതാം പദ്ധതിക്കാലത്ത് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും അതിനുവേണ്ടി നമുക്ക് കൂട്ടായി പരിശ്രമിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നിലവിലുള്ള സഹായങ്ങളും, ആനുകൂല്യങ്ങളും ഈ പഞ്ചായത്തിലെ ഒരു

ചെറിയ വിഭാഗത്തിനു മാത്രമേ ലഭിക്കുന്നുള്ളു. നിലവിലുള്ള സഹായങ്ങളും ആനുകൂല്യങ്ങളും ലഭിയ്ക്കേണ്ട വളരെയധികം ആളുകൾ ഈ പഞ്ചായത്തിലധിവസിക്കുന്നുണ്ട്.

ക്ഷേമനിധിയുടെ പ്രവർത്തനം വിധവാപെൻഷൻ വികലാംഗപെൻഷൻ, വാർദ്ധക്യകാലപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ ഇങ്ങനെയുള്ള ഏത് മേഖല പരിശോധിച്ചാലും മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യാഥാർത്ഥ്യമാണെന്ന് മനസിലാക്കാം. നിലവിലുള്ള പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും. ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതു മടക്കമുള്ള പ്രശ്നങ്ങളിലെ പാകപ്പിഴകൾ പരിഹരിക്കേണ്ടതാണ്.

പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും അർഹതപ്പെട്ടവരെ കണ്ടെത്താൻ പറ്റാത്തതും ഉദ്യോഗസ്ഥന്മാരുടെ നിസ്സഹരണവും അടിയന്തിരമായി പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങളാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകളിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിൽ എത്തുന്നില്ല എന്നുള്ളത് ഗൗരവമായി കാണണം.

വനിതാക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന വനിതാ വികസന കോർപ്പറേഷൻ പോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഇവിടെ ലഭ്യമല്ല. വനിതാ വികസന കോർപ്പറേഷൻെറ പ്രാദേശിക ആഫീസുകൾ സ്ഥാപിയ്ക്കുന്നത് വനിതാ വികസന പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ എല്ലായിടത്തും ലഭിക്കുവാൻ സഹായകരമായിരിക്കും. പൊതുരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്കും പ്രവർത്തകർക്കും ഇടയിൽ ബോധവൽക്കരണം ആവശ്യമാണ്.

സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നടപ്പിലാക്കുന്നതും ഏറ്റെടുക്കുന്നതും ബ്ലോക്ക് ഡവലപ്മെൻറ് ആഫീസിൽ ക്കൂടിയും വില്ലേജ് എക്സ്റ്റെൻഷനിൽക്കൂടിയും ആണ്. ഏറക്കുറെ കുറ്റമറ്റ രീതിയിൽ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ക്ഷേമ നിധി ബോർഡുകളുടെ പ്രവർത്തനങ്ങളും ഗ്രാമ വികസന ഏജൻസികളുടെ പ്രവർത്തനങ്ങളും വനിതാക്ഷേമപ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണെങ്കിൽ ഈ രംഗത്ത് മാറ്റങ്ങളുണ്ടാകും.,

കർഷകരുടെയും കർഷകതൊഴിലാളികളുടെയും നിർമ്മാണതൊഴിലാളികളുടെയും മറ്റ് സംഘടിത അസംഘടിത വിഭാഗത്തിലെ തൊഴിലാളികളുടെയും ക്ഷേമപ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ഏറ്റെടുക്കാൻ കഴിഞ്ഞാൽനമ്മുടെ സാമൂഹ്യക്ഷേമ രംഗത്ത് മാറ്റങ്ങൾ വരുത്താൻ കഴിയും. പട്ടികജാതി പട്ടികവർഗ്ഗകാർക്കു വേണ്ടിയുള്ള സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, യഥാർത്ഥ ഉപഭോക്താക്കളെ കണ്ടെത്തി നടപ്പിലാക്കണം.

സ്ത്രീകളുടേയും കുട്ടികളുടെയും ഇടയിൽ ഇപ്പോൾ നിലവിലുള്ളക്ഷേമപ്രവർത്തനങ്ങൾ തുലോം പരിമിതങ്ങളാണ്. രണ്ട്, അഞ്ച്, എട്ട് വാർഡുകളിലെ മാതൃശിശു, ക്ഷേമ പ്രവർത്തനങ്ങൾ വളരെ അപര്യാപ്തം ആണ് ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ മാതൃ ശിശു സംരക്ഷണ പദ്ധതികൾ കൂടുതൽ ഊർജ്ജ സ്വലതയോടെ ഏറ്റെടുക്കേണ്ടയിരിക്കുന്നു. സ്ത്രീകളുടെ ഇടയിൽ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ സ്വയം തൊഴിൽ സംരംഭങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും വാർഡുതലങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കണം.

നിലവിലുള്ള പെൻഷൻ പോലെയുള്ള ആനുകൂല്യം ലഭിയ്ക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ അടിസ്ഥാനപരമായ മാറ്റം ആവശ്യമാണ്. ഇത് പലപ്പോഴും ഗുണഭോക്താക്കൾക്ക് ലഭിയ്ക്കാതിരിയ്ക്കുന്നതിനാണ് ഇടനൽകുന്നത്. ഐ.ആർ.ഡി.പി. സ്വയം തൊഴിൽ പദ്ധതി ആദിയായവ ഭംഗിയായി നടപ്പിലാക്കുന്നതിൽ നിലവിലുള്ള ബാങ്കിംഗ് സംവിധാനം തൃപ്തികരമല്ല. സഹകരണ മേഖലയിൽ കൂടി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. 8-ാം വാർഡിൽ ചൊള്ളനാ വയൽ എന്ന ഭാഗത്ത് വനിതാ വ്യവസായരംഗത്ത് ഒരു കരകൗശല സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

അതുപോലെ പഞ്ചായത്തിൽ മറ്റ് പ്രദേശങ്ങളിലും സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. റവന്യൂ വകുപ്പും, വില്ലേജ് ആഫീസും വഴിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ കുറെയൊക്കെ ഗ്രാമ പഞ്ചായത്തുകൾക്ക് വിട്ടുതന്നത് ഈ രംഗത്തെ ഒരു പുതിയ കാൽവെയ്പാണ്.

അംഗൻവാടികളുടെയും ബാലവാടികളുടെയും പ്രവർത്തനം ത്വരിതപ്പെടുത്തിയാൽ സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിലുള്ള സാമൂഹ്യപരമായ പ്രശ്നങ്ങൾ മാറ്റിയെടുക്കാൻ കഴിയും. പുതിയതായി പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള അംഗൻ വാടികളുടെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിയ്ക്കേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് മാർത്തോമ്മ സഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കാർഡ് എന്ന സംഘടനയുടെ പ്രവർത്തനം കുറെ വർഷങ്ങളായി

നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. ഈ പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും ഈ സംഘടനയുടെ പ്രവർത്തനങ്ങൾ എത്തിച്ചേർന്നിട്ടുള്ളതും അതിൽക്കൂടി ഒരു പരിധി വരെയെങ്കിലും സാമൂഹ്യപരമായ മാറ്റത്തിന് വഴിതെളിച്ചിട്ടുള്ളതുമാണെന്നുള്ള വസ്തുത അഭിനന്ദനാർഹമാണ്. ഗ്രാമ വികസന സമിതി യുവജനസംഘടന, മഹിളാസമാജങ്ങളും, ബാലസമാജം എന്നീ വിഭാഗങ്ങളിൽ കൂടിയുള്ള കാർഡിന്റെ പ്രവർത്തനം സമൂഹത്തിലെ എല്ലാമേഖലയിലും എത്തുന്നതാണ്. ഇതു പോലെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഏറ്റെടുക്കാൻ കഴിഞ്ഞാൽ സാമൂഹ്യക്ഷേമരംഗത്ത് വളരെയധികം മാറ്റം വരുത്താൻ കഴിയും.

സാമൂഹ്യക്ഷേമരംഗം പോലെയുള്ള ബൃഹത്തായ മേഖലയിലെ പ്രശ്നങ്ങൾ ഒട്ടനവധിയാണ്. ധൃതഗതിയിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് ധരിക്കുന്നത് മൗഢ്യമാണ്. പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി, ചിട്ടയോടുകൂടി നടപ്പിലാക്കിയാൽ ഈ മേഖലയിൽ സമൂലമായി ഒരു മാറ്റം വരുത്താം. അതിനായി നമുക്കു യത്നിക്കാം, ഒരുമിക്കാം.

●●●



# 5.8
# സംസ്കാരം

ഒരു സമൂഹത്തിലെ അംഗീകൃത കലാമൂല്യങ്ങളുടെയും ആചാരങ്ങളുടെയും ആകെതുകയാണ് ആ സമൂഹത്തിന്റെ സംസ്കാരം. ഭാഷ, കല, മതം, രാഷ്ട്രീയം, സാമൂഹിക സാമ്പത്തിക മേഖലകൾ എന്നിവയിലൂടെയുള്ള ജീവിതപ്രകാശനമാണത്. നാഗരികതയുടെ പുഷ്പമാണ് സംസ്കാരം. ജീവിതത്തിന്റെ എല്ലാമേഖലകളിലുമുള്ള പൂർണ്ണതയ്ക്കുവേണ്ടിയുള്ള പ്രയാണമായിട്ടും നാഗരികതയെ കാണുന്നു.

കേരളത്തിലെ പുണ്യഭൂമിയായ ശബരിമലയുൾപ്പെടുന്ന പെരുനാട് പഞ്ചായത്ത് 1983 ഏപ്രിൽ 10-ന് വിഭജിക്കപ്പെട്ടതിലൂടെ പിറന്നുവീണ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന് ഇന്നും പരിമിതികൾ ഏറെയാണ്. ഒൻപതുവാർഡുകളിലായി വിഭജിക്കപ്പെട്ടിരിക്കുന്നതും 23.61 ച. കി. വിസ്തൃതിയുള്ളതുമായ ടി പഞ്ചായത്ത് റാന്നി ബ്ലോക്കിലെ മൂന്നാം ഗ്രേഡിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1991-ലെ കാനേഷുമാരികണക്കനുസരിച്ച് 7928 പുരുഷന്മാരും 8060 സ്ത്രീകളുമുൾപ്പെടെ 15988 പേരാണുള്ളത്. 933 പുരുഷന്മാരും 966 സ്ത്രീകളുമുൻപ്പെടെ 1904 പട്ടികജാതിക്കാരും, 637 പുരുഷന്മാരും 746 സ്ത്രീകളുമുൾപ്പെടെ 1422 പട്ടികവർഗ്ഗക്കാരുമുണ്ട്. 3400 കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിലെ 3000 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവരാണ്. ഇതിൽ 6639 പുരുഷന്മാരും 6137 സ്ത്രീകളും ഉൾപ്പെടെ 12776 പേർ സാക്ഷരരുമാണ്.

പഞ്ചായത്തിൽ രണ്ട് ഗവ. എൽ. പി. സ്കൂളുകളും രണ്ട് സ്വകാര്യമേഖലാ എൽ.പി. സ്കൂളുകളും ഒരു ഗവ യു. പി. സ്കൂളും രണ്ട് ഗവ. ഹൈസ്കൂളുകളും ഒരു സ്വകാര്യമേഖലാ ഹൈസ്കൂളും ഉൾപ്പെടെ എട്ട് സ്കൂളുകളാണുള്ളത്. മൂന്ന് അംഗീകൃത ലൈബ്രറികളും, അഞ്ച് കായിക ക്ലബ്ബുകളും, മൂന്നു ജനവിദ്യാകേന്ദ്രങ്ങളും, പതിനഞ്ച് അക്ഷര സംഘങ്ങളും സാസ്കാരികരംഗത്തും, ഓരു സഹകരണ ബാങ്കും, ഒരു ഷെഡ്യൂൾഡ് ബാങ്കും സാമ്പത്തികരംഗത്തും, രണ്ട് പ്രൈമറി ആരോഗ്യകേന്ദ്രങ്ങളും, ഒരു കുടുംബക്ഷേമകേന്ദ്രവും ആരോഗ്യരംഗത്തും പ്രവർത്തിക്കുന്നു. കൂടാതെ അംഗീകാരം ലഭിക്കാത്ത പന്ത്രണ്ടു ക്ലബ്ബുകളും, ആറുവായനശാലകളും മൂന്നു ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നുണ്ട്.

ജനസംഖ്യയിൽ ക്രിസ്ത്യാനികളും, ഹിന്ദുക്കളും ഏകദേശം തുല്യവും മുസ്ലീങ്ങൾ ന്യൂനപക്ഷവുമാണ്. മതപരമായ ആചാരങ്ങളും ചടങ്ങുകളും നടക്കുന്ന ഈ പഞ്ചായത്ത് മതസൗഹാർദ്ദത്തിന് ഉദാഹരണമാണ്. ഒൻപതു വാർഡുകളിലായി 32 ക്രൈസ്തവ ദേവാലയങ്ങളും 5 ക്ഷേത്രങ്ങളും ഒരു മോസ്കും ആറ് ഗുരമന്ദിരങ്ങളുമാണുള്ളത്. ഈ ദേവാലയങ്ങളിൽ നടക്കുന്ന പെരുന്നാളുകൾ, ക്രിസുതമസ്സ് ആഘോഷങ്ങൾ, ഓണാഘോഷങ്ങൾ, ഈസ്റ്റർ, ചതയാഘോഷം, റംസാൻ എന്നിവയ്ക്ക് പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരികനായകന്മാരെയോ കവികളെയോ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നുള്ള പോരോയ്മ നിലനിൽക്കുന്നു.

പഞ്ചായത്തിൽപ്പെട്ട 2, 8 വാർഡുകളിൽ അധിവസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനങ്ങളുടെ ഇടയിൽനിനിൽക്കുന്ന പ്രാചീന കലാരൂപങ്ങളിലെ മുടിയാട്ടം, മയിലാട്ടം, പരിചമുട്ടുകളി, കോലടി, കമ്പുകളി തുടങ്ങിയവ നിലനിർത്തുന്നതിനും പോഷിപ്പിക്കുന്നതിനും കഴിയേണ്ടതാണ്. ടൂറിസത്തിലൂടെ സാമ്പത്തികനേട്ടമുണ്ടാക്കാൻ ഉതുകന്ന പെരുന്തേനരുവിയുടെ വികസനം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രയോഗത്തിൽവരുത്തുവാൻ കഴിയാത്തത് പഞ്ചായത്തിനെസംബന്ധിച്ചിടത്തോളം വൻനഷ്ടമായി കാണേണ്ടിയിരികുന്നു. കൂടാതെ പെരുന്തേനരുവിയുടെകരയിലുള്ള നിത്യഹരിതവനങ്ങ

ളിൽനിന്നും ലഭ്യമാകുന്ന ഔഷധികളും മറ്റും നില നിർത്തുന്നതിനും ലഭ്യമാകുന്നതിനും കഴിയേണ്ടിയിരിക്കുന്നു.

ഒൻപതാം വാർഡിന്റെ ഭാഗങ്ങളിൽ കാണുന്ന പുരാതന ജീവിതശൈലികൾ ഉൾക്കൊള്ളുന്ന കലാശില്പങ്ങൾ, വിഗ്രഹങ്ങൾ, പഴയ കിണറുകൾ, ഗുഹകൾ, കല്ലറകൾ, ഭരണികൾ എന്നിവയെക്കുറിച്ച് കൂടുതൽ പഠനം നടത്തി ഭാവിതലമുറയ്ക്ക് പ്രയോജനപപെടുത്തുന്നതരത്തിൽ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

കായികരംഗം

മുൻകാലങ്ങളിൽ സ്കൂൾ മുഖേന സ്റ്റേറ്റ് തലംവരെ കായിക മത്സരങ്ങളിൽ പങ്കെടുക്കത്തക്ക രീതിയിൽ ഉയർന്നുവന്ന നാറാണംമൂഴി പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി ശോചനീയംതന്നെ. കാരണം കാര്യമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളും ഗ്രന്ഥശാലകളും ഇല്ല. കായിക പരിശീലനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഏജൻസികളില്ലാത്ത സ്ഥിതിയാണ്. സ്കൂളുകളിൽപോലും സ്പോർട്സ് രംഗത്തോ, കലാ സാഹിത്യരംഗങ്ങളിലോ അഭിരുചി ജനിക്കത്തക്കതായ പഠനരീതിയോ അടിസ്ഥാന സൗകര്യങ്ങളോ പരിശീലനം ലഭിച്ച അദ്ധ്യാപകരോ ഇല്ലാത്ത ഇന്നത്തെ സ്ഥിതിക്കു മാറ്റം വരേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ ക്ലബ്ബുകളോ, വായനശാലകളോ, മഹിളാ സമാജങ്ങളോ, ജനവിദ്യാകേന്ദ്രങ്ങളോ ഇല്ല. രണ്ടാം വാർഡിലും ഏഴ്, എട്ട് വാർഡുകളിലും ടി. വി. കേന്ദ്രങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനരഹിതമാണ്. ഓരോ വാർഡിലും പൊതു കളിസ്ഥലമോ പൊതു സ്റ്റേഡിയമോ ഇല്ല. ഓരോ വാർഡിലും പേരിനെങ്കിലും നിലവിലുള്ള ക്ലബ്ബുകൾക്കും, വായനശാലകൾകൾക്കും ജനവിദ്യാകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടമോ, വൈദ്യുതിയോ, ഉപകരണങ്ങളോ, സ്പോർട്സ് വസ്തുക്കളോ ഇല്ല. പല ക്ലബ്ബുകളും, വായനശാലകളും രജിസ്ട്രേഷൻ പോലും ഇല്ലാത്തതാണ്. സ്കൂളുകളിൽ കായിക അദ്ധ്യാപകർ ഇല്ല. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു ആസ്ഥാനത്ത് സാംസ്കാരികനിലയം സ്ഥാപിക്കുക
2. സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുക.
3. വാർഡുതലത്തിൽ ഓരോ പൊതുകളിസ്ഥലവും പഞ്ചായത്തു തലത്തിൽ പൊതു സ്റ്റേഡിയവും നിർമ്മിക്കുക.
4. ഗ്രന്ഥശാലകൾക്കും, ക്ലബ്ബുകൾക്കും, ജനവിദ്യാകേന്ദ്രങ്ങൾക്കും പൊതുജനം നൽകുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.
5. എല്ലാ ക്ലബ്ബുകളിലും, വായനശാലകളിലും വർത്തമാനപത്രങ്ങൾ വരുത്തുന്നതിന് സഹായിക്കുക.
6. സഞ്ചരിക്കുന്ന വായനശാല പ്രവർത്തിപ്പിക്കുക.
7. 2, 7, 8 വാർഡുകളിൽ നിലവിലുള്ള ടെലിവിഷൻ സെറ്റ് റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കുകയും മറ്റ് വാർഡുകളിൽ ടെലിവിഷൻ സെറ്റ് പ്രവർത്തിക്കുവാൻ പൊതുകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
8. പ്രാചീന കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ക്ലബ്ബുകളിലൂടെ സഹായം നൽകുക.
9. കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടുപിടിക്കുന്നതിന് ഏപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാലത്ത് കായികമേള സംഘടിപ്പിക്കുക.
10. സ്കൂളുകളിൽ ശുദ്ധജലവിതരണം ഏർപ്പെടുത്തുക. ഉച്ചക്കഞ്ഞി മുടക്കാതെ നിലനിർത്തുക, ഉച്ചക്കഞ്ഞി നടപ്പിലാക്കാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുക, അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുക, സ്കൂൾ കെട്ടിടങ്ങളുടെ ജീർണ്ണത പരിഹരിക്കുക.
11. മഹിളാ സമാജങ്ങൾ വഴി സ്ത്രീകൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുക.
12. ബോധവത്കരണ സെമിനാർ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക.



# 5.9
# വനിതാക്ഷേമം

സമൂഹ നന്മയ്ക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് സ്ത്രീപങ്കാളിത്തം. ആദികാലം മുതൽക്കുതന്നെ സ്ത്രീയ്ക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകിയിരുന്നു. വേദകാലാരംഭത്തോടെ ആ സ്ഥിതിക്ക് മാറ്റം വരുവാൻ തുടങ്ങി.

സംസ്ഥാന ആസൂത്രണ ബോർഡ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ജനകീയാസൂത്രണ പരിപാടിയിലൂടെ വിപ്ലവകരമായ മാറ്റം വരുത്തി വികേന്ദ്രീകൃത ആസൂത്രണരംഗത്ത് പുതിയ അദ്ധ്യായം തുറന്നപ്പോൾ വികസന പ്രക്രിയയിൽ അവഗണിക്കപ്പെട്ടിരുന്ന സ്ത്രീയുടെ ദൗർബല്യവും പദവിയും പൊതുരംഗത്തും കർമ്മമേഖലയിലും വിലയിരുത്തുവാനും പ്രവർത്തിക്കുവാനും സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നും മോചനം നേടുവാനും ചൂഷണത്തിനെതിരെ പ്രതികരിക്കുവാനുമുള്ള അവസരവും കൂടി കൈവന്നിരിക്കുകയാണിപ്പോൾ.

സ്ത്രീകൾക്ക് യഥാർത്ഥ മോചനം നൽകാൻ കഴിയുന്ന സാമൂഹ്യോത്പാദനത്തിലും പൊതുജീവിതത്തിലുമുള്ളഅസമത്വംഇല്ലാതാക്കുവാൻ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന് തീർച്ചയയായും കഴിയും എന്ന് നമുക്കാശ്വസിക്കാം. സാമ്പത്തിക പരാധീനത അനുഭവിക്കുമ്പോൾ എത്രതന്നെ ജനാധിപത്യമുണ്ടെങ്കിലും വീട്ടടിമയായി അടച്ചുപൂട്ടപ്പെട്ട സ്ത്രീതൊഴിലാളിയായി അടുക്കളയിലും വീട്ടുവളപ്പിലും ഒതുങ്ങിക്കഴിയുന്ന വനിതകളും നമ്മുടെ പഞ്ചായത്തിൽ ഇല്ലാതില്ല.

വിദ്യാഭ്യാസം, സംസ്കാരം, നാഗരികത, സ്വാതന്ത്ര്യം എന്നെല്ലാമുള്ള ശബ്ദാഡംബരപൂർണ്ണമായ വാക്കുകളെ താലോലിക്കുമ്പോൾ അവിശ്വസനീയമായവിധം നികൃഷ്ടവും, നീചവും മൃഗീയവുമാംവിധം അപരിഷ്കൃതമായ ചില മാമൂലുകൾ മനുഷ്യമനസ്സിൽ അടിഞ്ഞുകിടന്ന്, സമൂഹത്തിലേയ്ക്കുവരുന്ന സ്ത്രീകളെ നിന്ദിക്കുകയും നിസ്സാരമാക്കുകയും ചെയ്യുന്ന പ്രവണത അവളുടെ മനോവീര്യത്തെ ഹനിക്കുന്നു.

1991 ലെ കാനേഷുമാരി പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ കൂടുതൽ വനിതകളാണെന്ന് കാണാം. (ആകെ ജനസംഖ്യ 15988 സ്ത്രീകൾ 8060 പുരുഷന്മാർ 7928 പട്ടികജാതിക്കാർ ആകെ 1904 പട്ടികജാതി സ്ത്രീകൾ 966, പട്ടികജാതി പുരുഷന്മാർ 938 പട്ടിക വർഗ്ഗക്കാർ ആകെ 1419 പട്ടികവർഗ്ഗ സ്ത്രീകൾ 746 പട്ടികവർഗ്ഗ പുരുഷന്മാർ 673

ജനസംഖ്യയിൽ സ്ത്രീകൾ അധികമുള്ള നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ വനിതകളെ ഒഴിച്ചു നിർത്തിക്കൊണ്ട് വികസന പരിപാടികൾ വിജയിപ്പിക്കുവാൻ ആവില്ല. പൊതുജന സേവനത്തിൽ സ്വതന്ത്രമായി പങ്കെടുക്കാൻ വനിതകൾക്ക് പ്രേരണ നല്കുന്ന വികസന മേഖലകൾ നമ്മുടെ വികസന പദ്ധതിയിൽ കൂടുതൽ ഉൾപ്പെടുത്തുന്നില്ലെങ്കിൽ ജനാധിപത്യം എന്ന പദം കടലാസ്സിൽ മാത്രമായി ഒതുങ്ങിനിൽക്കും.

വിദ്യാഭ്യാസ രംഗത്ത് വനിതകൾ പരുഷന്മാരോടൊപ്പം എത്തിയിട്ടുള്ള ഒരു പഞ്ചായത്താണിത്. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ അധികവും പെൺകുട്ടികളാണ്. ഹൈസ്കൂൾ തലംവരെ വിദ്യാഭ്യാസ സൗകര്യം ഇവിടെയുണ്ട്. എന്നിരുന്നാലും ഭൂപ്രകൃതിയുടെ പ്രത്യേകതകളാൽ പഞ്ചായത്തിലെ ചിലഭാഗത്തുള്ള പെൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം അന്യമായിപ്പോകുന്നു. കുരുമ്പൻമൂഴി, മണക്കയം, കൊച്ചുകുളം, ചണ്ണ, കുടമുരുട്ടി, അടിച്ചിപ്പുഴ എന്നീ സ്ഥലങ്ങളിലെ വിദ്യാർത്ഥികൾ കിലോമീറ്ററുകൾ വനത്തിൽക്കൂടി സഞ്ചരിച്ചാലേ ഹൈസ്കൂളുകളിൽ എത്താൻ കഴിയൂ. തോണിക്കടവിലെ കടത്തുവള്ളം പ്രവർത്തിക്കാത്തതും മറ്റൊരു കാരണമാണ്.

പഞ്ചായത്തിൽ യാത്രാക്ലേശം വളരെയധികമുള്ള സ്ഥലങ്ങളിൽ നിന്നുവരുന്ന കുട്ടികൾക്കായി പഞ്ചായത്തുവക സ്കൂൾ ബസ്സ് അനുവദിക്കാവുന്നതാണ്.

സാക്ഷരതാ രംഗത്ത് നാറാണംമൂഴി ഗ്രാമപഞ്ചായത്ത് റാന്നി ബ്ലോക്കിലെ മറ്റെല്ലാ പഞ്ചായത്തുകളെക്കാൾ മുൻപന്തിയിലാണ്. നാലാം വാർഡിനു തുല്യ

മായി സർക്കാർ തലത്തിൽ നടത്തിയ കണ്ടൻസ്ഡ് കോഴ്സിൽ ഈ പഞ്ചായത്തിന്റെ എല്ലാഭാഗത്തുനിന്നും നവസാക്ഷരരെ സംഘടിപ്പിക്കുകയും ഒരാൾ ഒഴികെ എല്ലാവരും പാസ്സാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ സർട്ടിഫിക്കറ്റ് വിതരണം ഇതുവരെ നടന്നിട്ടില്ല. പഞ്ചായത്തിന്റെ സത്വരശ്രദ്ധ അക്കാര്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

പഞ്ചായത്തിലെ നവസാക്ഷര കലാമേളയിൽ ഒന്നാം സമ്മാനാർഹരായ നവസാക്ഷരരും സാക്ഷരതാ പ്രവർത്തരും കൊടുമണ്ണിൽവെച്ചുനടന്ന ജില്ലാതല നവസാക്ഷരകലാമേളയിൽ പങ്കെടുക്കുകയും സമ്മാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല കലമാമേളയിൽ ഏറ്റവുംകൂടുതൽ പോയിന്റ് നേടിയ പഞ്ചായത്ത് നാറാണംമൂഴിയാണ്. സാക്ഷരതാ പ്രവർത്തകർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകുവാൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നത് എടുത്തുപറയാവുന്നതാണ്. നവസാക്ഷരരിലും സാക്ഷരതാ പ്രവർത്തകരിലും വനിതകളുടെ പങ്കാളിത്തം വളരെയാണ്. പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരായും വനിതകൾ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ രോഗം, പ്രായാധിക്യം എന്നീ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരെ ഒഴിവാക്കിയാൽ 13276 പേർ സാക്ഷരരാണ്. അതിൽ 6637 സ്ത്രീകളും 6639 പുരുഷന്മാരും ആണ്.

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രി ഇവിടെയില്ല. വനിതകളും കുട്ടികളുമാണ് പോഷകാഹാരക്കുറവ് ഏറ്റവും കൂടുതൽ അനുഭവിക്കുന്നതും ആശുപത്രിയെ ശരണം പ്രാപിക്കുന്നതും. പത്തിരുപത് കിലോമീറ്റർ പിന്നിട്ടാണ് ആശുപത്രികളിൽ എത്തുക.

ഈ പഞ്ചായത്തിൽ ഒരു ആശുപത്രി അനുവദിക്കേണ്ടതും വനിതകൾക്കായി പ്രത്യേക വിഭാഗം നിർമ്മിച്ച് പ്രാഥമികാവശ്യസൗകര്യങ്ങളോടുകൂടി പ്രവർത്തിപ്പിക്കാവുന്നതുമാണ്.

രണ്ട് അംഗൻവാടികൾ മാത്രമേ ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ആറുവയസ്സിനു താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ പോഷണാരോഗ്യനിലവാരം മെച്ചപ്പെടുത്തുക, ശാരീരികവും മാനസികവും സാമൂഹികവുമായ വികാസത്തിന് അടിത്തറ പാകുക, മരണം രോഗം, പോഷകാഹാരക്കുറവ് എന്നിവയുടെ തോതു കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അംഗൻവാടികൾ 18 എണ്ണം കൂടിയെങ്കിലും ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

ശിശുവിന്റെ ആരോഗ്യവും പോഷണാഹാരത്തിന്റെ ആവശ്യകതയും ശ്രദ്ധിക്കുവാൻ മതിയായ വിധത്തിൽ മാതാവിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ പഞ്ചായത്തുതലത്തിൽ സ്വീകരിക്കേണ്ടതാണ്.

പോഷണാരോഗ്യ വിദ്യാഭ്യാസവും ആരോഗ്യ വിദ്യാഭ്യാസവും പഞ്ചായത്തുതലത്തിൽ നൽകുകയും ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്.

ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപികരണത്തിലും നടത്തിപ്പിലും സമന്വയും വരുത്താവുന്നതാണ്.

അംഗൻവാടികളിൽകൂടി പൂരകാഹാര ആരോഗ്യ പരിശോധന, പ്രാഥമികാരോഗ്യ റഫറൽ സർവ്വീസുകൾ, രോഗപ്രതിരോധകുത്തിവെയ്പുകൾ എന്നിവ നടത്താവുന്നതാണ്.

മാതൃശിശു സംരക്ഷണ കേന്ദ്രം പ്രവർത്തിപ്പിക്കാവുന്നതാണ്.

പരമ്പരാഗത തൊഴിലുകൾ ഈ പഞ്ചായത്തിലെ വനിതകൾക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. തൊഴിലില്ലാത്ത വനിതകൾ വീട്ടുജോലിക്കുപുറമെ ആടുമാടുകളെ വളർത്തുക പുരയിടങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട് വിവിധ പണികളിലേർപ്പെടുക അവുരടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ നട്ടുവളർത്തുക, വിറകും വെള്ളവും ശേഖരിക്കുക തുടങ്ങിയ ജോലികളും ചെയ്യുന്നുണ്ട്.

കൃഷി, കെട്ടിടനിർമ്മാണം, ചുമടെടുക്കൽ എന്നീ മേഖലകളിലെല്ലാം വനിതകൾ പണിയെടുക്കുന്നുണ്ട്. സ്ത്രീതൊഴിലാളികളുടെ കൂലിനിരക്ക് 50 രൂപയ്ക്കും 70 രൂപയ്ക്കും മദ്ധ്യേയാണ്. ഇത് പുരുഷന്മാരുടെ കൂലിയിൽനിന്നും വളരെ കുറവാണ്.

തൊഴിലാളികകളും കർഷകരും കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കന്നവരുമായ വനിതകളുടെ ജീവിതത്തെയും പ്രവർത്തന സാഹചര്യങ്ങളേയും പഞ്ചായത്തുതലത്തിൽ വിലയിരുത്തേണ്ടതാണ്. അനുസ്യൂതവും അവിരാമവുമായ അദ്ധ്വാനവും സ്ഥിരോത്സാഹവും സ്ത്രീയെ എല്ലാ തൊഴിൽ മേഖലകളുടെയും മുൻപന്തിയിലെത്തിക്കുന്നു. സ്ത്രീകളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

സ്ത്രീകളെ സാമുഹ്യമായി ഉത്പാദനക്ഷമമായ അദ്ധ്വാനത്തിൽ പങ്കെടുപ്പിക്കണം. അവരെ വീട്ടടിമത്തത്തിൽനിന്നും, മനസ്സു മുരടിപ്പിക്കുമാറ് ഒരിക്കലും തീരാത്ത അടുക്കളപ്പണിയിൽനിന്നും ശിശുപരിപാല

നത്തിൽമാത്രം മുഴുകി കീഴ്‌വഴങ്ങിക്കൊണ്ടുള്ള അവസ്ഥയിൽനിന്നും മോചിപ്പിക്കാവുന്നതാണ്.

വരുമാനദായക പ്രവർത്തനങ്ങൾക്കായി തയ്യൽ, ചിത്രത്തുന്നൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കോഴി വളർത്തൽ, തേനീച്ചവളർത്തൽ, പന്നിവളർത്തൽ, ധാന്യങ്ങളുടെ പരിപ്പ് സംസ്കരണം, ബുക്ക് ബയന്റിംഗ്, പ്ലാസ്റ്റിക് ജോലികൾ, അലങ്കാര വസ്തുക്കളുടെ നിർമ്മാണം, കളിപ്പാട്ട നിർമ്മാണം ഈറ്റ കൊണ്ടുള്ള കുട്ട നെയ്ത്ത്, പച്ചക്കറികൃഷി, കറവമാട് വളർത്തൽ, കരിങ്കല്ലുടയ്ക്കൽ, ബീഡിതെറുപ്പ്, ലഘുഭക്ഷണശാല നടത്തൽ എന്നിവ ഈ പഞ്ചായത്തിലെ വനിതകൾക്ക് ഏറ്റെടുത്തു നടത്താവുന്നതാണ്. എല്ലാ മേഖലകളിലും സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പരാജയകാരണം.

സ്ത്രീകൾ തമ്മിലുള്ള വിവേചനവും സ്ത്രീപുരുഷ വിവേചനവും മറ്റെല്ലായിടത്തേതുംപോലെ ഈ പഞ്ചായത്തിലും കാണാൻ കഴിയും. ഹിന്ദുസ്ത്രീ നിയമപരമായി വിവാഹമോചനം നേടിയാൽ ക്രിമിനൽ നിയമം 125-ാം വകുപ്പുപ്രകാരം അവൾക്ക് ജീവനാംശംകിട്ടും. ഒരു മുസ്ലീം പുരുഷന് മൊഴിചൊല്ലി നാലുവിവാഹം വരെയാകാം. മുസ്ലീംസ്ത്രീക്കോ? ക്രിസ്ത്യാനി സ്ത്രീക്ക് ഭർത്താവുമരിച്ചാലോ വ്യഭിചാരക്കുറ്റം ചുമത്തിയാലോ മാത്രമേ വിവാഹമോചനം അനുവദിക്കൂ. ഇപ്പോൾ അതിലും മാറ്റം വന്നിട്ടുണ്ട്. സ്ത്രീകൾ തമ്മിലുള്ള ഈ വിവേചനം അവസാനിപ്പിക്കുവാൻ പഞ്ചായത്തുതലം മുതൽ ശ്രമിക്കേണ്ടതാണ്.

വിൽപ്പത്രമെഴുതാതെ അച്ഛൻ മരിച്ചാൽ സ്വത്തിന്റെ അഞ്ചിലൊന്നോ അയ്യായിരം രൂപയോ ഏതാണുകുറവ് അതായിരുന്നു മകൾക്കു ലഭിക്കുക. മോട്ടോർ അപകടത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് 27 വയസ്സുവരെ മാത്രം ഇൻസന്റീവ് ലഭിക്കുമ്പോൾ പുരുഷന് ആയുഷ്കാലം മുഴുവൻ കിട്ടുന്നു. പഞ്ചായത്തുതലംമുതൽ ഇത്തരത്തിലുള്ള സ്ത്രീപുരുഷ വിവേചനം ഇല്ലാതാക്കേണ്ടതാണ്.

സ്ത്രീകളുടെ അവകാശരാഹിത്യം ഒരു കടങ്കഥയായി പരിണമിക്കട്ടെ! കുടുംബത്തിന്റെ മേലുള്ള സ്ത്രീയുടെ സാമ്പത്തികാശ്രിതത്വത്തെ തകർത്തുകൊണ്ട് പുരുഷനോടൊപ്പം സ്ത്രീയും എല്ലാതൊഴിൽ മേഖലകളിലും പണിയെടുക്കുന്നുണ്ട്.

ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ട സ്ത്രീകളുടെ ക്ഷേമത്തിനായിട്ടാണ് കേന്ദ്രഗ്രാമവികസന മന്ത്രാലയം ഗ്രാമീണ ശിശുവികസന പരിപാടി (D.W.C.R.A) ആവിഷ്കരിച്ചിരിക്കുന്നത്. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുമ്പോൾ ഇവിടുത്തെ പെവപ്പെട്ടവരും നിരക്ഷരരുമായ ഗ്രാമീണ വനിതകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. അവരുടെ സ്വാശ്രയത്വം മുൻനിർത്തി കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂട്ടായി സാമ്പത്തിക പരിപാടികൾ ഏറ്റെടുത്ത് സ്ത്രീകളുടെ പദവി വർദ്ധിപ്പിക്കുവാനും D.W.RC.R.A. പദ്ധതിപ്രകാരം കഴിയും. അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ സാദ്ധ്യതഉണ്ടാകേണ്ടതാണ്.

വിധവാപെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നവർ ഇവിടെയുണ്ട്. എന്നാൽ ചുരുക്കം ചില സ്ത്രീകൾക്കേ അവ ലഭ്യമാകുന്നതെങ്ങിനെയെന്നോ, അപേക്ഷ അയക്കേണ്ട സമയം, രീതി എന്നിവയേക്കുറിച്ചോ അറിവുള്ളൂ.

മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിൽ അങ്ങിങ്ങായി കാണുന്നുണ്ട്. അതിൽ ചിലതൊക്കെ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. ആഴ്ചയിലൊരിക്കൽ ഒരുമിച്ചുകൂടി വിവിധ കലാപരിപാടികൾ നടത്തുകയും, പ്രതിവാര, പ്രതിമാസ നിക്ഷേപങ്ങളിൽകൂടി സമാഹരിക്കപ്പെടുന്ന പണം കാര്യക്ഷമമായരീതിയിൽ കൈകാര്യംചെയ്ത് വർഷാവസാനം ലാഭവിഹിതത്തോടുകൂടി അംഗങ്ങൾക്ക് ഓഹരിത്തുക തിരിച്ചുനൽകുന്ന ഒരു രീതിയും സമാജങ്ങളിലുണ്ട്.

പഞ്ചായത്തുതലത്തിൽ ഒരു മഹിളാസമാജം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുകയും ഓരോ വാർഡിലും അതിന്റെ കീഴിൽ മഹിളാസമാജങ്ങൾ പ്രവർത്തിക്കേണ്ടതുമാണ്. വനിതാ ക്ഷേമപ്രവർത്തനങ്ങളും മഹിളാ സമാജങ്ങൾവഴി നടത്താം.

പകൽസമയത്ത് ജോലിക്കുപോകുന്ന അമ്മമാരുടെ, മൂന്നുവയസ്സിനു താഴെപ്രായമുള്ള കുഞ്ഞുങ്ങൾക്കായി ഈ പഞ്ചായത്തിൽ ക്രഷ് സൗകര്യം ഇല്ല.

ക്രഷ് സൗകര്യം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്താവുന്നതാണ്. ചന്തയിലും റേഷൻ കടകളിലും മിക്കവാറും പോകാറുള്ളത് വനിതകളാണ്. ഈ കാര്യത്തിൽ പുരുഷ പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ട്.

പൊതുരംഗത്തേക്കുവരുന്ന സ്ത്രീകളുടെ മനോവീര്യത്തെ ഹനിപ്പിക്കുകയും അവരെ പുഛിക്കുകയും ചെയ്യുന്ന ഒരു പ്രവണത ഈ പഞ്ചായത്തിലും കാണാൻ കഴിയും. സ്ത്രീകൾ തുല്യത അർഹിക്കാത്തവരായിട്ടാണ് സമൂഹം കാണുന്നത്. അത്തരത്തിലുള്ള വിവേചനങ്ങളും, സമയക്കുറവും കാരണം പൊതുജനസംഘടനകളിൽ ചുരുക്കം ചിലവനിതകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. മിക്കവാറും സ്ത്രീകൾ കുടുംബത്തിൽതന്നെ ഒതുങ്ങി കഴിയുവാനാണ് ഇ

ഷ്ടപ്പെടുന്നത്.

സ്ത്രീധനം നൽകി പെൺകുട്ടികളെ അയയ്ക്കാൻ കഴിവില്ലാത്ത ധാരാളെ കുടുംബങ്ങൾ നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ ഉണ്ട്. സ്ത്രീധന നിരോധനനിയമം പരിപൂർണ്ണമായി നടപ്പിലാക്കുകയും ഒരു രക്ഷകർത്താവും സ്ത്രീധനം കൊടുക്കുയില്ല എന്ന ഉറച്ച തീരുമാനത്തിൽ എത്തുകയും ചെയ്താൽ പാവപ്പെട്ട കുടുംബങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിധിവരെ പരിഹരിക്കാൻകഴിയും. സ്ത്രീധന പീഢനം നടത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

മദ്യദുരന്തത്തിനിരയാവുന്ന വളരെയധികം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വനിതകൾപോലും മദ്യത്തിനരയാകുന്ന ഒറ്റപ്പെട്ട സംഭവങ്ങളും ഇവിടെ ക്കാണാം.

മദ്യനിരോധനം പരിപൂർണ്ണമായും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സ്ത്രീകൾക്കെതിരേയുള്ള ആക്രമണം ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഒറ്റപ്പെട്ടസംഭവങ്ങളുണ്ടായാൽ തക്കതായ സിക്ഷനൽകാവുന്നതാണ്.

സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന ചിത്രങ്ങൾ പരസ്യപ്പെടുത്തുവാൻ പാടില്ല എന്ന നിയമമുണ്ടെങ്കിലും അത്തരം ചിത്രങ്ങൾ അങ്ങിങ്ങായി പലപ്പോഴും കാണാറുണ്ട്. സിനിമ സെൻസർ ചെയ്തതിനുശേഷം സ്ത്രീകളെ അപമാനിക്കുന്ന ഭാഗങ്ങൾ എടുത്തുകളഞ്ഞതിനുശേഷമേ പുറത്തിറക്കാവൂ എന്ന നിയമമുണ്ടെങ്കിലും (1962 ലെ Abolition Act 18) ബഹുരാഷ്ട്രകമ്പനികൾ സിനിമാകോംപ്ലക്സ് ഉണ്ടാക്കുവാനും ഈ നിയമം എടുത്തുകളയുവാനും ശ്രമിക്കുന്നു. ഇവയ്ക്കെതിരെ പഞ്ചായത്തുതലം മുതൽ പ്രതികരിക്കാതിരുന്നാൽ അമേരിക്കയിലേപ്പോലെ നൈറ്റ് ക്ലബ്ബുകളു മറ്റും നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ വനിതകൾക്കുംഭീഷണിയായിരിക്കും.

അനാശാസ്യ പോസ്റ്ററുകൾ എവിടെ കണ്ടാലും അതിനുകാരണക്കാരയവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തുതലത്തിൽ സ്ത്രീവിദ്യാഭ്യാസം, ആരോഗ്യം, ശിശുസംരക്ഷണം മുതലായവയ്ക്കും സ്ത്രീപീഢനങ്ങൾക്കുമെതിരെ പ്രതികരിക്കുവാനും പ്രാപ്തരാക്കത്തക്കവിധത്തിൽ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.

അനാഥ മന്ദിരം, ബാലമന്ദിരം മറ്റു സാന്മാർഗ്ഗികസദനങ്ങൾ എന്നിവയിൽ നിന്ന് വിടുതൽ ചെയ്തുവരുന്ന 14 നും 21നും ഇടയ്ക്ക് പ്രായമുള്ള പെൺകുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിപ്പിക്കാവുന്ന "ആഫഅറ്റർ കെയർ ഹോ് ഫോർ ദി അഡോലസെൻറ് ഫീമെയിൽ" സ്ഥാപനം ഈ പഞ്ചായത്തിൽ അനുവദിച്ചു പ്രവർത്തിപ്പിക്കാവുന്നതാണ്.

സ്ത്രീ വിമോചന സന്ദേശങ്ങൾ പഞ്ചായത്തിൽ എല്ലാഭാഗത്തും എത്തിക്കാവുന്നതാണ്.

തൊഴിലാളികളും കർഷകരും, കുടിൽ വ്യവസായക്കാരുമായവരുടെ ജീവിതത്തെക്കുറിച്ചും പ്രവർത്തന സാഹചര്യങ്ങളെക്കുറിച്ചും വിലയിരുത്തേണ്ടിയിരിക്കുന്നു.

സത്രീകൾക്കും പുരുഷന്മാരോടൊപ്പം പൂർണ്ണ സമത്വം ഉണ്ടാകേണ്ടതാണ്. പണിയെടുക്കുന്ന സ്ത്രീകൾ സാമൂഹ്യ പ്രവർത്തനരംഗത്തു വരേണ്ടതും, മുഴുവൻ സ്ത്രീകളും സമൂഹ്യസേവനത്തിൽ പങ്കെടുക്കുവാൻബാദ്ധ്യസ്ഥരാണ് എന്ന ബോധം ഉണ്ടാകേണ്ടതുമുണ്ട്.

സാമുഹ്യ പ്രവർത്തനം ഭരണനിർവ്വഹണകല പഠിപ്പിക്കുന്നു. അവിദഗ്ദ സ്ത്രീതൊഴിലാളിക്കോ, പാചകക്കാരിക്കോ ഭരണ നിർവഹണജോലി ഉടനടി ഏറ്റെടുത്തു നടത്താനാവില്ല. സ്ത്രീകളുടെ പരിപൂർണ്ണ മോചനം നാറാണംമൂഴി പഞ്ചായത്തിൽ ഒരു പരിധിവരെയുണ്ട്. കൂടുതൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

# 5.10
# സഹകരണം



കർഷക സമൂഹത്തെ ഋണബാദ്ധ്യതയിൽ നിന്നും കരകയറ്റുന്നതിനായി രൂപീകരിക്കപ്പെട്ട കാർഷിക വായ്പാ സംഘങ്ങളാണ് ഭാരതത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ചത് 1956 ഈ പ്രദേശത്തെ ചില ഉത്പതിഷ്ണുക്കളുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട പരസ്പര സഹായ സഹകരണ സംഘം ആണ് ഈ പഞ്ചായത്തിൽ സഹകരണ സംരംഭത്തിന് നാന്ദികുറിച്ചത്. അങ്ങനെ ഇന്നത്തെ 3910-ാം നമ്പർ നാറാണംമൂഴി സർവ്വീസ് സഹകരണബാങ്ക് നിലവിൽവന്നു. രണ്ടാം വാർഡിൽ ഉൾപ്പെടുന്ന റബ്ബർ ഉല്പാദന സഹകരണ സംഘം, മലനാട് മിൽക്ക്, സൊസൈറ്റി, ഏഴാം വാർഡിലെ സർവ്വീസ് സഹകരണബാങ്ക്, എട്ടാം വാർഡിലെ ചൊള്ളനാവയൽ ഗിരിജൻ സഹകരണ സംഘം, കരകൗശല സഹകരണ സംഘം, കരിക്കുളം ഗിരിജൻ സഹകരണ സംഘം, ഒൻപതാം വാർഡിലെ റബർ ബോർഡ് എംപ്ലോയീസ് ക്രെഡിറ്റിംഗ് സംഘം, ക്ഷീരോല്പാദക സഹകരണസംഘം എന്നിവ ഉൾപ്പെട്ട എട്ട് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മിക്ക സഹകരണസംഘങ്ങളും സാമാന്യം മെച്ചമായി പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടുന്ന സഹകരണ സ്ഥാപനം നാറാണംമൂഴി സർവ്വീസ് സഹകരണ ബാങ്കാണ്. ഈ സഹകരണ ബാങ്കിന്റെ സ്ഥലവും, റാന്നി വയലാ കടുംബത്തിന്റെ സംഭാവനയാണെന്നുള്ളത് പ്രസ്ഥാവയോഗ്യമാണ്. ആദ്യകാലങ്ങളിൽ കർഷകർക്ക് പരിമിതമായ സഹായങ്ങൾ മാത്രം നൽകിക്കൊണ്ടിരുന്നു. ഈ സംഘം 1976 ൽ ഒരു ബാങ്കായി പ്രഖ്യാപിക്കപ്പെട്ടു. അഭ്യുദയകാംക്ഷികളിൽനിന്നും ഇരുപത്തി അയ്യായിരം രൂപ നിക്ഷേപമായി സമാഹരിച്ചുകൊണ്ടാണ് ബാങ്കിംഗ് മേഖലയിലേക്ക് സംഘം കടന്നുവന്നത്. ദ്രുതഗതിയിൽ വളർന്നുവന്ന ബാങ്കിന്റെ വളർച്ചയെ ബാധിയ്ക്കപ്പെട്ടചില സംഭവഗതികൾ ഇടക്കാലത്ത് അനുഭവപ്പെട്ടു. ക്രമേണ ഈദൃശ്യസംഭവങ്ങളിൽ നിന്നും മുക്തമായി ഊർജ്ജസ്വലതയിലേക്ക് ബാങ്ക് അടിവെച്ച് നീങ്ങുന്നുണ്ട്. ഇന്ന് ഈ ബാങ്കിൽ അയ്യായിരത്തി എഴുനൂറ്റി എൺപത്തിയഞ്ച് അംഗങ്ങളും എട്ടു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി അറുപത്തിയെട്ടു രൂപാ ഓഹരിമൂലധനവും ഉണ്ട്. ഗവൺമെന്റ് മൂലധനം ഒരുലക്ഷംരൂപയും ആണ്. സംഘത്തിന്റെ ഓഹരികളുടെ മുഖവില പത്തുരൂപയാണ്. പൊതുജനങ്ങളിൽനിന്നും സ്ഥിരനിക്ഷേപമായി ഒരു കോടി നാല്പതു ലക്ഷം രൂപായും, ഹ്രസ്വകാലാ നിക്ഷേപമായി പതിനഞ്ചുലക്ഷം രൂപായും ബാങ്ക് സമാഹരിച്ചിട്ടുണ്ട്. കാർഷിക ഇനത്തിൽ പതിനഞ്ച് ലക്ഷം രൂപായും, കാർഷികേതരമായി ഒരു കോടി ഇരുപത്തിയഞ്ചുലക്ഷം രൂപയും, പ്രത്യേക വായ്പാ പദ്ധതിയിൽ അഞ്ചുലക്ഷം രൂപയും ബാങ്കിന് വായ്പായി നൽകിയിരിക്കുന്നു. കൃഷിക്കാരുടെയും വ്യാവസായികളുടെയും ഏതാവശ്യങ്ങൾക്കും എന്നും ഈ ബാങ്ക് താങ്ങുംതണലുമായി നിൽക്കുന്നു. വളം കാർഷികാവശ്യങ്ങൾക്കുള്ള മറ്റു വസ്തുക്കൾ, കീടനാശിനി തുടങ്ങിയവയുടെ വിപണനവും വിതരണവും കർഷകർക്ക് ആശ്വാസപ്രദമായ വിധത്തിൽ, ബാങ്ക് നിർവ്വഹിക്കുന്നുണ്ട്. മാവേലിസ്റ്റോർ, ഓണച്ചന്ത, എന്നിവയും സാമാന്യം ഭംഗിയായി കാലാകാലങ്ങളിൽ പ്രവർത്തിക്കുന്നു. വസ്ത്രവ്യാപാര രംഗത്ത് പ്രവർത്തിച്ചിരുന്നസംഘം ടെക്സ്റ്റയിൽസ് ഇന്ന് നിർജ്ജീവമാണ്.

ക്ലാസ് മൂന്ന് വിഭാഗത്തിൽകണക്കാക്കപ്പെടേണ്ട ഈ ബാങ്ക് ക്ലാസ് അഞ്ച് എന്ന വിഭാഗത്തിലാണ്. സഹകാരികളിൽ നിന്നും കുടിശിക തുകകൾ യഥാവസരം ലഭിക്കാതിരുന്നതാണ് ഇതിനു പ്രധാന കാരണം. ഈ കാരണങ്ങളാൽതന്നെ ജീവക്കാരുടെ എണ്ണവും പരിമിതമാകയാൽ ദൈനംദിനജോലികൾ യഥാസമയം പൂർത്തിയാക്കുവാൻ സാധിക്കാതെവന്നു. സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രതിമാസ ലേലചിട്ടി

ഈ സംഘത്തിൽ നടത്തിയിരുന്നു. എന്നാൽ ഏതാനും വർഷങ്ങളായി അതിന് മുടക്ക് സംഭവിച്ചിരിക്കുകയാണ്. ചിറ്റാളൻമാർ യഥാസമയം പണം അടക്കാതെവരുകയും തന്മൂലം സംഘത്തിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുകയും, ചിട്ടി നിർത്തിവക്കേണ്ടതായും വന്നു. ഇപ്പോൾ ചിട്ടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സംഘം സ്വീകരിച്ചുവരുന്നു.

പഞ്ചായത്തിലെ ഇടമുറി, കടുമീൻചിറ, നാറാണംമൂഴി ഹൈസ്കൂളുകളുടെയും, കണ്ണംപള്ളി എൽ. പി. സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഇടമുറി സ്കൂളിലെ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകം, ബുക്ക്, മറ്റ് പഠനോപകരണങ്ങൾ തുടങ്ങിയവ ഈ സംഘങ്ങൾവഴി ലഭ്യമാക്കുന്നു.

### നിർദ്ദേശങ്ങളും ആവശ്യങ്ങളും

- ❑ നാറാണംമൂഴി സർവ്വീസ് സഹകരണ ബാങ്കിന് ലോൺ കൊടുത്തയിനത്തിൽ അറുപതു ലക്ഷം രൂപാ പിരിഞ്ഞുകിട്ടാനുണ്ട് ഈ ബാങ്കിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. കുടിശിക പണം പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ പ്രവർത്തനം ബാങ്കിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.
- ❑ സ്ഥലപരിമിതി ആഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. പുതിയ കെട്ടിയം ഉണ്ടാക്കണം.
- ❑ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്രദമായ തരത്തിൽ സഹകരണമാവേലി സ്റ്റോറുകൾ, സിവിൽസപ്ലൈസ് സ്റ്റോറുകൾ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.
- ❑ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി വളം കീടനാശിനി ഇവ മിതമായ പലിശ രഹിത വായ്പയായി നല്കണം.
- ❑ വിവിധ ലോണുകൾക്ക് അവയുടെ പലിശ നിരക്ക് സ്ബിസിഡി എന്നിവയെക്കുറിച്ച് സഹകാരികൾക്ക് അറിവുണ്ടാക്കുന്നതിനുവേണ്ടി ബോധവത്കരണം സംഘം സ്വീകരിക്കണം. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് ഉല്പന്നങ്ങൾ സഹകരണസംഘംവഴി ശേഖരിക്കണം. മുടങ്ങി കിടക്കുന്ന ചിട്ടിപ്രസ്ഥാനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധം പുരാരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം

### ക്ഷീരസഹകരണസംഘങ്ങൾ

ക്ഷീരവിപണന സംഘങ്ങൾ ഉല്പാദകരുടെ വിശ്വാസം ആർജ്ജിക്കുവാൻ കഴിയത്തക്കവിധം പ്രവർത്തനം മെച്ചപ്പെടുത്തണം. തങ്ങളുടെ ഉല്പന്നത്തിന് ന്യായമായ അളവും വിലയും ലഭിക്കുന്നില്ലായെന്നുള്ള ശക്തമായ പരാതി ക്ഷീരോല്പാദകർക്കുണ്ട്. ക്ഷീരകർഷകർക്ക് ഉല്പാതന ശേഷി ഉള്ള പശുക്കളെ വാങ്ങാനുള്ള സാമ്പത്തിക സഹായം സംഘങ്ങൾ മുഖേന നല്കണം.

കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ കുറഞ്ഞ വിലക്ക് സംഘങ്ങൾ മുഖേന ലഭ്യമാക്കണം. ക്ഷീരസംഘം ഇല്ലാത്ത ഇടങ്ങളിൽ അവ സ്ഥാപിക്കണം.

നമ്മുടെ പഞ്ചായത്ത് റബ്ബർ കൃഷിയിൽ മുന്നിട്ടു നില്ക്കുന്ന വാർഡുകൾ കേന്ദ്രീകരിച്ച് റബ്ബർപാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഇപ്രകാരം സംഭരിക്കുന്ന റബ്ബർപാൽ ഉപയോഗിച്ച് പഞ്ചായത്തിൽ വ്യവസായം തുടങ്ങുക.

പഞ്ചായത്തിൽ നിർജ്ജീവമായി കിടക്കുന്ന സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക.

◆❑◆

# 5.11
# പട്ടികജാതി/ വർഗ്ഗ ക്ഷേമം



പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരുഭാഗം പട്ടികജാതി/വർഗ്ഗങ്ങളാണ്. 1015 കുടുംബങ്ങൾ ഇവിടെ താമസിച്ചുവരുന്നു. ഇതിൽ 428 പട്ടികജാതി കുടുംബങ്ങളും 587 പട്ടികവർഗ്ഗ കുടുംബങ്ങളുമാണ്. ജീവിതത്തിൻെറ സമസ്ത രംഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗങ്ങളിലധികം പേരും കൂലിവേലയെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ്. സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയരായ ഈ വിഭാഗത്തിന് വിദ്യാഭ്യാസ രംഗത്തുംതനതായ മുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഈ വിഭാഗങ്ങളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി സർക്കാർതലത്തിൽ ഒട്ടേറെ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അതൊന്നും ഫലപ്രാപ്തിയിൽ എത്തിയിട്ടുമില്ല. കാരണം പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മയും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും മാത്രമല്ല-ഉദ്യോഗസ്ഥരുടെ നിസ്സഹകരണവും പദ്ധതികൾ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് തടസ്സമായിട്ടുണ്ട്. ജനസംഖ്യയിൽ (SC/ST) 30% കുടുംബങ്ങൾക്കും ഇന്നും വാസയോഗ്യമായ വീട് ഇല്ലാത്തവരാണ്. ഈ പ്രശ്നം പരിഹരിക്കുവാൻ ഗവൺമെൻറ് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കണം. ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ജവഹർ തൊഴിൽദാന പദ്ധതി, ഇന്ദിരാ ആവാസ് യോജന എന്നിവയും സാമൂഹ്യക്ഷേമവകുപ്പ്, ഗ്രാമപഞ്ചായത്ത്, വൈദ്യുതി ബോർഡ്, റവന്യൂ ബോർഡ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ്, തുടങ്ങിയവയും ഒട്ടേറെ പദ്ധതികൾ ഈ ജനവിഭാഗത്തിൻെറ ക്ഷേമത്തിനായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അതിൽ പ്രയോജനം ലഭിച്ചിട്ടുള്ള ഒരു ചെറിയ ശതമാനം ആളുകളെ ഒഴിച്ചുനിർത്തിയാൽ ഭൂരിപക്ഷം കുടുംബങ്ങളും ജീവിതത്തിൻെറ പ്രാഥമിക ആവശ്യങ്ങൾക്കുപോലും നേടിയെടുക്കാനാവാതെ വെറും കൂലിപ്പണിക്കാരായി കഴിയുന്നു. കോളനി പ്രദേശത്ത് അധിവസിക്കുന്നവരുടെ പ്രശ്നങ്ങളാണ് കൂടുതലും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നത്. കോളനികളുടെ വിവരം പട്ടിക 1-ൽ ചേർത്തിട്ടുണ്ട്.

ലഭ്യമായ കണക്ക് പ്രകാരം കോളനിയടക്കം ജനസംഖ്യ 4250 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി.ക്കു ശേഷംതുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുമില്ല. കാരണം കുട്ടികളുടെ രക്ഷിതാക്കൾ പൊതുവേ വിദ്യാഭ്യാസമില്ലാത്തവരും കൂലിപ്പണിക്കാരുമാണ്. പകലന്തിയോളം ഉപജീവനത്തിനായി കഠിനാദ്ധ്വാനം ചെയ്ത് വൈകുന്നേരം മാത്രം വീട്ടിൽ എത്തുന്ന ഹതഭാഗ്യരായവർക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് ശ്രദ്ധിക്കുവാൻ കഴിയാതെ പോകുന്നു. കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വന്നതുമൂലം പഠിത്തം നഷ്ടപ്പെടുത്തേണ്ടി വന്ന കുട്ടികൾ നിരവധിയാണ്. സാമ്പത്തിക പരാധീനതകൾകൊണ്ട് പഠനം തുടർന്ന് പോകുവാൻ കഴിയാത്തവരുമുണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ

ശതമാനം മാത്രമാണ്. അതിൽ 5 ശതമാനം മാത്രം കോളേജ് വിദ്യാഭ്യാസത്തിനെത്തുന്നു. തുടർന്ന് പഠിക്കുന്നവരുടെ എണ്ണം ഒരു കൈയിൽ എണ്ണാൻ മാത്രം പരിതാപകരമാണ്. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകുവാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

### തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നതാണ്. എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കുവാനുള്ള തൊഴിലിനുവേണ്ടി മറ്റ് മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും റബ്ബർ മേഖലയിലും നിർമ്മാണ രംഗത്തുമാണ് എത്തിച്ചേർന്നിട്ടുള്ളത്. ഇതിൽ നല്ലൊരു വിഭാഗം റബ്ബർ ടാപ്പിംഗ് രംഗത്തും മറ്റുമാണ്. സംഘടിത മേഖലയിൽ മാത്രം 700-ൽ അധികം തൊഴിലാളികൾ ഈ വിഭാഗത്തിലുണ്ട്. ഈ രംഗത്ത് തൊഴിലാളികൾക്ക് മാന്യമായ കൂലി. പുരുഷ-സ്ത്രീ തൊഴിലാളികൾക്കുള്ളതുമൂലംതൊഴിലാളികൾ കാർഷിക മേഖല ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു. പരിണിതഫലം

പട്ടിക 1

പട്ടികജാതി-വർഗ്ഗ കുടുംബങ്ങളും ജനസംഖ്യയും

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1 | ചെമ്പനോലി (പട്ടികജാതി) | 18 | 84 |
| 2 | തോമ്പിക്കണ്ട (പട്ടികജാതി) | 115 | 481 |
| 3 | ഇടമൺ പത്തേക്കർ (പട്ടികജാതി) | 40 | 172 |
| 4 | അടിച്ചിപ്പുഴ (പട്ടികജാതി) | 32 | 163 |
| 5 | ചൂരക്കുഴി (പട്ടികജാതി) | 30 | 137 |
| 6 | കാക്കമല (പട്ടികജാതി) | 30 | 170 |
| 7 | തോമ്പിക്കണ്ടം പഴയകോളനി (പട്ടികജാതി) | 39 | 109 |
| 8 | കണ്ണമ്പള്ളി | 37 | 149 |
| 9 | പേമരുതി | 23 | 102 |
| 10 | വിളയാട്ടുപാറ | 34 | 118 |
| 11 | കുമ്പിപൊയ്ക | 30 | 108 |
| | ആകെ | 428 | 1793 |
| 1 | കുടമുരുട്ടി (പട്ടികവർഗ്ഗം) | 35 | 132 |
| 2 | കുരുമ്പൻ മൂഴി | 85 | 370 |
| 3 | മണക്കയം | 25 | 111 |
| 4 | വലിയപതാൽ | 27 | 121 |
| 5 | പ്രിയദർശിനി | 17 | 62 |
| 6 | നീരേറ്റുകാവ് | 39 | 156 |
| 7 | ചൊള്ളനാവയൽ | 98 | 391 |
| 8 | അടിച്ചിപ്പുഴ | 207 | 873 |
| 9 | കരികുളം | 54 | 241 |
| | ആകെ | 587 | 2457 |
| | പട്ടികജാതി/വർഗ്ഗങ്ങൾ ആകെ | 1015 | 4250 |
| | മറ്റുള്ളവർ | 2385 | 11738 |
| | പഞ്ചായത്തിൽ ആകെ | 3400 | 15988 |

ഭക്ഷ്യോൽപാദനം കുറഞ്ഞു. വിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവിന് കാരണമാകുന്നു. ഭക്ഷ്യസാധനങ്ങളുടെ ഉൽപാദന വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ എണ്ണവും കുറവല്ല. അവർക്കുവേണ്ടി തൊഴിൽ സംരംഭം ഉണ്ടാകുവാൻ വേണ്ട സത്വരനടപടി ഉണ്ടാകേണ്ടതാണ്.

### പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെയെങ്കിലും സർക്കാർ ഏജൻസികൾ നടത്തിവരുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്. ഇന്ന് മിക്ക കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റകുടിലുകളിൽ നിന്നും ഒരു പരിധിവരെ മോചനം നേടിയിട്ടുണ്ട്. കോളനി പ്രദേശം ഒഴിച്ചുനിർത്തിയാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുമുണ്ട്. തന്മൂലം ഭൂമിയുടെ രേഖ ഓഫീസുകളിൽ കുടുങ്ങി പോയതുമൂലം മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ് വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തീകരിക്കാത്ത അവസ്ഥയുമുണ്ട്. വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവർക്ക് വീടുവയ്ക്കുവാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. രണ്ട് കുടുംബങ്ങൾ ഒന്നിച്ച് കൂട്ടുകുടുംബമായി താമസിക്കുന്ന പട്ടികജാതി/വർഗ്ഗങ്ങൾക്ക് പ്രത്യേകം വീടുവച്ച് നൽകുവാനുള്ള പദ്ധതിയുണ്ടാവണം. വീടിനുവേണ്ടി സർക്കാർ ഓഫീസിൽ എത്തുന്ന പാവപ്പെട്ടവരെ മനഃപൂർവ്വം പല പ്രാവശ്യം നടത്തുകയും ചില്ലറ പ്രശ്നങ്ങളുടെ പേരിൽ അയോഗ്യരാക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ നീചമായ നടപടി മാറ്റി പരമാവധി സഹകരണം ഉണ്ടാവണം.

മിക്കവാറും എല്ലാ കോളനികളിലും കക്കൂസ് ഇല്ല. ഓരോ വീടിനും കക്കൂസ് അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കണം. ലക്ഷം വീട് കോളനികൾ, 4 സെൻറ് കോളനികൾ, എന്നിവിടങ്ങളിലെ പ്രശ്നം ഇക്കാര്യത്തിൽ വളരെ ഗൗരവമാണ്.

വൈദ്യുതിയുടെ കാര്യവുംവളരെ പരിതാപകരമാണ്. കോളനികളിൽ പോലും വൈദ്യുതിയുടെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. കോളനികൾ വൈദ്യുതീകരിക്കുന്ന പദ്ധതികൾ പ്രകാരം കോളനിയിൽ കൂടി കടന്നുപോകുന്ന ചില റോഡുകളിൽ കൂടി ലൈൻ കടന്നുപോകുന്നതൊഴിച്ചാൽ പല കോളനിയിലും ഈ വിഭാഗത്തിന് കണക്ഷൻ ലഭിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് പോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. കോളനികളിലെ അവസ്ഥ ഇത്തരത്തിലാണെങ്കിൽ ഒറ്റപ്പെട്ട കുടുംബങ്ങളുടെ അവസ്ഥ എടുത്തുകാണിക്കാതെ തന്നെ വ്യക്തമാണല്ലോ! എല്ലാ SC/ST കോളനികളിലും അടിയന്തിരമായി വൈദ്യുതി എത്തിക്കുകയും കുടിൽ ജ്യോതി പദ്ധതി പ്രകാരമെങ്കിലും എല്ലാ കുടുംബങ്ങളിലും കണക്ഷൻ ലഭിക്കുവാൻ വേണ്ടതരത്തിൽ പദ്ധതി നടപ്പിലാക്കുകയും വേണം.

ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിലും കോളനികൾ വളരെ പിന്നിലാണ്. കോളനികളിൽ ഉള്ള റോഡുകൾ മിക്കവാറും കാൽനടയാത്രക്കാർക്കുപോലും ഉതകുന്ന തരത്തിലല്ല. കാലാകാലങ്ങളിൽ മെയിൻറനൻസ് പോലുംനടക്കാതെ താറുമാറായിക്കിടക്കുന്നു. അത് പരിഹരിക്കുവാനുതകുന്ന തരത്തിൽ കോളനികളിലെ റോഡുകൾ എല്ലാം ടാറിംഗ് ചെയ്യണം. റോഡുകളുടെയും വൈദ്യുതിയുടെയും കാര്യത്തിൽ ലഭ്യമായ കണക്കുകൾ 2-ാം പട്ടികയിൽ പ്രതിപാദിക്കുന്നു.

### ശുദ്ധജലം

പഞ്ചായത്തിലെ മുഴുവൻ കോളനി പ്രദേശങ്ങളിലും ശുദ്ധജലവിതരണം അനിവാര്യമാണ്. പൈപ്പ് ലൈനോ കുഴൽ കിണറുകളോ സ്ഥാപിച്ചിട്ടില്ല. തന്മൂലം കാലവർഷം കഴിയുമ്പോൾ ശുദ്ധജലക്ഷാമം നേരിടേണ്ടിവരുന്നു. അതിനുള്ള ഫലപ്രദമായ കർമ്മ പദ്ധതികൾ ഉണ്ടാകണം.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. ചെറിയ ശതമാനമെങ്കിലും നിരക്ഷരരായി കഴിയുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നതു മൂലം ഈ മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. കാർഷിക വിളകളുടെ ഉൽപാദനം (ഭക്ഷ്യസാധനങ്ങൾ) പാടെ തൂത്തെറിയപ്പെടുന്നു. തന്മൂലം ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. സ്വന്തമായി വീടില്ലാതെ നനഞ്ഞൊലിക്കുന്ന ചെറ്റപുരകളിൽ അന്തിയുറങ്ങുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു.
4. സ്വന്തമായി വീടുവക്കുവാൻ സ്ഥലമില്ലാതെ കുറെ

ആളുകൾ വീർപ്പുമുട്ടുന്നു.

5. വീടുവെക്കുവാൻ നൽകുന്ന ഗ്രാൻറ് കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്നില്ല.
6. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെയില്ല.
7. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ഇല്ല.
8. പൊതുശ്മശാനം ഇല്ല.
9. വർഷങ്ങളായി കൈവശം വച്ചനുഭവിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. തന്മൂലം വീടുവക്കുന്നതിനുള്ള സഹായം ലഭിക്കാതെ പോകുന്നു.
10. ആരോഗ്യസംരക്ഷണ സംവിധാനം-മെച്ചപ്പെട്ടതല്ല.
11. നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
12. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റ് സഹായങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. നടത്തുന്ന പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുമില്ല.
13. പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും മറ്റ് സഹായങ്ങളും-ലക്ഷ്യം നേടുന്നില്ല.

## ആവശ്യങ്ങൾ

### വൈദ്യുതി

കോളനികളിൽ കൂടി കടന്നുപോകുന്ന റോഡിൽ കൂടി പുറത്തേക്കുള്ള മറ്റ് വിഭാഗങ്ങൾക്ക് വൈദ്യുതി എത്തിക്കുവാൻ റോഡുകൾ ഉപയോഗിച്ചതൊഴിച്ചാൽ ഒരു സ്ഥലത്തും കോളനികൾ വൈദ്യുതീകരിച്ചിട്ടില്ലെന്നതാണ് സത്യം. കുടിൽ ജ്യോതി പദ്ധതി പ്രകാരമെങ്കിലും വൈദ്യുതി എത്തിക്കുവാൻ വേണ്ട നടപടികൾ അനിവാര്യമാണ്.

### കുടിവെള്ളം

ശുദ്ധജലവിതരണത്തിൽ കോളനികൾ വളരെ പിന്നിലാണ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ബ്ലോക്ക് എന്നിവകൾക്കുപുറമേ മറ്റ് സ്വകാര്യ ഏജൻസികളുംമുൻകൈയെടുത്ത് ഒട്ടേറെ കിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമായി കിടക്കുന്നു. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികൾ വിരളമാണ്. ജല ദൗർലഭ്യവും ലൈൻ തകരാറും മൂലം പ്രവർത്തനരഹിതവുമാണ്. ഇതിന് പരിഹാരം കാണാൻ നൂതന പദ്ധതികൾ ഉണ്ടാകണം.

### പാർപ്പിടം

പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളിൽ ഒന്നാം സ്ഥാനത്താണ് പാർപ്പിട പ്രശ്നം. കോളനി പ്രദേശങ്ങളിൽ ഓലമേഞ്ഞ വീടുകൾ കുറവാണെങ്കിലും ഇടകലർന്ന വീടുകൾ 90 ശതമാനവും ചെറ്റപ്പുരകളാണ്.

വീട്, വൈദ്യുതി, കക്കൂസ്, ശുദ്ധജലം, റോഡ് എന്നിവയുടെ ആവശ്യങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു. ഓരോ റവന്യൂ വാർഡ് അടിസ്ഥാനപ്പെടുത്തിയുള്ള കണക്ക്.

| വാർഡ് | വാർഡിൻെറ പേര് | വീടില്ലാത്ത കുടുംബം | കക്കൂസില്ലാത്ത കുടുംബം | വൈദ്യുതി ഇല്ലാത്ത കുടുംബം |
|---|---|---|---|---|
| 1 | തോണിക്കടവ് | 27 | 27 | 50 |
| 2 | കുടമുരുട്ടി | 19 | 32 | 50 |
| 3 | കടുമീൻ ചിറ | 14 | 35 | 100 |
| 4 | ചെമ്പനോലി | 32 | 26 | 63 |
| 5 | തോമ്പിക്കണ്ടം | 48 | 284 | 112 |
| 6 | കക്കുടുമൺ | 30 | 88 | 130 |
| 7 | നാറാണംമൂഴി | - | - | 1 |
| 8 | അടിച്ചിപ്പുഴ | 61 | 380 | 379 |
| 9 | ഇടമുറി | 10 | 31 | 80 |
| | ആകെ | 241 | 903 | 970 |

### ഗതാഗതം

ഗതാഗതസൗകര്യം കോളനികളിൽ പരിമിതമാണ്. നിലവിലുള്ള റോഡുകൾ അധികവും കാൽ നടയാത്രക്കുപോലും ഉപയോഗപ്രദമല്ല. അടിയന്തിര പരിഹാരം ഉണ്ടാവണം. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ അഞ്ചാം വാർഡിൽ ഇടമൺ പത്തേക്കർ ഗ്രാമത്തിൽ ഗതാഗത സൗകര്യം ഇന്നും ബാലികേറാമലയാണ്. കാക്കമല, കുരുമ്പൻ മൂഴി, എന്നീ കോളനികളിലും ഗതാഗതസൗകര്യം വളരെ കുറവാണ്. അടിയന്തിര പരിഹാരം ഇക്കാര്യത്തിൽ ഉണ്ടാവണം.

പട്ടികജാതി/വർഗ്ഗ ക്ഷേമം മുൻ നിർത്തി അടിയന്തിര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- കാർഷിക മേഖലയെ മെച്ചപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

- കോളനി പ്രദേശങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും അതിന് എല്ലാവിധ സഹായങ്ങളും ചെയ്യുക.
- കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.
- അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് അവ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡം ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുകയും ചെയ്യുക.
- പട്ടികജാതി സഹകരണ സംഘം പഞ്ചായത്തിൽ ആരംഭിക്കുക.
- വീടു നിർമ്മാണ ഗ്രാൻറ് വർദ്ധിപ്പിക്കുക. കക്കൂസ് നിർമ്മാണത്തിനാവശ്യമായ സഹായം ചെയ്യുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് സമിതികൾക്ക് വിട്ടുകൊടുക്കുക. മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുക.
- ലക്ഷം വീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒരു കുടുംബത്തിന് ഒരു വീട് എന്ന ക്രമത്തിൽ ആക്കുക.
- വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി പലിശരഹിത വായ്പകൾ അനുവദിക്കുക.
- വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ആഫീസുകളിൽ എത്തുന്നവരെ സഹജീവികളായി പരിഗണിക്കുക. ചില്ലറ പോരായ്മകളുടെ പേരിൽ ഈ ജനവിഭാഗത്തിൻെറ അവകാശങ്ങൾ നിഷേധിക്കാതെ പരിരക്ഷിക്കുക.
- പട്ടയമില്ലാത്ത കുടുംബങ്ങൾക്ക് പട്ടയമോ കൈവശാവകാശ സർട്ടിഫിക്കറ്റോ അടിയന്തിരമായി അനുവദിക്കുക.
- ടി പഞ്ചായത്തിൽ അടിയന്തിരമായി ഒരു ആയുർവേദ ആശുപത്രികൂടി അനുവദിക്കുക.
- പൊതുശ്മശാനം ഉണ്ടാക്കുക.
- 1, 2 വാർഡുകൾക്കും 3-ാം വാർഡിന് ഭാഗികമായും ശുദ്ധജലം പെരുന്തേനരുവിയിൽ നിന്നും വിതരണം ചെയ്യുക. 5, 4, 3, 6, 9 വാർഡുകൾക്ക് ഇടമുറി ദേവീക്ഷേത്രത്തിൻെറ കുളം സർക്കാർ ഏറ്റെടുത്ത് പമ്പ് ചെയ്ത് മേൽപറഞ്ഞ വാർഡുകളിൽ വിതരണം നടത്തുക. ഇതിനാവശ്യമായ നടപടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകണം.
- കോളനി പ്രദേശത്ത് നിലനിൽക്കുന്ന വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- എസ്.സി./എസ്.ടി. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- എല്ലാ കോളനികളിലും കുടിൽ വ്യവസായ യൂണിറ്റുകളും കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങളും അനുവദിക്കുക.
- വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾക്കായി ഓഫീസുകളിൽ എത്തുന്നവരുടെ ആത്മാഭിമാനം വ്രണപ്പെടുത്തുന്ന രീതിയിലുള്ള അന്വേഷണം അവസാനിപ്പിക്കുക.
- കുടമുരുട്ടി അംബേദ്ക്കർ കോളനിയുടെ പോരായ്മകൾ പരിഹരിക്കുക.
- തോമ്പിക്കണ്ടം പട്ടികജാതി കോളനി ഐ.എച്ച്.ഡി.പി. യായി ഉയർത്തിയ നടപടി ഊർജിതപ്പെടുത്തുക.

## പൊതുവിവരങ്ങൾ

പഞ്ചായത്തിലെ മുഴുവൻ കോളനികളിലും വയോജനവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കേണ്ടതായുണ്ട്. കോളനി പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിൻെറ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കലെങ്കിലും സൗജന്യ വൈദ്യപരിശോധന നടത്തുകയും ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുകയും ചെയ്യുക. എല്ലാ കോളനികളിലും ടെലിവിഷൻ ഏർപ്പെടുത്തി ദേശീയ അന്തർദേശീയ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാക്കുന്നതിനായി പദ്ധകൾ നടപ്പിലാക്കുക. ഗ്രാമപഞ്ചായത്ത് വക അത്തിക്കയത്ത് നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഈ ജനവിഭാഗത്തിന് സംവരണം ചെയ്യപ്പെട്ട റൂമിന് സൗജന്യ നിരക്ക് ബാധകമാക്കുക, തുടങ്ങി ഒട്ടേറെ കർമ്മപദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലായെങ്കിൽ മാത്രമേ ഈ ജനവിഭാഗം മുഖ്യധാരയിലേക്ക് ഉയർന്നുവരാൻ കഴിയൂ.

*

# 5.12
# വിഭവസമാഹരണം



നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനത്തിനു നേരിടുന്ന പ്രതിസന്ധി സാമ്പത്തിക പരാധീനതയാണ്. ആറ് പട്ടികജാതി കോളനികളും, ഏഴ് പട്ടികവർഗ്ഗകോളനികളും മറ്റു ഇതരകോളനികളും ഉൾപ്പെടുന്ന അവികസിത മേഖലയാണ് നമ്മുടെ ഗ്രാമം. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനു ബഹുദൂരം പ്രയാണം ചെയ്യണം. എണ്ണമറ്റ ആവശ്യങ്ങളും പരിമിത വിഭവങ്ങളും മാത്രമാണുള്ളത്. വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. മാടക്കടകളും ചെറുകിട കച്ചവടമുറികളും പേരിനുണ്ട്.

നമ്മുടെ ഗ്രാമീണജനതയുടെ പ്രധാനവരുമാനമാർഗ്ഗം കൃഷിയാണ്. കാർഷികരംഗം ഇന്നു മുരടിച്ചുവരുന്നു. കർഷകർ കർഷക തൊഴിലാളികളായി മാറുന്നു. ഭൂമി ഭാഗികമായി ഉപഭോഗപ്പെടുത്താതെയും മനുഷ്യപ്രയത്നം സഫലമാകാതെയും വരുന്ന അവസ്ഥയ്ക്ക് മാറ്റംവരുത്തികൊണ്ട് വിഭവസമാഹരണത്തിനുള്ള പുത്തൻപാതകൾ വെട്ടിത്തുറക്കുവാൻ കഴിയണം. വിഭവങ്ങളുടെ പരിമിതി എന്ന പ്രശ്നം അവയുടെ വർദ്ധനവിലൂടെ മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. കാർഷിക മേഖലയിൽ ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കുക, കൂട്ടുകൃഷി സംവിധാനപ്രകാരം തരിശുഭൂമികൾ വിളനിലമാക്കുവാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക, രാസവള പ്രയോഗംമൂലം ഉണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവള പ്രയോഗത്തിനു പ്രാധാന്യം നൽകുക, തുടങ്ങിയ വിഷയങ്ങളിൽ കൃഷിക്കാരെ ബോധവാന്മാരാക്കണം. ഈ പ്രശ്നം പരിഹരിക്കാതെ വിഭവസമാരണം കാർഷിക രംഗത്തു വർദ്ധിപ്പിക്കാനാവില്ല.

ചെറുതുംവലുതുമായ വ്യവസായ സ്ഥാപനങ്ങളോ, വ്യവസായ ശാലകളോ ഈ ഗ്രാമത്തിൽ ഇല്ല. ഗ്രാമത്തിന്റെ മുഖഛായമാറുന്നതിനും തൊഴിൽ രഹിതരുടെ എണ്ണം കുറയ്ക്കുന്നതിനും ഉപോൽബലകമായ വ്യവസായ സംരംഭങ്ങൾ കണ്ടെത്തണം. ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട വിഭവം റബ്ബറാണ്. റബ്ബർ അധിഷ്ഠിത വ്യവസായ ശാലകൾ ആരംഭിക്കണം. പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ സെമിനാർ നടത്തി വ്യവസായ സംരംഭകരെ കണ്ടെത്തി ബാങ്കുലോണുകൾ ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്താൽ ഈ രംഗത്തു പുതിയ വിഭവസമാഹരണത്തിനു സാദ്ധ്യതകൾ ഉണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സേവനംകൂടി ലഭ്യമാക്കാവുന്നതാണ്.

കാലാകാലങ്ങളിൽ ലഭിക്കേണ്ട സർക്കാർ ഗ്രാന്റുകൾ ഭരണാധികാരികളെ സ്വാധീനിക്കേണ്ട ഗതികേട് ഈ മേഖലകളിൽവച്ചുതന്നെ പഞ്ചായത്തുകൾക്കു കൈമാറുവാനുള്ള നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ്ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് എന്നിവ ഉദാഹരണമായി എടുക്കണം. വർഷങ്ങൾക്കു ശേഷമാണ് ഈ വക ഗ്രാന്റുകൾ പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിനു കാരണമാകുന്നു. ജനസംഖ്യ, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ജനസംഖ്യ, പട്ടികജാതി, പട്ടികവർഗ്ഗജനസംഖ്യ, പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്ത പരിവർത്തിത ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുതുകകൾ വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണത്തിനും ഇത് അനിവാര്യമാണ്.

ഗൾഫ് മേഖലകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം വാർഡുതലത്തിൽ 253 പേർ ഉണ്ട്. ഇവരിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്. പൂർണ്ണവിവരങ്ങൾ വാർഡുക്രമത്തിൽ താഴെകൊടുക്കുന്നു.

ഗൾഫ് ജോലിക്കാർ വാർഡുതിരിച്ച കണക്ക്

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 29 | 15 | 60 | 30 | 9 | – | 50 | 15 | 45 |

അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വേ 1996

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവർഷം 2002/- രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരേയും നികുതി കൃത്യമായി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ, എന്തെങ്കിലും മറ്റു ആവശ്യങ്ങൾക്കായി ആഫീസിൽ വരുമ്പോഴോ നികുതി കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന സമ്പ്രദായം മാറുവാൻ കഴിയണം.

കാർഷികവും അല്ലാത്തതുമായ കൂലിപണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ ഭൂരിഭാഗവും. നിലവിലുള്ള നികുതികൾക്കു മാനുഷിക മുഖം കൊടുക്കുകയും, ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ്നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്നു ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും. ഇത് ഒരു സാമൂഹ്യ ബാദ്ധ്യതയായി ജനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കണം. പഞ്ചായത്തിൽ നിലവിൽവന്നിരിക്കുന്ന വാർഡുതല സമിതികളും, വാർഡുജനപ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൃത്യമായി കൊടുക്കുന്ന ആദ്യ പഞ്ചായത്താകുവാൻ നാറാണംമൂഴിക്കു കഴിഞ്ഞാൽ നമ്മുടെ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറും.

ഇങ്ങനെ നികുതിയായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയഭാഗം പഞ്ചായത്തിനു കൊടുക്കുവാൻ സാദ്ധ്യമാകുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്. വരുമാനത്തിന്റെ വളരെ ചെറിയ ഭാഗം മാത്രം നികുതിയായി വസൂലാക്കിയാൽ എല്ലാവരും അതുകൊടുക്കുവാൻ താല്പര്യമുള്ളവരാകും.
2. വരുമാനമുള്ള എല്ലാവരിൽനിന്നും നികുതി വസൂലാക്കുവാൻ കഴിയണം. വരവുചെലവിന്റെ കണക്കുകളും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനുള്ള സംവിധാനം ഉണ്ടാകണം.
3. നികുതി പിരിക്കുന്നതിനു നേതൃത്വം കൊടുക്കുന്നതിന് വാർഡു സമിതികളും, ജനപ്രതിനിധികളും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്നധാരണ ബഹുജനനേതാക്കൾക്കും വാർഡുതല കൺവീനർമാർക്കും ഉണ്ടാകണം.
4. വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതുപോലെ നികുതി കൊടുക്കുന്നതിനും അതുവഴി ഒരു സാമൂഹ്യ നന്മ ചെയ്തു എന്ന സംതൃപ്തി ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നതിനാവശ്യമായ ബോധവത്കരണം നടത്തുന്നതിനും കഴിയണം.

കെട്ടിട നികുതി.

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് തികച്ചും ശാസ്ത്രീയമല്ല. നികുതി ചുമത്തുന്ന കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല, ആഡംബരത്വവും മാനദണ്ഡമാക്കണം. സ്ഥിരമായി ചുമരുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. വീടുനിർമ്മാണത്തിലെ അനാവശ്യ ധൂർത്തു ഒഴിവാക്കുന്നതിനു നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്കരിക്കാവുന്നതാണ്. അസ്സെസ്സ്മെന്റിന്റെ മാനദണ്ഡം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വീട്ടുടമയെ ബോദ്ധ്യപ്പെടുത്തണം. അഴിമതികുറയ്ക്കുന്നതിന് ഒരു അസ്സെസ്സ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി കുറച്ചാൽ വരുമാനത്തോതു കുറയുന്നതിനാൽ ഇപ്പോൾ അത് പ്രസക്തമല്ല. വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്കും വാടക അടിസ്ഥാനമാക്കി നികുതി പിരിക്കേണ്ടതാണ്. വാർഷിക വരുമാനത്തിന്റെ 15% നികുതി പിരിക്കാവുന്നതാണ്.

ഓരോ വാർഡിലും നികുതി പിരിക്കുന്ന സമയവും തീയതിയും മുൻകൂട്ടി പരസ്യപ്പെടുത്തി വാർഡുതല സമിതിയുടെ സഹകരണത്തോടുകൂടി പിരിക്കുന്ന സംവിധാനം ഒന്നുകൂടി ശക്തമാക്കാവുന്നതാണ്. ഇപ്രകാരമുള്ള രീതി തുടർന്നാൽ കുടിശ്ശിക ഇല്ലാതാക്കുവാൻ കഴിയും. നികുതി പിരിവിൽ ക്രമക്കേടുകളോ പരാതികളോ ഉണ്ടാകുവാൻ പാടില്ല.

തൊഴിൽനികുതി

പഞ്ചായത്തിലെ ഏതെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാർ ജോലിസ്ഥാപനങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽ നിന്നു മാത്രമേ തൊഴിൽനികുതി ലഭിക്കുന്നുള്ളൂ. തൊഴിൽ ചെയ്യുന്നവർ എല്ലാം തൊഴിൽ നികുതി നൽകണം. തൊഴിലാളികളെ മുഴുവൻ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽനിന്നും തൊഴിൽ നികുതി വസൂലാക്കുകകും ചെയ്യാം. ഇത് ചെറുകിട കച്ചവടക്കാർക്കും, നിർമ്മാണ തൊഴിലാളികൾക്കും, മറ്റ് ഇതര തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്. യൂണിയൻ അംഗീകരിച്ച എല്ലാ തൊഴിലാളികൾക്കുംതൊഴിൽനികുതി ഏർപ്പെടുത്തണം.

വിനോദനികുതി

വിനോദനികുതികൾ കൃത്യമായി പിരിക്കണം. നികുതി പിരിവിലെ ക്രമക്കേടുകൾ പരിഹരിക്കണം.

അത്തിക്കയം കേന്ദ്രമാക്കി ഒരു മിനി സ്റ്റേഡിയം നിർമ്മിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

മറ്റുധനാഗമ മാർഗ്ഗങ്ങൾ

1. ആദായമുള്ളതും പ്ലാന്റേഷൻ ടാക്സിന്റെ പരിധിയിൽ വരാത്തതുമായ ഓരോ റബ്ബർ മരത്തിനും 50 ps (അൻപതുപൈസ) ക്രമത്തിൽ വാർഷിക നികുതി ഏർപ്പെടുത്തുക. ഇരുനൂറു റബ്ബർ മരം വരെ മാത്രമുള്ളവരെ ഒഴിവാക്കുക. മറ്റു പഞ്ചായത്തുകളിൽ ആദായകരമായ തോട്ടം ഉള്ളവരെ ഒഴിവാക്കേണ്ടതില്ല.
2. അത്തിക്കയത്തു വാഹനങ്ങൾ പാർക്കുചെയ്യുന്നതിനു സൗകര്യം ഏർപ്പെടുത്തി പാർക്കിംഗ് നികുതി ഈടാക്കാവുന്നതാണ്. ടൂറിസ വികസനത്തോടുബന്ധപ്പെട്ടും പാർക്കിംഗ് നികുതി വസൂലാക്കാവുന്നതാണ്.
3. നികുതി പിരിവിലെ ക്രമക്കേടുകൾ പരിഹരിക്കുക.
4. അത്തിക്കയം മാർക്കറ്റിലെ മാടക്കടകൾ മാറ്റി തൽസ്ഥാനത്ത് സ്ഥിരം സ്റ്റാളുകൾ നിർമ്മിച്ചു വാടയ്ക്കു നൽകുക.
5. പമ്പാനദിയിൽ നിന്നും മത്സ്യം പിടിക്കുന്നതിനു വലകൾക്കു ലൈസൻസ്, നികുതി ഇവ ഈടാക്കുക.
6. വളത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തു.
7. ചെലവു ചുരുക്കി വിഭവസമാഹരണത്തിന്റെ ഭാഗമായി പഞ്ചായത്തു മെമ്പറന്മാരുടെ സിറ്റിങ്ങ് ഫീസ് ഒഴിവാക്കുക. [കമ്മിറ്റി ചെലവ് പഞ്ചായത്തിൽ നിന്നും വഹിക്കുക]
8. ഓരോ വാർഡിൽനിന്നും സന്നദ്ധപ്രവർത്തനങ്ങൾക്കു ഭാഗികമായ പ്രതിഫലം വാങ്ങിയും നിർമ്മാണ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുവാൻ തയ്യാറുള്ളവരെ ചേർത്തു സന്നദ്ധസേന രൂപീകരിക്കുകയും ചെയ്യുക.
9. 3-ാം വാർഡിൽ ഒഴിഞ്ഞു കിടക്കുന്ന സ്കൂൾ കെട്ടിടവും സർക്കാർ കെട്ടിടവും പഞ്ചായത്തിനു പ്രയോജനപ്പെടുത്തുക.
10. കഴിവതും വാർഡുകളിൽ പൊതു ശ്മശാനം സ്ഥാപിച്ചു ശവസംസ്കാരത്തിനു ചെറിയ ഫീസു വാങ്ങുക.
11. റബ്ബർ മരങ്ങൾക്ക് കട്ടിങ്ങ് ഫീസ് എർപ്പെടുത്തുക.
12. പഞ്ചായത്തിലുള്ള മാടക്കടകൾക്കു ലൈസൻസ് ഏർപ്പെടുത്തുക.
13. വാർഡു തലങ്ങളിലും സ്റ്റാൾ സ്ഥാപിച്ചു മാംസ വ്യാപാരം നടത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുക.
14. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും സംഭാവനകൾ സ്വീരിക്കുക.
15. മറ്റു സാമ്പത്തിക ഏജൻസികളിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കു സഹകരണവും സാമ്പത്തികസഹായവും സ്വീകരിക്കുക. ഉദാ: CARD പ്രൊജക്ട്.
16. ചെറുകിട പണമിടപാടുകൾ നടത്തുന്ന വ്യക്തികൾക്കു ലൈസൻസു നൽകുക.
17. പഞ്ചായത്ത് അതിർത്തിയിൽ നിക്ഷിപ്തമായ പാറമടകൾ മുഴുവൻ (പുറമ്പോക്ക്) റവന്യൂവിൽനിന്നും തിരികെ വാങ്ങി പഞ്ചായത്തിനെ ഏല്പിക്കുക.

ഖനനം

നമ്മുടെ പഞ്ചായത്തിലെ പമ്പാനദിയിൽനിന്നും മണൽ ലേലത്തിൽ പോയത് 7550/- രൂപയ്ക്കാണ്. ഇത്തവണ ലേലത്തുക അല്പം വർദ്ധിച്ചിട്ടുണ്ട്. യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് മണൽ വാരുകയാണ് ചെയ്യുന്നത്. എടുക്കുന്ന മണലിന്റെ അളിവിനു മേൽ പഞ്ചായത്തിനു യാതൊരുവിധ നിയന്ത്രണങ്ങളുമില്ല. മണൽ എടുക്കുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും ഇതിന്റെ അളവു നിയന്ത്രിക്കുക സാദ്ധ്യമല്ല. മണൽ വാരുന്നതിനുള്ള കുത്തകാവകാശം മണൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി, അവർക്കു കൊടുത്താൽ ഇതിനു നിയന്ത്രണം കൊണ്ടുവരുന്നതിനു സാധിക്കും. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുവാനും ഇതുകൊണ്ടു സാദ്ധ്യമാകും. നിയന്ത്രണ രഹിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും കഴിയും.

ബാങ്ക്, ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും, ഇതര ചെറുകിട സ്വകാര്യ ഫൈനാൻസിയേഴ്സും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 75-85% എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കണം. പഞ്ചായത്തുകൾക്കു വായ്പനൽകുന്നതിനുള്ള സാദ്ധ്യതകൾ പഞ്ചായത്ത് ആക്ടിൽ ഉണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തുകളോ അംഗീകരിക്കുന്ന പദ്ധതികൾക്കുവായ്പ കൊടുക്കു

വാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാക്കണം. 5 പോസ്റ്റൽ സേവിംഗ് ബാങ്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 8-ാം വാർഡിൽ പ്രവർത്തനം ആരംഭിച്ച പോസ്റ്റാഫീസ് കെട്ടിടത്തിന്റെ അഭാവത്താൽ ഇപ്പോൾ പെരുനാട് പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുല്പാദനപരമല്ലാത്ത രീതിയിലാണ്.

പൊതുമരാമത്തിനു 7.5%ഉം ഭരണച്ചെലവുകൾ 9% ഉം വിദ്യാഭ്യാസം 1.5% ഉം സാമൂഹ്യ ക്ഷേമത്തിന് 14% വീതവുമാണ് ഫണ്ട് ചെലവഴിച്ചത്. പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് പൊതുമരാമത്ത് വകയിൽ ചിലവഴിച്ചത്.

പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് ഗ്രാമീണ റോഡു സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്തുറോഡുകൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം റോഡുകൾക്കിരുവശവും താമസമുള്ളവരോ, വസ്തു ഉടമകളോ ഏറ്റെടുക്കണം. മഴക്കാലത്തിനു മുൻപു തന്നെ റോഡുകളുടെ ഓടകൾ കൃത്യമായി സന്നദ്ധ സംഘടനവഴി ഉണ്ടാക്കണം. വെള്ളം ഒലിച്ചുപോകുന്നതിനു ഓടകൾ ഇല്ലാത്തതു കാരണം, റോഡുകൾ തോടുകളായി മാറുന്നു.

ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അതു പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏല്പിക്കാവുന്നതാണ്. ഇപ്പോൾ ഉള്ളനിരക്ക് വർദ്ധിപ്പിക്കുകയും (ഒരു ഹെക്ടറിനു മുകളിൽ) ഭൂമിയുടെ തരം അനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്താവുന്നതുമാണ്. തരിശിട്ടിരിക്കുന്ന ഭൂമിയുടെ നികുതി ആറ് ഇരട്ടി വർദ്ധിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ തരിശിട്ടിരിക്കുന്ന ഭൂമികൾ കണ്ടെത്തി കൂട്ടുകൃഷി വ്യവസ്ഥയിൽ തൊഴിൽ രഹിതരെകൊണ്ട് കൃഷിചെയ്യിക്കുക, ഭൂനികുതികൾ പിരിച്ചെടുക്കുന്നതിന് നേരത്തെ കെട്ടിട നികുതിയുടെ കാര്യത്തിൽ നിർദ്ദേശിച്ച സമീപനം സ്വീകരിക്കുക, തുടങ്ങിയ കാര്യങ്ങളുംചെയ്യാവുന്നതാണ്. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ഥ സമയങ്ങളിലാവണം നികുതി പിരിയ്ക്കേണ്ടത്. ജനങ്ങൾക്കു ബുദ്ധിമുട്ട് പരമാവധി കുറക്കുവാൻ ഇതു സഹായകമാകും.

ഷോപ്പിംഗ് കോംപ്ലക്സ്

അത്തിക്കയത്തു നിർമ്മിച്ചിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക കൃത്യമായി പിരിച്ചെടുക്കുന്ന സമീപനം ഉണ്ടാകണം. റോഡുസൈഡുകളിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യം ഉണ്ടാക്കുവാനും കഴിയണം.

ഗ്രാമചന്തകൾ

അലിമുക്ക് (എട്ടാംവാർഡ്) കക്കുടുമൺ (ആറാംവാർഡിൽ) തോമ്പിക്കണ്ടം (ഒമ്പതാം വാർഡ്) എന്നീ സ്ഥലങ്ങളിൽ ഓരോ അന്തിചന്തകൾ ആരംഭിക്കാവുന്നതാണ്. ഇതുമൂലം ഗ്രാമീണ മേഖലകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉൾപ്പെടെയുള്ള കാർഷിക വിളകൾ വിറ്റഴിക്കുന്നതിനും കഴിയും. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകർക്കു അവരവരുടെ ഉല്പന്നങ്ങൾ വില്ക്കുവാനും വാങ്ങുവാനും കഴിയുന്നതാണ്.

കച്ചവട ലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസുഫീ സ്വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇത് ശരിയാംവണ്ണം പിരിച്ചെടുക്കുന്നില്ല. വാർഡുതോറും കച്ചവടക്കാരുടെ കണക്കുശേഖരിക്കുകയുംലൈസൻസു ഫീസു പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

നാഷണൽ സേവിങ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 15-25% വരെ അതതു പഞ്ചായത്തിനു കിട്ടുന്ന വ്യവസ്ഥ ഇപ്പോഴുണ്ട്. അതു കൊണ്ടു പഞ്ചായത്തുകളും ഗ്രാമസഭകളും ഇടപെട്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാൻ ഏജന്റ് മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കു സംഭാവന ചെയ്യാമെന്നുള്ള ഉറപ്പുനൽകിയിട്ടുണ്ട്. ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിനു തന്റെ അദ്ധ്വാനം മൂലം സംഭാവന നൽകുക എന്ന കാഴ്ചപ്പാടുതന്നെ മഹത്തായ ആശയമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സമാഹരിക്കുക എന്നത് ശ്രമകരമായ പ്രയത്നമാണ്. ബോധവത്കരണത്തിലൂടെ അർപ്പണ മനോഭാവമുള്ള യുവജനങ്ങളെ സംഘടിപ്പിച്ച് സാമൂഹിക നന്മകളിലേക്കു തിരിച്ചുവിട്ടുകൊണ്ടുവരണം. ശരിയായ നേതൃത്വം അനിവാര്യമാണ്. അപ്രകാരം പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിനു മുമ്പ് ഓടകൾ നിർമ്മിച്ചു മഴക്കാലത്തു റോഡു തോടാകാതെ സംരക്ഷിക്കുന്ന

തിനു കഴിയണം. റോഡിന്റെ ഇരുവശത്തും താമസിക്കുന്നവർ ശ്രദ്ധിച്ചാൽമതി ഈ കാര്യം നിർവ്വഹിക്കാം. പഞ്ചായത്തിന്റെ സഹായം വേണ്ട ഇടങ്ങളിൽ സ്വീകരിക്കുകയും ചെയ്യാം വാർഡുജനപ്രതിനിധികളേയും, ഗ്രാമസമിതികളേയും ആശ്രയിച്ചിരിക്കും ഇതിന്റെ വിജയം.

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു ഗ്രാമസഭകൾ കൂടി ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമത്തിൽ SSLC പാസ്സായവരും അതിനു മുകളിൽ യോഗ്യത ഉള്ളവരും ധാരാളം ഉണ്ട്. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരേയും വിനിയോഗിച്ചുകുട്ടികളെ പഠിപ്പിക്കണം. രക്ഷാകർത്താക്കളിലും ബോധവത്കരണം നടത്തേണ്ട കോളനികൾ ഈ പഞ്ചായത്തിലുള്ള കാര്യം വിസ്മരിക്കരുത്.

എല്ലാ ബഹുജന സംഘടനകൾക്കും വളരെ സ്വാധീനമുള്ള പഞ്ചായത്താണ് നമ്മളുടേത്. അതുകൊണ്ടുതന്നെ സംഘടകളുടെ ഇടപെടൽ മൂലം ഈ മേഖലകളിൽ വലിയ മാറ്റങ്ങൾ വരുത്തുവാനും അഴിമതി ഒരു പരിധിവരെ തടയുവാനും സാധിക്കും.

മുകളിൽ വിവരിച്ചത് മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കാവുന്ന ചില മേഖലകൾ മാത്രം. അറിയപ്പെടാത്ത തുക ഗ്രാമസഭ റിപ്പോർട്ടുകളിൽ വരാത്തതുമായ എത്രയോ വികസന കാഴ്ചപ്പാടുകൾ ഉണ്ട്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ, റോഡുണ്ടാക്കുന്നതിനും, കൃഷിവികസനം, മൃഗ സംരക്ഷണം, സാമൂഹ്യലക്ഷ്യപ്രവർത്തനങ്ങൾ, സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങിപലതിനും മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ട്.

പ്രകൃതി വിഭവങ്ങളും, മാനുഷിക വിഭവങ്ങളും ലഭ്യമായതോ ലഭ്യമാക്കാവുന്നതോ ആയ സാങ്കേതിക ജ്ഞാനവും കൂട്ടിച്ചേർത്തുകൊണ്ട് ഉല്പാദന മേഖലയിൽ പോകുന്ന അദ്ധ്വാനശേഷിയെ ഈ ഗ്രാമപ്രദേശങ്ങളുടെ സ്ഥായിയായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ തിരിച്ചുവിടാനാകും. ഇത്തരം ഒരു ജനകീയ വികസന അവബോധം വികസിപ്പിച്ചെടുക്കുവാൻ കഴിയണം. ഏതു പദ്ധതികളും വിജയിപ്പിക്കുന്നതിനു നിർദ്ദേശങ്ങൾ വന്നാൽ ഒട്ടും കാലതാമസമില്ലാതെ ആവശ്യമായ അനുമതികൾ നൽകുന്നതിനു പഞ്ചായത്തു കമ്മിറ്റി ശ്രദ്ധിക്കണം. നിർണ്ണായക മീറ്റിങ്ങുകളിൽ പഞ്ചായത്തു കൺവീനറന്മാരെ പങ്കെടുപ്പിക്കുന്നത് നല്ല തുടക്കംതന്നെ ആയിരിക്കും.

വരുമാനത്തിലെ വ്യതിയാനം പട്ടിക - 1

| | ഇനം | 1991-92 | 1995-96 | വ്യത്യാസം | % |
|---|---|---|---|---|---|
| 1 | തനതുവരുമാനം | 847747.55 | 921006.00 | 87058.45 | 10.3 |
| a | കെട്ടിട നികുതി | 108401.40 | 211715.90 | 103314.5 | 95 |
| b | വിനോദ നികുതി | 6085.15 | 7513.1 | 1427.95 | 23.5 |
| c | തൊഴിൽ നികുതി | 46649.00 | 54555.00 | 7906.00 | 17 |
| 2 | ഉപാധിരഹിത നികുതി | 309350.00 | 392000.00 | 82650.00 | 26.7 |
| | എസ്. സി. പി. SCP | 50800.00 | 100000.00 | 49200.00 | 96.9 |
| 3 | ജെ. ആർ. വൈ. JRY | 326462.00 | 218222.00 | 108240.00 | 33 |
| 4 | ഗ്രാന്റുകൾ, സംഭാവനകൾ | 224469.00 | 1354521.00 | 1130062.00 | 503 |
| 5 | ആകെ വരവ് | 1072216.55 | 2275527.00 | 1217110.40 | 113.5 |
| | ചെലവ് എസ്റ്റാബ്ലിഷ്മെൻറ് | 182487.00 | 207390.00 | 24903.00 | |

# 5.13
# ടൂറിസം



കേരള സംസ്ഥാനം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ രംഗങ്ങളിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ് എന്നുകരുതപ്പെടുന്നു. എങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ നാം പിൻതള്ളപ്പെടുന്നില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഐ. എ. എസ്., ഐ. പി. എസ്. തുടങ്ങിയ സിവിൽ പരീക്ഷകളിൽ നമ്മുടെ സംസ്ഥാനത്തു നിന്നുള്ള വിജയ ശതമാനം വളരെ കുറവാണ്.

വ്യാവസായികരംഗത്ത് കേരളത്തിന്റെ സ്ഥാനം എത്രയോ പരിതാപകരമാണ്. കേന്ദ്രസർക്കാരിന്റെ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾ ഇവിടെ വിരലിലെണ്ണാവുന്നതേയുള്ളൂ. കേന്ദ്ര അവഗണന ഊർജ്ജോല്പാദനരംഗത്തെ അപര്യാപ്തത, ശരിയായ നയങ്ങൾ ആവിഷ്കരിച്ച് കാലാകാലങ്ങളിൽ നടപ്പാക്കുന്നതിൽ സംസ്ഥാനസർക്കാരുടെ പരാജയം എന്നീ ഘടകങ്ങൾ കേരളത്തിന്റെ ഭാവിയിൽ ഇരുൾപരത്തി. കരകയറാൻ സാധിക്കാത്തവിധം മലയാളികൾ പട്ടിണിയിലേക്കും, ദാരിദ്ര്യത്തിലേക്കും പിൻതള്ളപ്പെടും എന്നുള്ളതിനു സംശയമില്ല. അഭ്യസ്തവിദ്യരും, സാങ്കേതിക പരിജ്ഞാനം ലഭിച്ചവരും, അർദ്ധസാങ്കേതിക വിദ്യ ലഭിച്ചവരും, കായികശേഷിയുള്ള തൊഴിലാളികളും, ജീവിക്കുവാൻവേണ്ടി ഗൾഫ് മേഖലയുൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ കുടിയേറി പണിചെയ്ത ഉണ്ടാക്കുന്ന വിദേശപ്പണമാണ് കേരളത്തിന്റെ സാമ്പത്തിക അടിത്തറയുടെ ഒരു മുഖ്യഘടകം. അതുപോലെ മലയോര പ്രദേശങ്ങളിൽ അദ്ധ്വാനശീലരായ കർഷകർ ഉല്പാദിപ്പിക്കുന്ന റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ കാർഷിക വിളകളിൽകൂടി ലഭിക്കുന്ന ആദായം നമ്മുടെ സമ്പദ്ഘടനയെ ഒരു പരിധിവരെ സ്ഥിരതയുള്ളതാക്കി മാറ്റുന്നു.

കൃഷിഭൂമിയുടെ അളവു വർദ്ധിപ്പിക്കുവാൻ ഇനിയും സാധ്യമല്ല. വർദ്ധിച്ച ജനസംഖ്യയും ജനസംഖ്യാനുപാതത്തിൽ ലഭ്യമായ പരിമിതമായ ഭൂസ്വത്തും, കാർഷിക മേഖലയിലെ വെല്ലുവിളിയായി അവശേഷിക്കുന്നു.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ വ്യാവസായിക മേഖലയിൽ ഒരു കുതിച്ചുകയറ്റം നടത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഊർജ്ജോല്പാദനരംഗത്ത് ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിക്കുന്ന സ്ഥിതി മാറിവരും എന്നുംപ്രതീക്ഷിക്കാം.

വ്യാവസായിക മേഖലയിലെ ഒരു സുപ്രധാന ഘടകമാണ് ടൂറിസം. ആഭ്യന്തരവും അന്തർദേശീയവുമായ വിനോദസഞ്ചാരമേഖല വൈവിദ്ധ്യമുള്ളതായി അനേകം യുവതീയുവാക്കൾക്ക് തൊഴിൽ സൗകര്യം സൃഷ്ടിച്ചാൽ കേരളത്തിൽ വികസനം ഒരളവുവരെ സാദ്ധ്യമാകും. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണവും ടൂറിസവും നാം കാണേണ്ടത്. ജനകീയാസൂത്രണത്തിൽ ത്രിതല പഞ്ചായത്തിലും, സംസ്ഥാനതലത്തിലും ടൂറിസവ്യവസായത്തെപ്പറ്റി ആലോചിച്ച് സാദ്ധ്യമായ എല്ലാ വിഭവശേഷികളും ഉപയോഗപ്പെടുത്തിയാൽ കേരളത്തിന് പുരോഗതിയുടെ പാതയിൽ അസൂയാർഹമായ നേട്ടം കൈവരിക്കാം എന്നതിൽ സംശയമില്ല.

കേരളത്തിൽ വിനോദസഞ്ചാരത്തിന് എന്നത്തേക്കാളും ഇന്ന് ശോഭനമായ ഭാവിയാണുള്ളത്. പ്രകൃതി രമണീയമായ മലയാളക്കര പ്രകൃതി കനിഞ്ഞനുഗ്രഹിച്ചനാടാണ്. ടൂറിസ്റ്റുകളുടെ പറുദീസയായ കാഷ്മീരും, ശ്രീലങ്കയും ഭീകരരുടെ ഭീഷണിമൂലം വിനോദസഞ്ചാരികൾക്കു അലോഹ്യമായിക്കഴിഞ്ഞു. മനോഹരമായ കടൽത്തീരങ്ങളും, കായലുകളും, പുഴകളും, ഇടതൂർന്ന ഉഷ്ണമേഖലാവനപ്രദേശങ്ങളും, കുന്നുകളും, കാടുകളും വിനോദ സഞ്ചാരികൾക്കു ഹരംതന്നെയാണ്.

നാറാണംമൂഴി പഞ്ചായത്തിൽ ടൂറിസം വികസനം ഒരു യാഥാർത്ഥ്യമാക്കുവാൻ സാധിക്കും. പത്തനംതിട്ട ജില്ലയിലെ ഏറ്റവും പ്രകൃതി രമണീയമായ ഒരു പ്രദേ

ശമാണ് നാറാണംമൂഴി പഞ്ചായത്ത്. ഇന്നു ഭാരതത്തിലെ തീർത്ഥാടകർക്കു പരിചിതമായ ഒരു പുണ്യഭൂമിയായി നാറാണംമൂഴി മാറിക്കഴിഞ്ഞു. നൂറ്റാണ്ടുകളായി തിരുവിതാംകൂറുകാർക്ക് സുപരിചിതമായ പെരുംതേനരുവി ഈ പഞ്ചായത്തിലെ ഒരു വിനോദസഞ്ചാരകേന്ദ്രമാണ്. ഗതാഗത സൗകര്യക്കുറവുകൊണ്ടും, അതിയായ ആസൂത്രണത്തിന്റെ അഭാവത്തിലും അവഗണിക്കപ്പെട്ട ഈ വിനോദസഞ്ചാരകേന്ദ്രം ഈ ജില്ലയിലെ വിലപ്പെട്ട നിധിയാണ്. അതുപോലെ ഹൈന്ദവഭക്തർ ഈശ്വരതുല്യമായി കരുതുന്ന പരിശുദ്ധമായ പമ്പ കലർപ്പില്ലാതെ ഒഴുകുന്നത് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടിയാണ്. പതിനായിരക്കണക്കിനു ശബരിമല തീർത്ഥാടകർക്ക് അത്തിക്കയവും വിസ്തൃതമായ പമ്പയുടെ ഇരുതീരവും ഒരു ഇടത്താവളമായി ഉപയോഗിക്കാമെന്നുള്ളത് ദേവസ്വം ബോർഡും, സർക്കാരും ബന്ധപ്പെട്ട മറ്റുള്ളവരും ഇതേവരെ ശ്രദ്ധിക്കാതിരുന്നത് ഇന്നും അത്ഭുതാവഹമാകുന്നു.

പെരുന്തേനരുവി ഒരു ടൂറിസ്റ്റുകേന്ദ്രമായി പ്രഖ്യാപിച്ച്, അതിന്റെ വികസനത്തിനാവശ്യമായതെല്ലാം ചെയ്യും എന്ന് മാറിമാറിവന്ന ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ പ്രഖ്യാപിച്ചിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. അടിയന്തിരമായി പെരുന്തേനരുവിയുടെ തേക്കേക്കരയിൽ ഒരു ടൂറിസ്റ്റുബംഗ്ലാവു പണിതു ഒരു വാച്ചറെ നിയമിക്കുക, പെരുംതേനരുവിവരെയുള്ള PWD റോഡ് ടാർചെയ്യുക, പെരുന്തേനവരുവിയുടെ തെക്കേകരയിൽ വിനോദസഞ്ചാരികൾക്ക് വിശ്രമിക്കാനും, പ്രകൃതി സൗന്ദര്യം ആസ്വദിക്കുവാനും തക്കവിധം സിമന്റുകസേരകൾ സ്ഥാപിക്കുക, അവിടെ ഒരു പാർക്ക് നിർമ്മിക്കുക, കടവിലേക്കു സ്റ്റെപ്പുകൾ കെട്ടുക, ഇവയാണു പരിഗണിക്കേണ്ടത്. കട്ടിക്കല്ലരുവി, നാവീണരുവി, പാലരുവി ഇവയും സന്ദർശിക്കത്തക്കവിധം അതാതുഭാഗത്ത് ആറ്റിലേക്കു വഴികൾ നിർമ്മിക്കണം. പത്തനംതിട്ട ജില്ലയിലെ ഏക നവോദയവിദ്യാലയം സമീപ പഞ്ചായത്തായ വെച്ചൂച്ചിറയിലാണ്. വെച്ചൂച്ചിറയിലേക്കു ഏറ്റവും കുറഞ്ഞ ദൂരം സഞ്ചരിച്ച് എത്തുവാൻ പുതിയ വെച്ചൂച്ചിറ - അത്തിക്കയം റോഡു തീർന്നുവരുന്നു. ശബരിമല കഴിഞ്ഞാൽ തിരുവാഭരണം ചാർത്തുന്ന ഏക ക്ഷേത്രം പെരുനാടു ശ്രീധർമ്മശാസ്താ ക്ഷേത്രമാണ്. സമീപ പഞ്ചായത്തായ പെരുനാട്ടിലുള്ള ഈ കോവിലിലേക്ക് തിരുവാഭരണം കണ്ടുതൊഴുവാൻവരുന്ന പതിനായിരക്കണക്കിനു തീർത്ഥാടകർ കടന്നുപോകുന്നത് നാറാണംമൂഴി പഞ്ചായത്തിലൂടെയാണ്. ഭാരതത്തിലെ ഒരു പ്രധാന ക്രൈസ്തവസഭയായ ഓർത്തഡോക്സ് സഭയിലെ രണ്ട് അന്തരിച്ച മെത്രാന്മാരുടെ കബറിടവും, സന്യാസികളുടെപരിശീലനകേന്ദ്രമായ ബഥനി ആശ്രമവും ഈ പഞ്ചായത്തിൽനിന്ന് 2 കി. മീ. മാത്രം ദൂരെയാണ്. രണ്ടു പ്രധാന ക്ഷേത്രങ്ങൾ, അനേകം ക്രിസ്തീയ ദേവാലയങ്ങൾ, ഗുരുമന്ദിരങ്ങൾ, മൂന്നു ഹൈസ്കൂളുകൾ, മഠങ്ങൾ എന്നീ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുവാൻ സാധ്യതയുള്ള ഒരു ഗ്രാമപഞ്ചായത്താണ്. ഇന്ത്യൻ റബ്ബർ ബോർഡിന്റെ ഗവേഷണ കേന്ദ്രം ഈ പഞ്ചായത്തിലെ ഒരു സുപ്രധാന സ്ഥാപനമാണ്. വനംവകുപ്പിന്റെ മേൽനോട്ടത്തിൽ കൃഷി ചെയ്തുവരുന്ന മാഞ്ചിയംതോട്ടങ്ങൾ, കുട്ടിവനങ്ങൾ ഇവ മനോഹരമായ കാഴ്ചകളാണ്.

പത്തനംതിട്ട ജില്ലയിൽ ഇത്രയും മനോഹരമവും പഠന വിധേയമാക്കേണ്ടതുമായ സ്ഥലങ്ങളില്ല ടൂറിസം വികസനത്തെപ്പറ്റിയും അതിനുള്ള സാധ്യതകളെപ്പറ്റിയും ചിന്തിക്കുമ്പോൾ ചില സുപ്രധാന വസ്തുതകൾ പരിഗണിക്കേണ്ടതാണ്. അതിനാൽ കേരളത്തിൽ നിന്നോ, പുറത്തുനിന്നോ വരുന്ന വിനോദസഞ്ചാരികൾക്കു ഒരു യാത്രയിൽ കക്കിഡാം, മൂഴിയാർ ജല വൈദ്യുത പദ്ധതി, എക്യുമിനിയ്ക്കൽ പ്രാധാന്യമുള്ളതും വിശുദ്ധതോമാസ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയം, ബഥനി ആശ്രമം, പെരുന്തേനരുവി പമ്പാനദിയിലെ മറ്റു പ്രധാന വെള്ളച്ചാട്ടങ്ങൾ, മനോഹരമായ വനപ്രദേശങ്ങൾ ഇവ കാണുന്നതിനും പഠിക്കുന്നതിനും, ആനന്ദിക്കുന്നതിനും സാധിക്കുമെന്നുള്ള വസ്തുത മാദ്ധ്യമങ്ങൾവഴി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ടൂറിസ്റ്റുകൾക്ക് താമസം, ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല പഞ്ചായത്തിനും, ടൂറിസം വകുപ്പിനും, സംസ്ഥാനസർക്കാരിനും ഉള്ളതാണ്. അത്തിക്കയത്ത് ചെലവ്കുറഞ്ഞതും, താമസസൗകര്യമുള്ളതുമായ ലോഡ്ജുകൾ, ഹോട്ടലുകൾ ഇവ തുടങ്ങുവാൻ സ്വകാര്യവ്യക്തികളെ പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഒരു മാപ്പ് പ്രസിദ്ധീകരിക്കണം. പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതികളിൽനിന്നുകൊണ്ട് കുളിക്കടവുകൾ, പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഇവയും സ്ഥാപിക്കണം. ടൂറിസ്റ്റുകളുടെ അറിവിനായി പ്രധാന സ്ഥലങ്ങളിലേക്ക് നാറാണംമൂഴി പഞ്ചായത്തിൽ നിന്നുള്ള ദൂരം കൂടി കാണിക്കട്ടെ

| | |
|---|---|
| അത്തിക്കയം - റാന്നി | : 8 K. M. |
| അത്തിക്കയം - ശബരിമല | : 50 " |
| അത്തിക്കയം - മൂഴിയാർ | : 40 " |
| അത്തിക്കയം - പത്തനംതിട്ട | : 28 " |

| | | |
|---|---|---|
| അത്തിക്കയം - കോട്ടയം | : | 70 " |
| അത്തിക്കയം - പന്തളം | : | 40 " |
| അത്തിക്കയം - പുനലൂർ | : | 55 " |
| അത്തിക്കയം - കോഴഞ്ചേരി | : | 20 " |
| അത്തിക്കയം - തിരുവല്ല | : | 35 " |
| അത്തിക്കയം - ചെങ്ങന്നൂർ | : | 34 " |
| അത്തിക്കയം - നിലയ്ക്കൽ | : | 25 " |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേക്കു ധാരാളം ബസ്സർവ്വീസുകൾ നിലവിലുണ്ട്.

കേരളത്തിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളെ അപേക്ഷിച്ച് ടൂറിസം വികസനത്തിൽ വളരെയധികം വികസന സാധ്യതയുള്ള ഒരു പഞ്ചായത്താണ് നാറാണംമൂഴി ഗ്രാമപഞ്ചായത്ത്. ഈ രംഗത്തു ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിച്ചാൽ ടൂറിസ്റ്റ് ഗൈഡുകളായി ധാരാളം യുവാക്കൾക്കു തൊഴിൽ സാധ്യതയുണ്ട്. താമസം, ഭക്ഷണം ഇവ ക്രമീകരിക്കുന്ന സ്ഥാപനങ്ങളിലും വളരെപേർക്കു തൊഴിൽ ലഭിക്കും. ടൂറിസം മേഖലയിലെ വളർച്ച ഈ പഞ്ചായത്തിന്റെ മുഖച്ഛായയ്ക്ക് ഒരു പുതിയ മാനം നല്കും എന്നതിൽ സംശയമില്ല.

ട്രാൻസെക്ടക് വാക്ക് ഗ്രൂപ്പ് എ



ട്രാൻസെക്ടക് വാക്ക് ഗ്രൂപ്പ് ബി



# 6. ഉപസംഹാരം

ലഭ്യമായ വിഭവങ്ങൾ പരമാവധി സമാഹരിക്കുകയും അവ കാര്യക്ഷമമായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് ആസൂത്രണത്തിന്റെ പൊരുൾ. കഴിഞ്ഞ ഏഴു പദ്ധതികളുടെ ഗുണദോഷ നിരൂപണങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. എട്ടാംപദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിട്ടില്ല. ആകെക്കൂടി നോക്കിയാൽ നഗരങ്ങൾ വളരുകയും ഗ്രാമങ്ങൾ കൂടുതൽ കൂടുതൽ തളരുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ്. ഗ്രാമീണ ജനത സന്ദർഭത്തിനൊത്ത് ഉയരാതെ ഈ ദുഃഖസ്ഥിതിക്ക് പരിഹാരമില്ല. അധികാരം ജനങ്ങൾക്ക് ലഭിച്ചിരിക്കുകയാണ്. അത് ശരിയായി വിനിയോഗിക്കുവാൻ നാം ശ്രദ്ധാലുക്കളാകണം.

വികസനത്തിന് പണവും വിഭവങ്ങളും ആവശ്യമാണ്. വിഭവങ്ങൾ പരിമിതവും ആവശ്യങ്ങൾ ഏറെയുമാണ്. നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിന് സർക്കാർ ഫണ്ടുകളെ മാത്രം ആശ്രയിച്ചാൽ കൈവരിക്കാൻ സാദ്ധ്യമല്ല. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടിവളർത്തി വികസനപ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം. ഫണ്ടു സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയണം. ഇതിന് സർക്കാരിതര ഏജൻസികളെയും പങ്കാളികളാക്കാം. പദ്ധതികൾ വസ്തുനിഷ്ഠവും നടത്തിപ്പ് സത്യസന്ധവുമാണെന്ന് ബോദ്ധ്യംവന്നാൽ ജനങ്ങളിൽനിന്നും മാനവശേഷി, സമ്പത്ത്, വിഭവം എന്നിവ നിർലോഭമായി ലഭിക്കും. ജാതി, മത, രാഷ്ട്രീയ ഭേദചിന്തകൾക്കതീതമായി ജനങ്ങൾ മുന്നിട്ടിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വികസനമെന്നാൽ റോഡും, പാലവും ജലവിതരണവും മാത്രമല്ല. സ്വയം പര്യാപ്തതയാണ് നമുക്കാവശ്യം. നാനാതുറകളിലും ഉത്പാദനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഉപഭോഗ സംസ്ഥാനം എന്ന സ്ഥിതി കേരളത്തിന് മാറ്റിയെടുക്കുവാൻ കഴിയുകയുള്ളൂ. നാട്ടിൽ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾ നിർന്നിമേഷരായി നോക്കിനിന്നാൽ പോരാ, സൃഷ്ടിപരമായ വിമർശനങ്ങളും പങ്കാളിത്തവുംകൊണ്ട് അവയെ വിജയിപ്പിക്കേണ്ട ചുമതല ഓരോ വ്യക്തിക്കുമുണ്ട്. പച്ചക്കറികൃഷി, ജലസംരക്ഷണം, മൃഗസംരക്ഷണം, ഊർജ്ജാസൂത്രണം, തുടങ്ങി അനേകം രംഗങ്ങളിൽ സ്വയം സംഘടിച്ച്, ആസൂത്രണപരിപാടികൾ നടപ്പാക്കി അവരവരുടെ പ്രദേശങ്ങളെ സമൃദ്ധമാക്കിയ പല ഗ്രാമപ്പഞ്ചായത്തുകളും കേരളത്തിലുണ്ട്. പാഴായിപ്പോകാമായിരുന്ന മനുഷ്യവിഭവശേഷി അങ്ങിനെ സമൂഹത്തിന് പ്രയോജനപ്പെട്ടു. നഗരത്തിലെ മുഴുവൻ വാർഡുകളിലും ജനകീയ കമ്മറ്റികൾ രൂപീകരിച്ച് നടപ്പാക്കിയ ''ക്ലീൻസിറ്റി'' പരിപാടി തിരുവനന്തപുരത്ത് വൻവിജയമായിരുന്നു. ''ഗ്രീൻസിറ്റി'' പരിപാടിയിൽകൂടി ഈ യജ്ഞം തുടർന്നുകൊണ്ടേയിരുന്നു.

ഒൻപതാം പദ്ധതിയുടെ അടങ്കൽതുകയുടെ നാല്പത് ശതമാനം വരുന്ന ഏകദേശം 5920 കോടി രൂപ ഗ്രാമപ്പഞ്ചായത്തുകൾവഴി, (ജനകീയാസൂത്രണ

കമ്മറ്റിയുടെ നിയന്ത്രണംവഴി) ചെലവഴിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജനകീയ കമ്മറ്റികൾ സജീവമാകയാൽ പദ്ധതിത്തുകയുടെ വിതരണം നീതിപൂർവ്വകമായിരിക്കും. വിഹിതത്തോടൊപ്പം ഇരുപത്തിയഞ്ചുശതമാനത്തിൽ കുറയാതെയുള്ള ജനകീയസംഭാവനകളും പ്രതീക്ഷിക്കുന്നു. ഇടത്തട്ടുസംവിധാനം, ഒരളവുവരെ ഒഴിവാക്കപ്പെടുമ്പോൾ അർഹമായ പ്രയോജനം ജനങ്ങൾക്കു ലഭിക്കും. കഴിഞ്ഞ പദ്ധതികളിൽക്കൂടി ഇന്നുവരെ ലഭിച്ച പ്രയോജനത്തിന്റെ ആകെ തുക കണക്കാക്കിയാൽ തത്തുല്യമായ പ്രയോജനം - ജനങ്ങൾ ഉണർന്നു പ്രവർത്തിച്ചാൽ - ഒൻപതാം പദ്ധതികൊണ്ടു മാത്രം നേടാൻ കഴിയും.

ഓരോ വോട്ടറും, ഗ്രാമസഭയുടെ അംഗമാണ്. ഒരു വർഷത്തിൽ രണ്ട് ഗ്രാമസഭകളെങ്കിലും [വാർഡുമെമ്പർ] വിളിച്ചു കൂട്ടിയിരിക്കണം. വിഭവലഭ്യതയുടെ പരിധിയിൽ നിന്നുകൊണ്ട്, മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പാക്കണം. പഞ്ചായത്തുതലത്തിലെ സീറ്റുകളിൽ മൂന്നിലൊന്ന് വനിതകൾക്കും, ജനസംഖ്യാനുപാതികമായി ഒരു ഭാഗം പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും, സംവരണം ചെയ്യപ്പെട്ടിരിക്കുകയാൽ എല്ലാവർക്കും വികസനപ്രക്രിയയിൽ പങ്കാളികളാകുവാൻ ബാദ്ധ്യതയുണ്ട്. അയൽക്കൂട്ടങ്ങളുടെയും, ഗ്രാമസഭകളുടെയും ജനകീയശക്തിയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ ഒരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്കു കഴിയും, കഴിയണം. വികസനത്തിലെ അനിശ്ചിതത്വം മാറ്റിയെടുക്കണം. ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും, എല്ലാവരും ഓരോരുത്തർക്കുവേണ്ടിയും എന്ന സഹകരണ തത്വത്തിൽ അടിയുറച്ചു വിശ്വസിച്ച് യത്നിക്കാം. വിജയം സുനിശ്ചിതം.

നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ പരിമിതികളെല്ലാം മാറ്റിയെടുക്കാൻ കഴിയുമെന്ന പ്രത്യാശയിൽ ഈ സമഗ്രവികസനരേഖ വികസന സെമിനാറിന് മുമ്പാകെ ചർച്ചയ്ക്കും പരിഷ്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ
**ഗ്രേസിതോമസ്**
(വൈസ് പ്രസിഡണ്ട്,
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്)





പെരുന്തേനരുവി